# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

Vol. 13/ Issue 09
September 2022



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 13** **സെപ്റ്റംബർ 2022** **ലക്കം 9**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|


മാനന്തവാടി രൂപതയുടെ
നിയുക്ത സഹായമെത്രാൻ
അലക്സ് താരാമംഗലം അച്ചന്
അഭിനന്ദനങ്ങൾ
മാനന്തവാടി രൂപതാ കുടുംബം




സീറോ മലബാർ സഭ
സാമൂഹിക സേവന പുരസ്കാര ജേതാവ്
ഫാ. ജോസഫ് ചിറ്റൂർ
(മാനന്തവാടി രൂപത)
രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ.................................................................... | 07 |
| രൂപതാ കച്ചേരി വാർത്തകൾ................................................ | 11 |
| പ്രശാന്തി ഫാമിലി കൗൺസലിംഗ്........................................ | 25 |
| മതബോധനരംഗം ...................................................................... | 28 |
| ചെറുപുഷ്പ മിഷൻലീഗ്....................................................... | 31 |
| Department of Youth Ministry ........................................ | 40 |
| കെ.സി.വൈ.എം.................................................................... | 45 |
| കുടുംബപ്രേഷിതത്വം............................................................ | 54 |
| സീയോൻ വാർത്ത................................................................ | 64 |
| സാമൂഹ്യ സേവനരംഗം (WSSS)........................................ | 66 |
| ബയോവിൻ അഗ്രോ റിസർച്ച്............................................... | 72 |
| റേഡിയോ മാറ്റൊലി ............................................................. | 76 |
| ജീസസ് ഫ്രട്ടേണിറ്റി.............................................................. | 79 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. | 80 |
| കത്തോലിക്കാ കോൺഗ്രസ്.................................................. | 83 |
| Mary Matha Arts & Science College.............................. | 87 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. | 90 |
| ബിഷപ്സ് പ്രോഗ്രാം .............................................................. | 97 |

# സർക്കുലർ

***Circular No.8 /2022***
***Prot. No. 26523 /2022***



## റവ. ഫാ. അലക്സ് താരാമംഗലം മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

നമ്മുടെ രൂപതയ്ക്കായി ഒരു സഹായ മെത്രാനെ സീറോ മലബാർ മെത്രാൻ സിനഡ് തെരഞ്ഞെടുത്ത് തന്നിരിക്കുന്നത് നിങ്ങൾ ഇതിനകം മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞ് കാണുമല്ലോ. ഈ വിവരം 2022 ഓഗസ്റ്റ് മാസം 25 ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ വച്ച് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പരസ്യപ്പെടുത്തി. അതേ സമയം തന്നെ വത്തിക്കാനിലും അറിയിപ്പുണ്ടായി.

മാനന്തവാടി രൂപതയുടെ മാതൃ രൂപതയായ തലശ്ശേരി അതിരൂപതയിലെ വൈദികനായ ബഹുമാനപ്പെട്ട അലക്സ് താരാമംഗലം അച്ചനാണ് സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. നിലവിൽ അദ്ദേഹം തലശ്ശേരി അതിരൂപതയിലെ മാടത്തിൽ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്യുകയാണ്. ഇപ്പോൾ അദ്ദേഹം വിദേശയാത്രയിലാണ്. അതിനാൽ തെരഞ്ഞെടുപ്പ് വിവരം അറിയിച്ച സമയത്ത് മൗണ്ട് സെന്റ് തോമസിൽ സന്നിഹിതനായിരുന്നില്ല. സെപ്റ്റംബർ മാസം 14 നെ അദ്ദേഹം തിരിച്ചെത്തുകയുള്ളു.

കേരളത്തിൽ തിരിച്ചെത്തി അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിനെയും തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനെയും മറ്റ് പിതാക്കന്മാരെയും, തന്റെ ഇടവകക്കാരെയും വീട്ടുകാരെയും സന്ദർശിച്ച ശേഷം സെപ്റ്റംബർ മൂന്നാമത്തെ ആഴ്ചയിലെ അദ്ദേഹം മാനന്തവാടി രൂപതാ കേന്ദ്രത്തിൽ എത്തുകയുള്ളു.

1958 ഏപ്രിൽ 20ന് താരാമംഗലം കുര്യാച്ചൻ - അന്നക്കുട്ടി ദമ്പതികളുടെ മൂന്ന് മക്കളിൽ രണ്ടാമനായി പാലാ രൂപതയിലെ മൂഴൂർ ഇടവകയിലാണ് അലക്സച്ചൻ ജനിച്ചത്. തലശ്ശേരി അതിരൂപതയിലെ പാത്തൻപാറ ഇടവകയിലാണ് കുടുംബം ഇപ്പോൾ താമസിക്കുന്നത്. ബഹുമാനപ്പെട്ട അലക്സച്ചന്റെ പിതാവ് 1995 ലും മാതാവ് 2010 ലും മരണമടഞ്ഞു. സഹോദരന്മാർ രണ്ട് പേരും പാത്തൻപാറ ഇടവകയിൽ കുടുംബ ജീവിതം നയിക്കുന്നു.

സ്കൂൾ പഠനത്തിന് ശേഷം ബഹുമാനപ്പെട്ട അലക്സച്ചൻ 1973 ൽ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിലെ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനത്തിന് ശേഷം 1983 ജനുവരി 1 ന് പാത്തൻപാറ ഇടവകയിൽ വച്ച് അന്നത്തെ തലശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ പിതാവിൽ നിന്ന് പുരോഹിത പട്ടം സ്വീകരിച്ചു.

ഏതാനും വർഷത്തെ അജപാലന ശുശ്രൂഷക്ക് ശേഷം 1986 മുതൽ 1992 വരെ റോമിൽ ഉപരിപഠനം നടത്തി അവിടെയുള്ള ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിൽ

ഡോക്ടറേറ്റ് നേടി. 1993 മുതൽ 1995 വരെ വടവാതൂർ, മംഗലപ്പുഴ സെമിനാരികളിൽ വിസിറ്റിംഗ് പ്രൊഫസർ ആയിരുന്നു. തുടർന്ന് വടവാതൂർ സെമിനാരിയിൽ സ്ഥിരം അധ്യാപകനായി. വടവാതൂർ തന്നെ 2005 മുതൽ 2010 വരെ വൈസ് റെക്ടറും 2010 മുതൽ 2015 വരെ റെക്ടറും ആയി പ്രവർത്തിച്ചു. 2016 മുതൽ 2022 മെയ് വരെ തലശ്ശേരി അതിരൂപതയുടെ പ്രോട്ടോ സിൻചെല്ലൂസ് ആയിരുന്നു. അതിന് ശേഷം മാടത്തിൽ ഇടവകയുടെ വികാരിയായി നിയമിക്കപ്പെട്ടു.

വളരെ വിസ്തൃതവും കേരള കർണ്ണാടക - തമിഴ്നാട് സംസ്ഥാനങ്ങളിൽ വ്യാപിച്ച് കിടന്നിരുന്നതുമായ മാനന്തവാടി രൂപത വിഭജിച്ച് കർണ്ണാടകയിൽ ഭദ്രാവതി, മണ്ഡ്യ എന്നീ രണ്ട് രൂപതകൾ നേരത്തെ തന്നെ സ്ഥാപിതമായി. അതിലൂടെ മാനന്തവാടി മെത്രാൻ എന്ന നിലയിൽ എന്റെ ജോലിഭാരം കുറഞ്ഞു എന്നത് വാസ്തവമാണ്. അതേ സമയം രൂപതാദ്ധ്യക്ഷന്റെ അടിയന്തിര ശ്രദ്ധയും സാന്നിദ്ധ്യവും ആവശ്യമുള്ള ജോലികളും സാഹചര്യങ്ങളും അനുദിനം വർദ്ധിച്ചുവരികയാണ്. അതുപോലെ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ആനുകാലിക സാഹചര്യങ്ങളും നമ്മൾ പുതിയതായി തുടങ്ങിക്കൊണ്ടിരിക്കുന്ന നൂതനങ്ങളായ പല പദ്ധതികളും അത്ര മെച്ചമല്ലാത്ത എന്റെ ആരോഗ്യസ്ഥിതിയും എല്ലാം പരിഗണിച്ചപ്പോൾ മേൽപ്പട്ട ശുശ്രൂഷ കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആകാൻ ഒരു സഹായമെത്രാൻ വരുന്നത് ഉപകാരപ്രദമായിരിക്കും എന്ന് ബോധ്യപ്പെട്ടതിനാലാണ് ആ വഴിയിൽ ആലോചന വന്നത്. പുതിയ സഹായമെത്രാന്റെ മേൽപ്പെട്ട ശുശ്രൂഷ നമ്മുടെ രൂപതയ്ക്ക് അനുഗ്രഹപ്രദമാകട്ടെ.

ബഹുമാനപ്പെട്ട അലക്സച്ചനോടും നമ്മുടെ രൂപതയിലെ കാനോനിക സമിതികളോടും ആലോചിച്ച ശേഷം അധികം താമസിയാതെ തന്നെ മെത്രാൻ പട്ടത്തിന്റെ വിശദവിവരങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്.

ഇത്തരുണത്തിൽ സീറോ മലബാർ മെത്രാൻ സിനഡിനെയും അഭിവന്യ മേജർ ആർച്ച് ബിഷപ്പിനെയും ബഹുമാനപ്പെട്ട അലക്സച്ചന്റെ തെരഞ്ഞെടുപ്പ് അംഗീകരിച്ച പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയെയും നന്ദിപൂർവം ഓർക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

തുടർന്ന് വരുന്ന ദിവസങ്ങളിൽ പ്രത്യേകമായി ബഹുമാനപ്പെട്ട അലക്സച്ചന് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. നമ്മുടെ രൂപതയിൽ അദ്ദേഹത്തിന്റെ മേൽപ്പട്ടശുശ്രൂഷ ഏറ്റവും ഫലപ്രദമാകാൻ ആയുസ്സും ആരോഗ്യവും കൊടുത്ത് ഈശോ അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2022 ഓഗസ്റ്റ് മാസം 25 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*ശ്രദ്ധിക്കുക: ഈ സർക്കുലർ 2022 ഓഗസ്റ്റ് മാസം 28 ന് ഞായറാഴ്ച വി. കുർബാന മദ്ധ്യേ പൊതുവായി വി. കുർബാനയർപ്പിക്കപ്പെടുന്ന എല്ലായിടത്തും വായിച്ച് കേൾപ്പിക്കേണ്ടതാണ്. അതുപോലെ കഴിയുന്നത്ര വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു.*

# രൂപതാകച്ചേരി വാർത്തകൾ

kvt\lkvacW

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2-ാം തിയതിയും, ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റെയും, ബഹു. മാത്യു ഇല്ലിക്കൽ അച്ചന്റെയും ചരമ വാർഷികം സെപ്റ്റംബർ 19-ാം തിയതിയും, ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 28-ാം തിയതിയുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 11 മുതൽ 16 വരെയും 18 മുതൽ 23 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധനദിനം**

സെപ്റ്റംബർ 18-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപതമുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളുംഅറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനേയും

അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**പാസ്റ്ററൽ കൗൺസിൽ**

പുതിയതായി രൂപീകരിച്ചുകൊണ്ടിരിക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ സമ്മേളനം സെപ്റ്റംബർ 10 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ആർക്കെങ്കിലും കിട്ടാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നു വന്നിരിക്കുന്ന ബഹു. ജോസഫ് നീലംതറ OFM Cap അച്ചനും (വടപുറം) ബഹു. ജോസഫ് കൊച്ചീലത്ത് OFM Cap. അച്ചനും (വടപുറം) ഹൃദ്യമായ സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും നേരുന്നു.

**നന്ദി**

മാനന്തവാടി രൂപതയിലെ വടപുറം ഇടവകയിൽ സ്തുത്യർഹമായ സേവനത്തിനു ശേഷം തിരിച്ചു പോകുന്ന ബഹു. ജോസ് തോമസ് കരിങ്ങടയിൽ OFM Cap.അച്ചന് രൂപതയുടെ നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ എല്ലാ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

## ജൂബിലി വാർത്തകൾ

### *1. ഭൂരഹിതർക്ക് ഭൂമിയുടെ ആധാര ദാനം*

സുവർണ്ണ ജൂബിലി വർഷത്തിൽ 23 ഭൂരഹിത കുടുംബങ്ങൾക്കായി ഭൂമി നൽകി മാനന്തവാടി രൂപത. കല്ലോടി സെന്റ് ജോർജ് ഫൊറോനപള്ളി പാരിഷ് ഹാളിൽ നടന്ന ചടങ്ങിൽ രൂപതാധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം സ്ഥലങ്ങളുടെ ആധാരങ്ങൾ വിതരണം ചെയ്തു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പ്രദീപ് മാസ്റ്റർ, കത്തീഡ്രൽ വികാരി ഫാ. സണ്ണി മഠത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിലായി ഭൂരഹിതരായി

കഴിഞ്ഞിരുന്ന 23 പേർക്കാണ് കല്ലോടിയിൽ രൂപതയുടെ സ്ഥലം ദാനം ചെയ്തത്. സുവർണ്ണ ജൂബിലി വർഷത്തിൽ ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത രൂപതാ എന്ന ലക്ഷ്യം കൈവരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഭൂമി ദാനം ചെയ്തത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 50 കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകിയാണ് രൂപതാ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്തത്. 1973 മെയ് ഒന്നിന് ആരംഭം കുറിച്ച മാനന്തവാടി രൂപതയിൽ 13 ഫൊറോനകളിലായി 160 ഇടവകകളും 36000 കുടുംബങ്ങളും ഉണ്ട്. 50 വർഷങ്ങളിൽ മലയോര കുടിയേറ്റ മേഖലയിലെ കർഷർക്ക് അവരുടെ ഭൗതിക വളർച്ചയിൽ രൂപത നൽകിയ സംഭാവനകൾ മികവുറ്റതാണ്. യോഗത്തിന് സുവർണ്ണജൂബിലി ആഘോഷകമ്മിറ്റി കൺവീനർ ഫാ. ബിജു മാവറ നന്ദി പ്രകാശിപ്പിച്ചു.

**2. ബൈബിൾ മാരത്തോൺ**

42 ആഴ്ച്ചകൾ കൊണ്ട് ബൈബിൾ മുഴുവനും വായിച്ചു തീർക്കുന്ന ബൈബിൾ മാരത്തോൺ നടന്നു കൊണ്ടിരിക്കുന്നു. സമ്പൂർണ്ണ ബൈബിൾ പാരായണത്തിനായി ഒരു ടേബിൾ, ജൂബിലി പ്രാർത്ഥനയുടെ പിറകിലായി കൊടുത്തിട്ടുണ്ട്. ഇടവകകളിലെ എല്ലാവരും ബൈബിൾ പാരായണം നടത്തുവാനും ക്വിസ് മത്സരത്തിൽ പങ്കെടുക്കുവാനും വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ.

**3. അഖണ്ഡ ജപമാല**

സെപ്റ്റംബർ 8 മുതൽ 21 വരെ ബത്തേരി ഫൊറോനയിലും, സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 3 വരെ മുള്ളൻകൊല്ലി ഫൊറോനയിലും അഖണ്ഡ ജപമാല നടക്കുന്നു.

**4. അഖണ്ഡ ആരാധന**

സെപ്റ്റംബർ മാസത്തിൽ സി.എം.സി സന്യാസസമൂഹങ്ങളാണ് ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നത്.

**5. ബൈബിൾ കൺവെൻഷൻ**

ജൂബിലി വർഷത്തോടനുബന്ധിച്ചു ബഹുമാനപ്പെട്ട ഡൊമിനിക് വാളാന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടത്തുന്ന ബൈബിൾ കൺവെൻഷൻ 2023 ഫെബ്രുവരി 22 മുതൽ 26 വരെ ദ്വാരകയിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞു 3.30 വരെയാണ് കൺവെൻഷൻ സമയം. ആ ദിവസ

ങ്ങളിലെ മറ്റ് പ്രോഗ്രാമുകൾ നേരത്തെ ക്രമീകരിച്ചു എല്ലാവരെയും കൺവെൻഷന് പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഇടവകകളിൽ വികാരിയച്ചന്മാർ ചെയ്യുമല്ലോ. കൺവൻഷനുവേണ്ടി നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.

**6. തിരുസ്വരൂപ പ്രയാണം**

സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട മാതാവിന്റെ തിരുസ്വരൂപ പ്രയാണം ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നതായിരിക്കും. ചുങ്കക്കുന്ന് ഫൊറോനയിൽ വെച്ചാണ് ഔദ്യോഗികമായി ആരംഭിക്കുന്നത്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 11-ാംതിയതി ഞായറാഴ്ച വൈകുന്നേരം മുതൽ 16-ാം തീയതി വെള്ളിയാഴ്ച വരെയും, സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച മുതൽ 23-ാം തിയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ആദ്യ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് അദിലാബാദ് രൂപതാ മെത്രാൻ അഭിവന്ദ്യ ആന്റണി പ്രിൻസ് പാണേങ്ങാടൻ പിതാവും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് ധ്യാനഗുരുവും കപ്പൂച്ചിൻ സഭാംഗവുമായ ബഹു. ജോൺസ് പുൽപ്പറമ്പിൽ OFM Cap. അച്ചനുമാണ്. മറ്റു ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ:

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാനമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ് അവസാനിക്കുന്നത്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2021 സെപ്റ്റംബർ മുതൽ 2022 ഓഗസ്റ്റ്

31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണ മെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബ ന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 നു മുമ്പായി എവിടെ യെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർ ബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## Ist BATCH - 2022 SEPTEMBER 11 SUNDAY TO 16 FRIDAY

| SN Rev. Frs. Housename & Name | SN Rev. Frs. Housename & Name |
|---|---|
| 1 Aikkarathazhath Joseph | 30 Kocharackal Jose |
| 2 Alumkal Joseph | 31 Kochuparackal Kurian |
| 3 Alukka Geroge | 32 Kollamkunnel Varghes |
| 4 Ambalathinkal Sebastian | 33 Kollarthottam Mathew |
| 5 Chackalackal Joseph | 34 Kottayil Joseph |
| 6 Chakkiath Xavier | 35 Kottaram Jose |
| 7 Chakkittakudiyil James | 36 Kudakkachira Joseph |
| 8 Chelackapallil Thomas | 37 Kulirany Jose |
| 9 Chirackathottathil Augustine | 38 Kunnath Johny |
| 10 Chittoor Joseph | 39 Kunnath Joseph |
| 11 Chozhenparambil John | 40 Kuttimakkal James |
| 12 Edachilath Joseph | 41 Kuzhikandathil Joseph |
| 13 Edayakondattu Paul | 42 Madapallikunnel Antony |
| 14 Elamkunnapuzha Joseph | 43 Madapallikunnel Mathew |
| 15 Elemkunnel Sebastian | 44 Maplassery Babu |
| 16 Kachirayil Thomas | 45 Madathil Abraham |
| 17 Kakkattikalayil Sebastian | 46 Mampallil Anto |
| 18 Kalappurackal Mathew | 47 Manakkunnel Thomas |
| 19 Kalapurayil Jose | 48 Mankottil James |
| 20 Kaliyaniyil Kuriakose | 49 Mannoor Thomas |
| 21 Kallupura Johny | 50 Mavara Stanislaus |
| 22 Kappiarumalayil John | 51 Mattam Gervasis |
| 23 Karamayil Issac | 52 Mecheril Joseph |
| 24 Karippukattil Francis | 53 Moloparambil Jose |
| 25 Kassamkuttiyil Sebastian | 54 Moolayil Thomas |
| 26 Karukapally Joseph | 55 Moonnanal Justin |
| 27 Kattamkottil Joseph | 56 Moothedath Thomas |
| 28 Kavumkal Joseph | 57 Mulakodiyankal Sebastian |
| 29 Kizhakkanputhupally John | 58 Mulakodiyankal Varghese |

| | |
|---|---|
| 59 Mundolickal Paul | 83 Poothakkuzhy Jacob |
| 60 Munjanattu Mathew | 84 Poovathinkal Peter |
| 61 Muthirakalayil Joseph | 85 Pudussery Martin |
| 62 Myladoor George | 86 Pulikkunnel Devasia |
| 63 Mulavelikunnel Jacob | 87 Pullamkunel Joy |
| 64 Nanthikatt Joseph | 88 Pulpayil Joseph |
| 65 Nechikatt Joseph | 89 Punnakkapadavil Sebastian |
| 66 Nedumkallel Joseph | 90 Puthenparambil James |
| 67 Nilackappillil Augustine | 91 Puthenpurayil Manuel |
| 68 Olickal Thomas | 92 Puthukulathil John |
| 69 Ottaplackal Thomas | 93 Thanniyil Augustine |
| 70 Padinjarayil George | 94 Thayil Jose |
| 71 Painunkal Kuriakose | 95 Thekkanady Jose |
| 72 Pakkanikuzhy Sebastian | 96 Thekkilakattil Jose |
| 73 Palakkattu Antony | 97 Thenpally Nishwin |
| 74 Palathadathil George | 98 Thevarkunnel Don Bosco |
| 75 Parambil Kuriakose | 99 Thondiparambil Peter |
| 76 Parunthanolil Thomas | 100 Thuruthel Kuriakose |
| 77 Paruvummel Joseph | 101 Vadayaparambil Jose |
| 78 Peechattu Joseph | 102 Vathelil Abraham |
| 79 Perumattikunnel John | 103 Vazhachalil Thomas |
| 80 Perumattikunnel Mathew | 104 Vazhakatt Joseph |
| 81 Plassanal Thomas | 105 Vazhappilly Paul |
| 82 Ponparackal John | 106 Valakodiyil Dominic |

**II[nd] BATCH - 2022 SEPTEMBER 18 SUNDAY TO 23 FRIDAY**

| SN. Rev. Frs. Housename & Name | SN. Rev. Frs. Housename & Name |
|---|---|
| 1 Alackathadathil James | 6 Chavaranal Thomas |
| 2 Ambalathara Francis | 7 Chempalayil Augustine |
| 3 Arumayil George | 8 Chettiyassery Joseph |
| 4 Athickal Mathew | 9 Chirayilparambil Thomas |
| 5 Chakkittukudiyil Jose | 10 Chittarackal Varghese |

| | |
|---|---|
| 11 Choorapuzhayil John | 43 Mampallil George |
| 12 Edakkudy Mathew | 44 Meppurath Chacko |
| 13 Elavanappara Sebastian | 45 Moothedath Mathew |
| 14 Elavunkal Johny | 46 Mukkattukavunkal Thomas |
| 15 Elayidathu Mani | 47 Mundackamattam Jose |
| 16 Iykkarakanayil Thomas | 48 Muthukathaniyil Varghese |
| 17 Kakkonal Manoj | 49 Muthukattil Shantidas |
| 18 Kalambukattu Joseph | 50 Nakkuzhikkattil Mathew |
| 19 Kalappurackal Abraham | 51 Nellickal Abraham |
| 20 Kalapurayil Vincent | 52 Nellikunel Francis |
| 21 Kanippallil Varghese | 53 Oravaranthara Vincent |
| 22 Kappiarumalayil Jose | 54 Ousepparampil Joseph |
| 23 Karuthedath Mathew | 55 Padinjarayil Mathew |
| 24 Kassamkuttiyil Sebastian | 56 Painumkal George |
| 25 Kattamkottil Thomas | 57 Palakatt Augustine |
| 26 Kattath Thomas | 58 Palath Joseph |
| 27 Kavalakkadan Varghese | 59 Pallichankudiyil Mathai |
| 28 Keezheth Sebastian | 60 Parackal Varghese |
| 29 Kizhakkanputhupally Varghese | 61 Parayil Sebastian (Sebi) |
| 30 Kizhakkumpuram George | 62 Periappuram Mathew |
| 31 Kochuparackal Mathew | 63 Pezhakkattil Francis |
| 32 Koipuram Sebastian | 64 Pinakkatt Joseph |
| 33 Koottala Paul | 65 Poikayil Joseph |
| 34 Korandiyarkunnel Paul | 66 Ponthottiyil Thomas |
| 35 Kottackal Stephen | 67 Pulinthanam Jose |
| 36 Kulathinal James | 68 Punakkatt Chandy |
| 37 Kumbalakkuzhy Mathew | 69 Punchayil Lucka |
| 38 Kunnath Kuriakose | 70 Puthen Sebastian |
| 39 Kunnathett James | 71 Puthanpurayil Joseph |
| 40 Kuthukallunkal Francis | 72 Puthenpurackal Mathew |
| 41 Madathil Sebastian | 73 Puthukattil Mathew |
| 42 Malayil Mathew | 74 Puthukulangara Thomas |

| | |
|---|---|
| 75 Thattuparambil Varghese | 85 Urumbil Joseph |
| 76 Thamarasseril Vincent | 86 Vadakkel Emmanuel |
| 77 Thekkepera Mathew | 87 Vadakkemulanjanal Michael |
| 78 Thekkethil Abraham | 88 Vadassery Thomas |
| 79 Therakam George | 89 Vadayaparambil Sony |
| 80 Therakam Thomas Joseph | 90 Valayathil Joseph |
| 81 Thondiparambil Sebastian | 91 Valloppilly Joseph |
| 82 Thuruthel Thomas | 92 Vattukunnel Issac |
| 83 Thykunnumpuram Thomas | 93 Vazhakkala Chackochan |
| 84 Unnippally Sebastian | 94 Vazhayil Kurian |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Jojo Kudakkachira the Director of Pastoral Centre. His Mobile No. 8589826522

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# Members of the Newly Formed Presbyteral Council 2022

| | |
|---|---|
| President | : **Mar. Jose Porunnedom** |
| Vice President | : Very Rev. Fr. Paul Mundolickal |
| Secretary | : Fr Anoop Kaliyaniyil |

## Ex-Officio Members

| | |
|---|---|
| Syncellus | : Rev. Fr. Thomas Manakunnel |
| Chancellor | : Rev. Fr. Anoop Kaliyaniyil |
| Office Secretary | : Rev. Fr. Francis Pezhakkattil |
| Procurator | : Rev. Fr. John Ponparackal |
| PRO | : Rev. Fr. Jose Kocharackal |
| Rector, Minor Seminary | : Rev. Fr. Joseph Nedumkallel |
| Director, Pastoral Centre | : Rev. Fr. Joseph Kudakkachira |
| Director, WSSS | : Rev. Fr. Paul Koottala |
| Director, Biowin | : Rev. Fr. John Choorapuzhayil |
| Cathedral Vicar | : Rev. Fr. Abraham Madathil |
| Corporate Manager | : Rev. Fr. Joseph Elamkunnapuzha |
| Director, Catechism | : Rev. Fr. Thomas Kachirayil |
| Judicial Vicar | : Rev. Fr. Mathew Madapallikunnel |
| Asst.Manager, Mary Matha College | : Rev. Fr. Thomas Chelackapallil |

## Elected Members

Rev. Fr. Therakam Thomas Joseph
Rev. Fr. Puthenparambil James
Rev. Fr. Vazhayil Kurian
Rev. Fr. Kunnath Kuriakose
Rev. Fr. Puthen Sebastian
Rev. Fr. Alukka George
Rev. Fr. VazhakkalaChacko
Rev. Fr. Meppurath Chacko
Rev. Fr. Mampallil Anto

Rev. Fr. Periappuram Mathew
Rev. Fr. Valakodiyil Dominic
Rev. Fr. Puthukulangara Thomas
Rev. Fr. Elemkunnel Sebastian
Rev. Fr. Vazhakatt Joseph
Rev. Fr. Chettiyassery Joseph
Rev. Fr. Moolayil Thomas
Rev. Fr. Mathew Padinjarayil
Rev. Fr. Thondiparambil Sebastian
Rev. Fr. Kalambukattu Joseph
Rev. Fr. Kavalakkadan Varghese
Rev. Fr. Chirackathottathil Augustine
Rev. Fr. Thattuparambil Varghese
Rev. Fr. Kanipallil Varghese
Rev. Fr. Thekkilakkattil Jose

## Forane Representatives

| | |
|---|---|
| Rev. Fr. Oravaranthara Vincent | (Chungakunnu) |
| Rev. Fr. Mavara Stanislaus | (Kallody) |
| Rev. Fr. Muthukathaniyil Varghese | (Kalpetta) |
| Rev. Fr. Moonnanal Justin | (Mananthavady) |
| Rev. Fr. Kottayil Joseph | (Manimooly) |
| Rev. Fr. Thekkanady Jose | (Mullenkolly) |
| Rev. Fr. Padinjarayil George | (Nadavayal) |
| Rev. Fr. Thuruthel Thomas | (Nilambur) |
| Rev. Fr. Unnippally Sebastian | (Payyampally) |
| Rev. Fr. Paruvummel Joseph | (S. Bathery) |
| Rev. Fr. Moloparambil Jose | (Thariode) |
| Rev. Fr. Edakkudiyil Mathew | (Nilgiris) |
| Rev. Fr. Nellikunnel Francis | (Dwaraka) |

**Members from Religious Priests working the diocese**

1. Rev. Fr. Linson Chenginiyath CST
2. Rev. Fr. John Panamthottam CMI

**പ്രസ്ബിറ്ററൽ കൗൺസിൽ 2022**

പുതിയതായി രൂപീകരിച്ച പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യയോഗം 10/ 08 /2022 ന് ബിഷപ്സ് ഹൗസ്സിൽ വെച്ച് ചേരുകയുണ്ടായി. സിഞ്ചെല്ലൂസ് റവ. ഫാ. തോമസ് മണക്കുന്നേൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ രൂപതയുടെ സുവർണ്ണ ജൂബിലിയും സഭാനവീകരണ വർഷവും മറ്റ് ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളും പരാമർശിച്ചുകൊണ്ട് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്നു വൈദിക സമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. 55 പേരാണ് പുതിയതായി രൂപീകരിച്ച പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തത്. തുടർന്ന് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ആമുഖ പ്രഭാഷണം നടത്തി. ഫരീദാബാദ് രൂപതയിൽ നമ്മുടെ രൂപതയ്ക്ക് ലഭിച്ചിരിക്കുന്ന 2 മിഷൻ സ്റ്റേഷനുകളെപ്പറ്റിയും അവിടെയുള്ള പ്രവർത്തനങ്ങളെപ്പറ്റിയും വിശദീകരിച്ചു. മാറി വരുന്ന വിദ്യാഭ്യാസ നയങ്ങളേപ്പറ്റിയും വിദ്യാഭ്യാസമേഖലകളിലെ മാറ്റങ്ങളെപ്പറ്റിയും സൂചിപ്പിച്ചതോടൊപ്പം ഓൺലൈൻ ദീപിക പത്രപ്രസിദ്ധീകരണം ഇനി മുതൽ രൂപത ഏറ്റെടുക്കാൻ ഒരുങ്ങുകയാണെന്നും പിതാവ് അറിയിച്ചു.

തുടർന്ന് പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയായി രൂപതാ ചാൻസലർ അനൂപ് കാളിയാനിയിൽ അച്ചനേയും, അജണ്ട കമ്മിറ്റി അംഗങ്ങളായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ കൂടാതെ റവ. ഫാ. തോമസ് കച്ചിറയിൽ, റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ, റവ. ഫാ. തോമസ് ജോസഫ് തേരകം എന്നിവരെയും രൂപതാ പാസ്റ്ററൽ കൗൺസിലേക്ക് റവ. ഫാ. ജോർജ് ആലുക്ക, റവ. ഫാ. കുര്യൻ വാഴയിൽ, റവ. ഫാ. സജി കോട്ടായിൽ, റവ. ഫാ. കുര്യാക്കോസ് കുന്നത്ത്, റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ എന്നിവരെയും തിരഞ്ഞെടുത്തു.

**ചർച്ചകളും തീരുമാനങ്ങളും**

രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജോൺ പൊൻപാറയ്ക്കൽ രൂപതയുടെ പൊതുവായ സാമ്പത്തിക കാര്യങ്ങളെപ്പറ്റി സംസാരിച്ചു. ഇപ്പോഴുള്ള സാമ്പത്തിക ബാധ്യതകൾ പരിഹരിക്കാൻ എറണാകുളത്തു വാഴക്കാലയിൽ ഉള്ള രൂപതയുടെ സ്ഥലം വിറ്റ്

കടം വീട്ടാനും തുടർന്ന് സാമ്പത്തിക വരുമാനത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാനും തീരുമാനിച്ചു.

രൂപതയുടെ സുവർണ്ണ ജൂബിലിയുമായ് ബന്ധപ്പെട്ട കാര്യങ്ങൾ ജൂബിലി കൺവീനർ ബഹു. ബിജു മാവറ അച്ചൻ സംസാരിച്ചു. രൂപത മുഴുവനിലുമായി നടക്കുന്ന പരി. അമ്മയുടെ തിരുസ്വരൂപ പ്രയാണം ഒക്ടോബർ മാസം 1 നു ആരംഭിക്കുമെന്നും, ജൂബിലിയോടനുബന്ധിച്ചുള്ള ഉപവി പ്രവർത്തനങ്ങളുടെ ഭാഗമായി 50 ഭവനങ്ങൾ പുതിയതായി നിർമ്മിച്ചു നൽകിയെന്നും തുടർന്ന് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികളെപ്പറ്റിയും വിവിധ തരം സംഗമങ്ങൾ നടക്കാനിരിക്കുന്നതിനെപ്പറ്റിയും സൂചിപ്പിക്കുകയും ചെയ്തു.

രൂപതയുടെ സ്ഥാപനമായ ന്യൂമാൻസ് കോളേജിൽ ഒന്നാം വർഷത്തിലേക്ക് വളരെ കുറച്ച് കുട്ടികൾ മാത്രമാണ് അഡ്മിഷൻ എടുത്തിട്ടുള്ളുവെന്നും ഇപ്പോൾ ആകെ 300 കുട്ടികൾ മാത്രമാണ് കോളേജിൽ ഉള്ളതെന്നും പ്രിൻസിപ്പാൾ റവ. ഫാ. ജസ്റ്റിൻ മൂന്നനാൽ അറിയിച്ചു. ഈ സാഹചര്യത്തിൽ മുന്നോട്ട് കോളേജിന്റെ പ്രവർത്തനങ്ങൾ സുഖമാവില്ലെന്നും ആയതിനാൽ ഷോർട് ടേം കോഴ്സുകൾ/ ബാങ്കിങ് കോച്ചിങ്ങുകൾ / മെഡിക്കൽ ഫീൽഡുമായി ബന്ധപ്പെട്ട കോഴ്സുകൾ എന്നിവ നടത്താൻ കോളേജിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ് നല്ലതെന്ന് യോഗം അഭിപ്രായപ്പെട്ടു.

ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചും കുടുംബങ്ങളുടെ കെട്ടുറപ്പും സമുദായത്തിന്റെ സുസ്ഥിതിയും ലക്ഷ്യം വെച്ചും ജീവിച്ചിരിക്കുന്ന നമ്മുടെ മാതാപിതാക്കളുടെ സുരക്ഷക്കുള്ള ഒരു ക്ഷേമ പദ്ധതി DUTY TO PARENTS (D2P) SCHEME രൂപതയിൽ നടപ്പിലാക്കാൻ വേണ്ട പരിശ്രമങ്ങൾ ഉണ്ടാവണമെന്ന് റവ. ഫാ. തോമസ് ജോസഫ് തേരകം അഭിപ്രായപ്പെട്ടു. ഓരോ ഇടവകയിലും സാഹചര്യമനുസരിച്ച് വികാരിയച്ചന്മാർ ഇത് നടപ്പിലാക്കാൻ പ്രോത്സാഹനം നൽകണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ജൂബിലി വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട ബൈബിൾ കൺവെൻഷൻ 2023 ഫെബ്രുവരി 22 മുതൽ 26 വരെ ദ്വാരകയിൽവെച്ച് നടക്കുമെന്നറിയിച്ചു. കൺവെൻഷന്റെ ഒരു ദിവസം എല്ലാ വൈദികരും ഒരുമിച്ചു വി. ബലി അർപ്പിക്കാൻ അവസരമുണ്ടാകണമെന്ന്

യോഗം അഭിപ്രായപ്പെട്ടു. നിലമ്പൂർ മണിമൂളി മേഖലയിലും മറ്റേതെങ്കിലും തീയതികളിൽ ഒരു ബൈബിൾ കൺവെൻഷൻ നടത്താൻ തീരുമാനിച്ചു.

മനസമ്മതത്തിനു ശേഷം 3 വിളിച്ചുചൊല്ലുന്ന കാര്യത്തിലും വിളിച്ചുചൊല്ലുന്നതിനു ഒഴിവു മേടിച്ചതിനുശേഷം മനസമ്മതവും വിവാഹവും തമ്മിൽ 5 ദിവസത്തെ ഇടവേള വേണമെന്നതും ഉള്ള നിയമത്തിൽ പുനർവിചിന്തനം നടത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിനു സെക്രട്ടറി ഫാ. അനൂപ് കാളിയാനിയിൽ നന്ദി പറയുകയും ഉച്ചയ്ക്ക് ഒരു മണിയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# അറിയിപ്പ്

## പ്രശാന്തി ഫാമിലി കൗൺസലിംഗ് സെന്റർ, പച്ചിലക്കാട്

2015 ൽ ഈശോസഭ കേരള പ്രൊവിൻസിന്റെ നേതൃത്വത്തിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ നിർദ്ദേശത്തോടെ സ്ഥാപിതമായ ഈ കൗൺസലിംഗ് സെന്ററിന് നാളിതുവരെ നൽകിയ സഹായ സഹകരണങ്ങൾക്ക് നിങ്ങൾ എല്ലാവർക്കും ഹൃദയപൂർവ്വകമായ നന്ദി. മാനസിക പിരിമുറുക്കം അനുഭവിക്കുന്ന എല്ലാ പ്രായവിഭാഗങ്ങളിലും, തൊഴിലുകളിലും വിശ്വാസങ്ങളിലും ഉള്ള നൂറുകണക്കിന് വ്യക്തികൾക്കും, ദമ്പതികൾക്കും, കുടുംബങ്ങൾക്കും മാനസികസൗഖ്യം ഉറപ്പുവരുത്താനും, മാനസികാരോഗ്യം പരിപോഷിപ്പിക്കാനും ദൈവകരങ്ങളിലെ ഉപകരണങ്ങളായി നാടിന് സേവനം ചെയ്യാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

ഈ വർഷം ഏപ്രിൽ 1 ന് മാനന്തവാടി രൂപതയുടെ അഭിവന്ദ്യ പിതാവ് ആശിർവ്വാദകർമ്മം നടത്തി ഉദ്ഘാടനം ചെയ്ത ഈ സ്ഥാപനം മാനസികാരോഗ്യ ശുശ്രൂഷയ്ക്ക് കൂടുതൽ സജ്ജമായി വിപുലീകരിച്ചിരിക്കുകയാണെന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു. മാനന്തവാടി രൂപതയുടെ പ്രത്യേക സഹകരണത്തോടെ മനഃശാസ്ത്രജ്ഞരും മാനസികാരോഗ്യപ്രവർത്തകരും സൈക്കോതെറപ്പിസ്റ്റുകളായ അഞ്ചു കൗൺസിലർമാരുടെ സേവനം ഇവിടെ ഇനി മുതൽ ലഭ്യമായിരിക്കും.

**സേവനങ്ങൾ**

*കുട്ടികൾക്കും മുതിർന്നവർക്കുമുള്ള മനഃശാസ്ത്ര കൗൺസലിംഗ്/തെറാപ്പികൾ

* ദമ്പതികൾക്കുള്ള കൗൺസലിംഗും തെറാപ്പികളും
* നവ ദമ്പതികൾക്കായി Psychological Need Assessments and Skills Training

* Psychological Counselling Parenting
* കുടുംബങ്ങൾക്കുള്ള ഗ്രൂപ്പ് കൗൺസലിംഗും, മനഃശാസ്ത്ര മധ്യസ്ഥതയും അനുരജ്ജനവും
* ജീവിത സംതൃപ്തി ആർജിക്കാനും ആഴപ്പെടാനുമുള്ള വ്യക്തിപരമായ ഗൈഡൻസ്
* വ്യക്തിത്വ വികസന കോച്ചിംഗ് സെഷനുകൾ
* മനഃശാസ്ത്ര ടെസ്റ്റുകൾ
* മാനസികാരോഗ്യപരിപോഷണ പദ്ധതികൾ/ശിൽപശാലകൾ
* മദ്യപാനരോഗത്തിൽ നിന്നും മുക്തിനേടാനുള്ള സമഗ്രസമീപനങ്ങൾ
* മാനസികാരോഗ്യ ഗവേഷണങ്ങൾ
* ഇന്റേൺഷിപ്പ് സൗകര്യങ്ങൾ
* മാനസികാരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ
* ജീവിത നൈപുണ്യ പരിശീലന സംരംഭങ്ങൾ

**സമയം**

ഞായറാഴ്ച ഒഴികെ എല്ലാദിവസവും 10 pm മുതൽ 5 pm വരെ. ഞായർ അടക്കം, ഒറ്റയ്ക്കോ, ദമ്പതികളായോ, കുടുംബമായോ, ഇവിടെ താമസിച്ച് കൗൺസലിംഗും തെറാപ്പിയും സ്വീകരിയ്ക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും.

**ടീം പ്രശാന്തി**

Fr. Wilson Joseph Mulackal SJ, MA Psy, PGDFC, Fr. Sebastian Varghese Puthen, Ph.D, Counselling Psychology, Psy. Blessy Gil George M.A. Appl. Psychology, Mr. Haridas T. K, MSW, Counselling, Mrs. Shanthamma C. Mathew, MSW, Counselling.


**അഡ്രസ്സ്**

Prasanthi Family Counselling Centre
Pachilakkad, Kaniyambetta, 673124
Wayanad (Dt) Kerala, India

ഫോൺ : 9447856755, 9447546392
ഇമെയിൽ : prasanthifeewayanad @gmail.com
വെബ്സൈറ്റ് : www.prasanthifcc. com

**ലൊക്കേഷൻ**

മാനന്തവാടി – കോഴിക്കോട് റോഡിൽ പച്ചിലക്കാടു നിന്നും 200 മീറ്റർ അകലെ മീനങ്ങാടി റോഡിൽ ഇടതുവശത്തുള്ള രണ്ടാമത്തെ ഗേറ്റ്.




എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചു കൊണ്ട്,

**ഫാ. വിൽസൺ മുളയ്ക്കൽ എസ്.ജെ**

ഡയറക്ടർ

# മതബോധനരംഗം

**മതബോധന ഞായർ: സെപ്റ്റംബർ 18**

2022 സെപ്റ്റംബർ 18ന് നാം മതബോധന ഞായർ ആചരിക്കുകയാണല്ലോ. എല്ലാവർക്കും ഈ നല്ല ദിവസത്തിന്റെ മംഗളങ്ങൾ നേരുന്നു. പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ സ്നേഹത്തിന്റെ സന്തോഷം (Amoris Laetitia) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ, സാംസ്കാരികവും, സാമൂഹികവും, വിശ്വാസപരവുമായ വെല്ലുവിളികൾ നിരന്തരം നേരിടുന്ന കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നുണ്ട്.

ഒരു കുടുംബവും അതിന്റെ പരിപൂർണമായ രൂപത്തിൽ സ്വർഗത്തിൽനിന്ന് അടർന്നുവീഴുന്നതല്ല. സ്നേഹിക്കുവാനുള്ള കഴിവിൽ കുടുംബങ്ങൾ നിരന്തരം വളരുകയും പക്വത പ്രാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (No.325). കുടുംബം സാമൂഹികജീവിതത്തിന്റെ പ്രാഥമിക കോശമാണെന്ന് മതബോധനഗ്രന്ഥവും (CCC 2207), കുടുംബം ഗാർഹിക സഭയെന്നും (LG 11), ഉൽകൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നും (GS 52) രണ്ടാം വത്തിക്കാൻ കൗൺസിലും വിശേഷിപ്പിക്കുന്നുണ്ട്.

വിശ്വാസം സ്വീകരിക്കാനും, പരിശീലിക്കാനും വിശ്വാസാനുസൃതമായ ജീവിതം കരുപിടിപ്പിക്കാനും കുട്ടികൾക്കും മുതിർന്നവർക്കും കുടുംബങ്ങളിൽ അവസരമുണ്ടാകണം. ആരാധന ക്രമാനുഷ്ഠാനങ്ങളിലൂടെ സഭാമക്കളായ വിശ്വാസികൾ കൗദാശിക ജീവിതം കരുപ്പിടിപ്പിക്കുന്നു. വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ നമ്മുടെ കുട്ടികൾ ഈശോയെ അനുഭവിച്ചറിയുകയും, അവിടുത്തെ പ്രഘോഷിക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. നമ്മുടെ വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകരുടെ ജീവിതമാതൃകയും, അനുഭവസമ്പത്തും സഭയുടെ ശക്തിയാണ്. ഇടവകകളിലും, ഫൊറോനകളിലും നേതൃത്വം നൽകുന്ന ബഹു. അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും അധ്യാപകരെയും രൂപതാ ടീമംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

ഈശോയെ അറിയാനുള്ള ആഗ്രഹത്താൽ വിശ്വാസപരിശീലന ക്ലാസുകളിലേക്ക് കടന്നുവന്നിട്ടുള്ള എല്ലാ മക്കളെയും സ്മരിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അർദ്ധവാർഷിക പരീക്ഷ**

ഈ വർഷത്തെ അർദ്ധ വാർഷിക പരീക്ഷ 06/11/2022നായിരിക്കും. പരീക്ഷയെകുറിച്ചുള്ള വിശദവിവരങ്ങൾ അടുത്ത മാസത്തിലെ ബുള്ളറ്റിനിൽ നൽകുന്നതാണ്.

## DCT (HDC) Contact Class

ആഗസ്റ്റ് 13 ശനിയാഴ്ച 2019 – 21 ബാച്ചിന്റെ ക്ലാസ്സ് പാസ്റ്ററൽ സെന്ററിൽവച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടത്തപ്പെട്ടു. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിനും, ബെന്നി വട്ടക്കാമുളയിൽ സാറിനും പങ്കെടുത്തവർക്കും നന്ദി.

പ്രിയപ്പെട്ടവരെ, DCT (HDC) യുടെ 2019 ബാച്ചിന്റെ മൂന്നും, നാലും കോൺടാക്ട് ക്ലാസുകളും 2020 ബാച്ചിന്റെ രണ്ടാമത്തെ കോൺടാക്ട് ക്ലാസും സെപ്റ്റംബർ 21 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 2020 ബാച്ചിന്റെ രണ്ടാമത്തെ കോൺടാക്ട് ക്ലാസ് സെപ്റ്റംബർ 10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചും നടക്കുന്നതായിരിക്കും.

**മേഖലാ മതാധ്യാപക കൺവെൻഷൻ**

ജൂലൈ 31 ന് ഞായറാഴ്ച മണിമൂളി, മുള്ളൻകൊല്ലി, തരിയോട് ഫൊറോനകളിൽ മതാധ്യാപക കൺവെൻഷനുകൾ നടത്തപ്പെട്ടു.

**മണിമൂളി:** മണിമൂളി മേഖല മതാധ്യാപക സംഗമം ജൂലൈ 31 ന് മേഖലാ ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിലിന്റെ കാർമ്മികത്വത്തിൽ മണിമൂളി ക്രിസ്തുരാജ ഫൊറോന ദേവായത്തിൽ വി. കുർബ്ബാനയോടു കൂടി 9.30 ന് ആരംഭിച്ചു.

തുടർന്ന് മണിമൂളി ക്രിസ്തുരാജ പാരീഷ് ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ റവ. ഫാ. നോബിൾ തോമസ്സ് പാറയ്ക്കൽ ക്ലാസ്സുകൾ നയിച്ചു. 155 അധ്യാപകർ പങ്കെടുത്തു.

**മുള്ളൻകൊല്ലി:** മുള്ളൻകൊല്ലി ഇടവകയിൽവച്ച് വി. കുർബാനയോടെ ആരംഭിച്ച കൺവെൻഷൻ രൂപതാ മതബോധന കേന്ദ്രം

ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ജോസ് തേക്കനാടി അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോസ് കൊട്ടാരം സ്വാഗതം ആശംസിച്ചു. പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ വിഭാഗത്തിലെ, ജനറൽ എഡ്യൂക്കേഷൻ അസി. പ്രൊഫസർ ഡോ. അലക്സ് ജോർജ് കൺവെൻഷന് നേതൃത്വം നൽകി. 12 ഇടവകകളിൽ നിന്നായി 180 അധ്യാപകർ പങ്കെടുത്തു. മേഖലാ സെക്രട്ടറി ജോൺസൺ കുളിരിയേൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.

**തരിയോട്:** കാവുമന്ദം ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് അധ്യാപകരുടെ കുമ്പസാരത്തോടെ കൺവെൻഷൻ ആരംഭിച്ചു. ബഹു. തോമസ് തൈക്കുന്നുംപുറം അച്ചൻ പേപ്പൽ പതാക ഉയർത്തി. രൂപതാഗാനം ആലപിച്ചതിനുശേഷം ബൈബിൾ പ്രതിഷ്ഠ നടത്തി. 40 വർഷമായി മതാധ്യാപകരായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 2 അധ്യാപകർ ചേർന്ന് തിരി തെളിച്ചു. മേഖലാ സെക്രട്ടറി ശ്രീ. വിൻസെന്റ് പാറയിൽ സ്വാഗതമാശംസിച്ചു. മേഖലാ ഡയറക്ടർ *ആരായിരിക്കണം ഒരധ്യാപകൻ* എന്ന വിഷയത്തേക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് വി. കുർബാനയും, ആരാധനയും, അനുഗ്രഹ പ്രാർത്ഥനയുമുണ്ടായിരുന്നു. 10 ഇടവകകളിൽനിന്ന് 129 പേർ പങ്കെടുത്തു. മേഖലാ സെക്രട്ടറിയുടെ നന്ദിപ്രകാശനത്തോടെ കൺവെൻഷൻ സമാപിച്ചു.

കൺവെൻഷന് നേതൃത്വം നൽകിയ ബഹു. ഫൊറോനാ വികാരിമാർക്കും, ബഹു. ഫൊറോനാ ഡയറക്ടർമാർക്കും സെക്രട്ടറിമാർക്കും, ബഹു. അച്ചന്മാർക്കും സഹകരിച്ച എല്ലാ അധ്യാപകർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

''മറിയം എന്നും നമ്മെ ക്രിസ്തുവിലേക്ക് നയിക്കുന്ന പാത യാണ്. അവളുമായുള്ള ഓരോ കണ്ടുമുട്ടലും ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽ കലാശിക്കും'' (പോപ്പ് പോൾ ആറാമൻ). പരി ശുദ്ധ അമ്മയുടെ ഓരോ തിരുനാൾ ആഘോഷിക്കുമ്പോഴും അമ്മയുടെ മാധ്യസ്ഥം അപേക്ഷിക്കുമ്പോഴും നാം ഈശോയുടെ വഴിയിൽ സഞ്ചരിക്കുന്നവരായി മാറുകയാണ്. ഈശോ പരിശുദ്ധ അമ്മയുടെ കരം പിടിച്ച്, അമ്മയിൽ നിന്ന് പഠിച്ച്, പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി ജീവിച്ചതുപോലെ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളായ നാം ഓരോരുത്തർക്കും അമ്മയോ ടൊപ്പം ഈശോയിലേക്ക് കൂടുതൽ അടുക്കാൻ സാധിക്കണം. പരിശുദ്ധ അമ്മയുടെ പിറവി തിരുനാൾ ആഘോഷങ്ങൾ ഈശോ നമുക്കായി ഒരുക്കിയിരിക്കുന്ന വഴികൾ തിരിച്ചറിയാനും അവന്റെ വഴിയിൽ യാത്ര ചെയ്യാനും നമ്മെ സഹായിക്കട്ടെ.

**ഒമ്പതാം മാസത്തിൽ ഒമ്പതിന പരിപാടികൾ**

1. എട്ടു നോമ്പ് ആചരണത്തിൽ നമുക്ക് പങ്കുചേരാം. പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരു ദേവാലയം സന്ദർശി ക്കാനും പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ കൂടുതൽ വളരാനും നമുക്ക് പരിശ്രമിക്കാം.

2. വി. മദർ തെരേസയുടെ തിരുന്നാളിനോടനുബന്ധിച്ച് ഒരു അഗതിമന്ദിര സന്ദർശനം ഇടവക തലത്തിൽ ക്രമീകരിക്കാം.

3. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോട് അനുബന്ധിച്ച് കുരിശിന്റെ മഹത്വം പ്രഘോഷിക്കുന്ന പരിപാടികൾ ക്രമീകരിക്കുമല്ലോ.

4. മിഷൻ ലീഗിന്റെ സ്ഥാപകനായ ജോസഫ് മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണം നടത്തുകയും അന്നേദിവസം നമ്മുടെ എല്ലാ ഡയറക്ടർ അച്ചന്മാരെയും ആദരിക്കുകയും ചെയ്യണേ.

5. സെപ്റ്റംബർ 30 വി. കൊച്ചുത്രേസ്യായുടെ 125-ാം ചരമവാർഷികം: ഇടവകയിൽ സമുചിതമായി ആഘോഷിക്കുമല്ലോ

6. നമ്മുടെ രൂപതയിലെ എല്ലാ വൈദികരുടെയും വാർഷിക

ധ്യാനത്തിന്റെ അവസരം ആണല്ലോ. എല്ലാ വൈദികരെയും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം

7. ഈ മാസം നടക്കുന്ന മിഷൻ ലീഗിന്റെ വിവിധതല മത്സരങ്ങൾ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും അവസരങ്ങൾ ആക്കി നമുക്ക് മാറ്റാം.

8. കേരളത്തിന്റെ ഉത്സവമായ ഓണം നമ്മുടെ മലയാളത്തനിമയും സംസ്കാരവും പ്രകടിപ്പിക്കുന്ന ആഘോഷമാക്കി നമുക്ക് മാറ്റാം.

9. മിഷൻ മാസാചരണത്തിനുള്ള ഒരുക്കങ്ങളും പദ്ധതികളും തയ്യാറാക്കുക.

എല്ലാവർക്കും പരി.അമ്മയുടെ ജനനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

മിഷൻ പ്രയർ ബാങ്ക് : പഞ്ചാബ് മിഷൻ

**പ്രതിഷേധ റാലിയും ധർണ്ണയും**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളെ ഉൾകൊള്ളിച്ചുകൊണ്ട് ബഫർസോൺ പ്രഖ്യാപനത്തിനെതിരെ നടത്തിയ പ്രതിഷേധ റാലിയിലും ധർണ്ണയിലും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിലും വിവിധ ശാഖകളുടെ നേതൃത്വത്തിലും സജീവ സാന്നിധ്യം നൽകി ശക്തമായ പ്രതിഷേധം അറിയിച്ചു.

**മേഖലാ ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് മീറ്റ്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ വിവിധ മേഖലകളിൽ നിറസാന്നിധ്യമാകുന്ന മേഖലാ ഡയറക്ടേഴ്സിന്റെയും, ജോ. ഡയറക്ടേഴ്സിന്റെയും സംയുക്ത സമ്മേളനം ജൂൺ 30 വ്യാഴാഴ്ച വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. 13 മേഖലകളിൽ നിന്നുമുള്ള മേഖല ഡയറക്ടേഴ്സും ജോ. ഡയറക്ടേഴ്സും മീറ്റിംഗിൽ പങ്കെടുത്തു.

**പ്രേഷിത ഭേരി**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന 'പ്രേഷിത ഭേരി' എന്ന ന്യൂസ് ബുള്ളറ്റിൻ ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചൻ പ്രകാശനം ചെയ്തു. രൂപതയിലെ എല്ലാ

ഭവനങ്ങളിലും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളും സന്ദേശങ്ങളും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ പുറത്തിറക്കിയ പ്രേഷിത ഭേരി യുടെ 35000 കോപ്പികൾ വിതരണം ചെയ്യാൻ സാധിച്ചു.

**അഭിനന്ദനങ്ങൾ**

**ADONI ALEI- 22** എന്ന പേരിൽ ദുക്റാന തിരുനാളിനോടനു ബന്ധിച്ചു നടത്തിയ ക്വിസ് മത്സരത്തിൽ, എ വിഭാഗത്തിൽ ഡെൽന എബി ചെറുവിള പുത്തൻവീട് (പാലാങ്കര), മരിറ്റ സന്തോഷ് കുള മാക്കൽ (തലഞ്ഞി), ഐസിലിൻ തെരേസ് പള്ളിപ്പാട്ട് (ചാരിറ്റി) എന്നിവരും, ബി വിഭാഗത്തിൽ എമിൽ ഷാജു ശൗര്യാംതടത്തിൽ (മുള്ളൻകൊല്ലി), ആൻമരിയ ബിജു എറമ്പത്ത് (തൃശ്ശിലേരി), ജീന പോൾ മൂലശ്ശേരി (വിളമ്പുകണ്ടം) എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

സംസ്ഥാന സമിതി എല്ലാ വർഷവും നൽകാറുള്ള കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് ഈ വർഷം മാനന്തവാടി രൂപതയിൽനിന്നും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗം കുമാരി നിമിത മൂലനിരപ്പേൽ അർഹയായി. നിമിതയ്ക്ക് അഭിനന്ദനങ്ങൾ.

**ഛായാചിത്ര പ്രയാണം**

ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സമാപനത്തോട നുബന്ധിച്ച് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഛായാചിത്ര പ്രയാണത്തിന് മാനന്തവാടി രൂപതയിൽ ഉജ്ജ്വല സ്വീക രണം നൽകി. വാദ്യമേളങ്ങളുടെ അകമ്പടിയോടും ചുങ്കക്കുന്നു മേഖല അണിയിച്ചൊരുക്കിയ വൈവിധ്യമാർന്ന ദൃശ്യ വിസ്മയങ്ങ ളോടും കൂടി കേളകം ശാഖയിൽ ഛായാചിത്രം സ്വീകരിച്ചതോ ടുകൂടി മാനന്തവാടി രൂപതയിൽ ഛായ ചിത്ര പ്രയാണത്തിന് തുടക്കം കുറിച്ചു. തുടർന്ന് കണിയാരം, കൽപ്പറ്റ, നടവയൽ, ബത്തേരി, കയ്യൂന്നി, മണിമൂളി, നിലമ്പൂർ എന്നീ കേന്ദ്രങ്ങളിൽ ഒന്നു മുതൽ ആറു വരെയുള്ള തീയതികളിൽ ഉജ്ജ്വല സ്വീകരണം നൽകിയ ശേഷം ഏഴാം തീയതി താമരശ്ശേരി രൂപതയ്ക്ക് കൈമാറി. ഛായാ ചിത്ര പ്രയാണം ഏറ്റവും മനോഹരമാക്കി തീർക്കാൻ വേണ്ട ക്രമീ കരണങ്ങൾ നടത്തിയ എല്ലാവർക്കും നന്ദി.

## AMAZE

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി ആഘോ

ഷത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് ഒരുക്കുന്ന പ്രോഗ്രാമാണ് AMAZE. രൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി സ്റ്റാറ്റസ് വീഡിയോ ആയി ഓരോ ദിവസവും ഓരോ ഇടവകയെ ഈ പരിപാടിയിലൂടെ പരിചയപ്പെടുത്തുന്നു. ഈ പ്രേഗ്രാം മനോഹരമായി കൊണ്ടുപോകുവാൻ സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആഗസ്റ്റ് 11 ന് കുഞ്ഞേട്ടൻ അനുസ്മരണദിനമായി കൊണ്ടാടി. കുഞ്ഞേട്ടൻ കാണിച്ചുതന്ന ജീവിത മാതൃക ഏവർക്കു മാതൃകയും പ്രചോദനവുമാകട്ടെ. അന്നേദിനം രൂപതയുടെ വിവിധ തലങ്ങളിൽ സംഘടനയ്ക്കു നേതൃത്വം നൽകുന്ന എല്ലാ അല്മായനേതൃത്വങ്ങളെയും അനുസ്മരിക്കുകയും അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.

**കുഞ്ഞേട്ടൻ തീർത്ഥാടനം**

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടും, സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ 13-ാം ചരമവാർഷികത്തോടും അനുബന്ധിച്ച് പാല- ചെമ്മലമറ്റം - 12 ശ്ലീഹന്മാരുടെ ദേവാലയം തീർത്ഥാടന കേന്ദ്രമായി അഭിവന്ദ്യ പാലാ രൂപതാദ്ധ്യക്ഷൻ മാർ. ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രഖ്യാപിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ എക്സിക്യൂട്ടീവിൽ നിന്നും പതിനഞ്ചോളം അംഗങ്ങൾ ഈ ധന്യ നിമിഷത്തിന് സാക്ഷ്യം വഹിച്ചു.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി യുടെ പിതാവിന്റെ (ശ്രീ. ചെറിയാൻ മൂലംകുന്നത്ത് (താളിപ്പാടം)) നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

## Daily Bible Star

മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ കുട്ടികളെ വിശുദ്ധ ഗ്രന്ഥം വായിക്കാൻ പ്രോത്സാഹിപ്പിക്കാനും ബൈബിൾ വായനാശീലം വളർത്തിയെടുക്കാനും ആയി ഓഗസ്റ്റ് 15 മുതൽ 2023 ഏപ്രിൽ 30

വരെ ബൈബിൾ പുതിയ നിയമം മുഴുവൻ വായിച്ചു തീർക്കാൻ ആരംഭിച്ചിരിക്കുന്ന പ്രോഗ്രാമാണ് Daily Bible Star. ശരിയുത്തരം അയക്കുന്നതിൽ നിന്നും നറുക്കിട്ട് എടുത്ത് വിജയിയെ അനുദിനം പ്രഖ്യാപിക്കുന്നു.

**ശാഖാ വാർത്തകൾ**

**നരിവാലമുണ്ട:** ദുക്റാന തിരുനാളിൽ പാലേമാട് സെന്റ് തോമസ് ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി. അമ്മമാർ തയ്യാറാക്കിയ പൊതിച്ചോർ മിഷൻ ലീഗ് അംഗങ്ങൾ ശേഖരിച്ച് ചോക്കാട് ശാന്തിസദനിലെ അന്തേവാസികൾക്ക് നൽകി. സി. എ പരീക്ഷയിൽ വിജയിച്ച സി. എം. എൽ അംഗം അജിൻ വേലിക്കകത്തിനെ ആദരിച്ചു. സാഹിത്യ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. മുതിർന്ന ദമ്പതികളെ സന്ദർശിച്ചു.

**വാളേരി:** വി. തോമാശ്ലീഹയുടെ തിരുനാളിനോടുബന്ധിച്ച് സെന്റ് തോമസ് ക്വിസ് നടത്തി.

**ശാന്തിഗിരി:** ബഫർ സോൺ പ്രതിഷേധ റാലി നടത്തി.ലഹരി വിരുദ്ധ ദിനത്തിൽ ക്വിസ്സ് മത്സരം നടത്തി. സൺഡേ സ്റ്റാർ, വചന സ്റ്റാർ എന്നിവ നടത്തിവരുന്നു. എസ്.എസ്.എൽ.സി, +2 വിജയികളെ ആദരിച്ചു. അൽഫോൻസാ തിരുനാളിൽ പ്രസംഗ മത്സരം, അൽഫോൻസ ക്വിസ് എന്നിവ നടത്തി. പ്രാർത്ഥനാ ദിനം ആചരിച്ചു. സെമിനാർ നടത്തി.

**അമ്പായത്തോട്:** ജപമാല സൈന്യം രൂപീകരിച്ചു. വിശുദ്ധ മരിയ ഗോരേത്തി അനുസ്മരണം, വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വിശുദ്ധ അന്ന ജോവാക്കിം തിരുനാൾ, വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവയും ആചരിച്ചു. ഡയറക്ടർ റവ. ഫാ. കുര്യൻ വാഴയിലിന്റെ നാമഹേതുക തിരുനാളും, ജോ. ഡയറക്ടേഴ്സ് ദിനവും സമുചിതമായ ആചരിച്ചു.

**കല്ലുമുക്ക്:** എസ്.എസ്.എൽ.സി വിജയികൾക്ക് മെമെന്റോ നൽകി ആദരിച്ചു. കുട്ടികൾക്കും യുവജനങ്ങൾക്കുമായി ഏക ദിന ധ്യാനം നടത്തി. ഫാ. നിധീഷ് തലച്ചിറ നേതൃത്വം നൽകി.

**മാനന്തവാടി:** ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കൊളാഷ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. എന്റെ മനസിലെ അൽഫോൻസാമ്മ എന്ന വിഷയത്തിൽ ചിത്രരചന മത്സരം സംഘടിപ്പിച്ചു.

**റിപ്പൺ:** ജൂലൈ 1-ാം തീയതി ഭാരവാഹികൾ ഡോക്ടർമാരെ അദരിച്ചു. ഗ്രാൻഡ് പേരെന്റ്സ് ഡേ ആഘോഷിച്ചു. അൽഫോൻസാ ദിനം വളരെ ഭംഗിയായി ആഘോഷിച്ചു. രോഗികൾക്കുവേണ്ടി പ്രത്യേക പ്രാത്ഥനയും ഫണ്ടും പിരിവും നടത്തി.

**മഞ്ഞൂറ:** ശാഖാ ഭാരവാഹികൾ അരിഞ്ചേർമല സെന്റ്, തോമസ് ദേവാലയം സന്ദർശിച്ച് നൊവേന ചൊല്ലി പ്രാർത്ഥിച്ചു. അൾത്താര സംഘം കുട്ടികൾക്ക് ഓൺലൈൻ മീറ്റിംഗ് നടത്തി. അന്ന - യോവാക്കീം ദമ്പതികളുടെ ദിനത്തിൽ വൃദ്ധരായ മാതാപിതാക്കൾക്ക് ആശംസകളർപ്പിച്ചു. കുട്ടികൾക്ക് സെമിനാർ നടത്തി.

**കേളകം:** തോമാശ്ലീഹായുടെ 1950 ചരമവാർഷികത്തോടനുബന്ധിച്ച് ക്വിസ് പ്രോഗ്രാം നടത്തി. സാഹിത്യ പരിശീലന പരിപാടി സംഘടിപ്പിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ കോളയാട് അൽഫോൻസാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് 75-ാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന ഛായാചിത്ര പ്രയാണത്തിന് ഊഷ്മളമായ സ്വീകരണം നൽകി.

**പുതിയിടംകുന്ന്:** 2021-22 വർഷത്തിൽ പഠനത്തിൽ മികച്ചവർക്ക് സമ്മാനങ്ങൾ നൽകി. സൺഡേ സ്റ്റാറുകൾ നടത്തി.

കൊട്ടിയൂർ: കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ എയ്ഞ്ചൽ മീറ്റ് സംഘടിപ്പിച്ചു. വി. കുർബാനയും, കുമ്പസാരവും ഉണ്ടായിരുന്നു. സി. ലിസ എസ്.കെ.ഡി ക്ലാസ് നയിച്ചു.

**ചുണ്ടക്കര:** ജൂലൈയ് 1 ഡോക്ടേഴ്സ് ഡേ ആയി ആചരിച്ചു. ഇടവകയിലെ ഡോ. അൻവിൻ സെബാസ്റ്റ്യനെ ആദരിച്ചു. റ്റിബിനച്ചൻ പഞ്ചാബ് മിഷൻ അനുഭവം പങ്കുവച്ച് യഥാർത്ഥ മിഷനറി ആകുവാനുള്ള പ്രചോദനം നൽകുകയും ചെയ്തു.

**തൃശ്ശിലേരി:** രോഗി സന്ദർശനം നടത്തി. തോമാശ്ലീഹായുടെ നാമത്തിലുള്ള ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി. രൂപത നടത്തിയ ക്വിസ് മത്സരത്തിൽ ആൻ മരിയ എറമ്പത്ത് രണ്ടാം സ്ഥാനം നേടി.

**കയ്യൂന്നി:** എസ്.എസ്.എൽ.സി, പ്ളസ് ടു പരീക്ഷകൾക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. പഠന സഹായമായി ഒരു കുട്ടിയ്ക്ക് 4500 രൂപ നൽകി. രോഗീ സഹായമായി ഒരു കുടുംബത്തിന് 500 രൂപ നൽകി. പ്രസംഗ

മത്സരവും ടെലി ക്വിസ്സും നടത്തി. ഗ്രാൻഡ് പേരന്റ്സ് ഡേയോട് അനുബന്ധിച്ച് ഗ്രാൻഡ് പേരന്റ്സിനെ ആദരിച്ചു.

**കുഞ്ഞോം:** വിശുദ്ധരെ പരിചയപെടുത്തൽ ഓരോ ഞായറാഴ്ചയും നടത്തുന്നു. അൽഫോൻസ ക്വിസ്സ് നടത്തി. അൽഫോൻസ ചിത്രരചന മത്സരം നടത്തി.

**കരിമ്പിൽ:** സെന്റ്. തോമസ് ക്വിസ് നടത്തി. സൺഡെ സ്ററാർ ആരംഭിച്ചു. ലോഗോസ് ക്വിസിനൊരുക്കമായി ബൈബിൾ ക്വിസ് നടത്തി. ഗ്രാൻഡ് പേരൻസ് ഡേയോടനുബന്ധിച്ച് കുട്ടികൾ ഗ്രാൻഡ് പേരൻസിനെ വീടുകളിൽ ആദരിച്ചു. വി. അൽഫോൻസാ ക്വിസ് നടത്തി.

**ചിത്രഗിരി:** പ്രസംഗം, ചിത്രരചനാ മത്സരങ്ങൾ നടത്തി. മതാധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും കുട്ടികൾക്കായി നുറുങ്ങ് ചിന്തകൾ പങ്കു വയ്ക്കുന്നു.

**ചുള്ളിയാന:** മാർ തോമയെക്കുറിച്ച് ക്വിസ് മത്സരം നടത്തുകയും എല്ലാ ഞായറാഴ്ചയും ഓരോ വിശുദ്ധരെ പരിചയപ്പെടുത്തി വരുന്നു. അംഗങ്ങളെ മൂന്ന് ഗണങ്ങളായി തിരിച്ചു സ്റ്റാർ പ്രോഗ്രാം നടത്തുന്നു.

**മൂലങ്കാവ്:** 'മുത്തശ്ശിമാരോടൊപ്പം' എന്ന പ്രോഗ്രാം നടത്തുകയും ഇടവകയിലെ ഏറ്റവും പ്രായമായ മുത്തശ്ശിമാരെ ആദരിച്ചു. വീഡിയോ തയ്യാറാക്കി യൂട്യൂബ് ചാനലിൽ ഇടുകയും ചെയ്തു. വിയാനി ദിനത്തോടനുബന്ധിച്ച് ദ്വാരക വിയാനി ഭവൻ സന്ദർശിക്കുകയും മുൻ ശാഖാ ഡയറക്ടറായിരുന്ന കുര്യാക്കോസ് പറമ്പിലച്ചനെ ആദരിക്കുകയും ചെയ്തു. മുൻ ഡയറക്ടർമാരെ സന്ദർശിച്ചു.

**പുതുശ്ശേരികടവ്:** ഇടവകയിലെ കുഞ്ഞു മിഷനറി മാർക്കായി ദൈവവിളി സെമിനാർ സംഘടിപ്പിച്ചു. ബഹു. ജോഫിൻ മുളകുടിയാങ്കൽ അച്ചൻ സെമിനാറിന് നേതൃത്വം നൽകി.

**അമ്പലവയൽ:** എല്ലാ ഞായറാഴ്ച്ചയും വചന കൂടാരത്തിൽ വചനം നറുക്കെടുത്ത് ശരിയായ വചനം പറയുന്ന കുട്ടിക്ക് സമ്മാനം നൽകി വരുന്നു.

**കളത്തുവയൽ:** തോമ്മാശ്ലീഹായുടെ നാമത്തിലുള്ള തോമാട്ടുചാൽ പള്ളി സന്ദർശിച്ചു. പൂർവ്വികരെ അനുസ്മരിച്ച് സെമിത്തേരി സന്ദർശിച്ചു. ജോ. ഡയറക്ടേഴ്സ് ഡേ ആഘോഷിച്ചു.

**ചുള്ളിയോട്:** സെന്റ് തോമസ് ആൽബ നിർമ്മാണ മത്സരം നടത്തി. വി. എവുപ്രാസിയ തിരുന്നാൾ ദിനത്തോടനുബന്ധിച്ച് വിശുദ്ധയുടെ ജീവചരിത്ര പഠനം നടത്തി.

***മരകാവ്:*** ഗ്രാൻഡ് പേരൻസ് ഡേയോടനുബന്ധിച്ച് ഇടവകയിലെ ഏറ്റവും പ്രായം കൂടിയ ചാച്ചനെയും അമ്മച്ചിയേയും വീട്ടിൽ എത്തി ആദരിച്ചു. വിയാനി ദിനത്തോടനുബന്ധിച്ച് ഇടവകയിൽ സേവനം അനുഷ്ഠിച്ച എല്ലാ വൈദീകർക്കും ആശംസകൾ നേർന്നുകൊണ്ട് വീഡിയോ നിർമിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവച്ചു. അന്നേ ദിവസം മിഷൻ ലീഗ് അംഗങ്ങൾ വികാരിയച്ചന്റെ നേതൃത്വത്തിൽ വിയാനിഭവൻ സന്ദർശിക്കുകയും വന്ദ്യ വൈദീകർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.

**മേഖലാ വാർത്തകൾ:-**

**ചുങ്കക്കുന്ന്**

സാഹിത്യ മത്സര ഒരുക്ക ക്ലാസ് സംഘടിപ്പിച്ചു. വി. അൽഫോൻസാമ്മ പ്രച്ഛന്ന വേഷം, പ്രസംഗം, വി. തോമാശ്ലീഹാ ചിത്രരചന എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾക്കായി പ്രതിമാസ മത്സരങ്ങൾ സംഘപ്പിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മധുമൊഴികൾ എന്ന പരിപാടി സംഘടിപ്പിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന സമിതി സംഘടിപ്പിക്കുന്ന ഛായചിത്ര പ്രയാണത്തിന് മാനന്തവാടി രൂപതയിലേക്ക് ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ വർണ്ണാഭമായ സ്വീകരണം നൽകി.

**കല്ലോടി**

പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. മേഖല ഡയറക്ടറെ നാമഹേതുക തിരുനാളിൽ ആദരിച്ചു, ജോ. ഡയറക്ടേഴ്സ് ദിനത്തിൽ മേഖലയിലെ എല്ലാ ജോ. ഡയറക്ടേഴ്സിനെയും ആദിച്ചു. രോഗി സന്ദർശനം നടത്തി.

**തരിയോട്**

വി. തോമാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് തോമാശ്ലീഹായുടെ പള്ളിയായ അരിഞ്ചേർമല പള്ളി തരിയോട് മേഖല ഭാരവാഹികളും ശാഖ ജോ. ഡയറക്ടേഴ്സും സംയുക്തമായി സന്ദർശിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് ഓൺലൈനായി കവിത രചന മത്സരം നടത്തി

**ബത്തേരി മേഖല**

മാർ തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ അനുസ്മരണ വർഷത്തോടനുബന്ധിച്ച് ആൽബ നിർമ്മാണ മത്സരം നടത്തി. അൽഫോൻസാമ്മയുടെ മൊഴിമുത്തും പ്രാർത്ഥനയും ഉൾപ്പെടുത്തി വീഡിയോ ഷെയർ ചെയ്തു. സാമുദായിക ശാക്തീകരണം എന്ന ലക്ഷ്യത്തോടെ - മോട്ടിവേഷണൽ കരിയർ ഗയ്ഡൻസ് - സിവിൽ സർവീസ്, കേരള ഗവൺമെന്റ് സർവീസ്, കേന്ദ്ര സർവീസ്, യൂണിഫോം സർവീസ്, എന്നീ ജോലി മേഖലകളെയും ജോലി സാധ്യതകളെയും സ്കോളർഷിപ്പ് ആനുകൂല്യങ്ങളും പങ്കുവെക്കുന്നു. സാഹിത്യ ശിൽപശാല നടത്തി. ബത്തേരി മേഖല ഓരോ മാസവും ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി 5000 രൂപ രോഗി സഹായം നൽകി.

**ദ്വാരക മേഖല**

സാഹിത്യ ശില്പശാല സംഘടിപ്പിക്കുകയും മേഖല ഡയറക്ടർ ബഹു. ജോസ് കപ്യാരുമല അച്ചൻ ശില്പശാലക്ക് നേതൃത്വം നൽകുകയും ചെയ്തു. അൽഫോൻസമ്മയുടെ തിരുന്നാളിനൊരുക്കമായി 'പ്രിയമുള്ളോരമ്മ' ചിത്രരചന മത്സരം നടത്തി വിജയികളെ അനുമോദിച്ചു. അൽഫോൻസാമ്മയുടെ രൂപം അലങ്കരിക്കൽ മത്സരം നടത്തി വിജയികളെ അനുമോദിക്കുകയും ചെയ്തു.

**മണിമൂളി മേഖല**

മണിമൂളി മേഖലയുടെ കീഴിലുള്ള ശാഖകളിലെ 1 മുതൽ +2 വരെ വേദപാഠം പഠിക്കുന്ന കൊച്ചു മിഷനറിമാർക്ക് അതാത് മാസത്തെ വിശുദ്ധരെ പരിചയപ്പെടുത്താൻ അവസരം നൽകുന്നു. ലോഗോസ് ക്വിസ് 2022 ന് ഒരുക്കമായി സി. എം. എൽ അംഗങ്ങൾക്ക് ഓൺലൈൻ ലോഗോസ് ക്വിസ് നടത്തി

ജൂബിലി നിറവിൽ പ്രേഷിതാവേശത്തോടെ ചെമ്മഞ്ഞ കൊടികീഴിൽ അണിനിരക്കാം

സ്നേഹപൂർവ്വം,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**

സി. എം. എൽ രൂപതാ സെക്രട്ടറി

## ലോക പരിസ്ഥിതി സംരക്ഷണ ദിനം
## ഡി സി എം യു പി സ്കൂൾ തിരുനെല്ലി
**2022 ജൂലൈ 27**

യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി സ്ഥാപിതമായിരിക്കുന്ന രജിസ്ട്രേഡ് സൊസൈറ്റിയായ യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ തിരുനെല്ലി ഡി.സി.എം യു. പി സ്കൂളിൽ വെച്ച് 2022 ജൂലൈ 27-ാം തീയതി ലോക പരിസ്ഥിതി സംരക്ഷണ ദിനം ആചരിച്ചു. മനുഷ്യ സമൂഹത്തിന്റെ അടിത്തറയായ ആരോഗ്യകരമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന് വിദ്യാർത്ഥികൾക്കുള്ള പങ്കും ഉത്തരവാദിത്വവും അവരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച ദിനാചരണത്തിൽ തിരുനെല്ലി ഡി. സി. എം .യു .പി സ്കൂളിലെ പ്രകൃതിയെ സ്നേഹിക്കുന്ന, വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന 400 വിദ്യാർത്ഥികൾ പങ്കുചേർന്നു. മൂന്ന് വിഭാഗങ്ങളിലായി മുഴുവൻ വിദ്യാർഥികൾക്കും വേണ്ടി രാവിലെ ചിത്രരചനാ മത്സരം സംഘടിപ്പിക്കപ്പെട്ടു. ഈ മത്സരത്തിൽ എൽ. പി ഒന്നാം വിഭാഗത്തിൽ സന്മയാ സുരേഷ്, അഹല്യ ദേവി, അമയാ കെ. സ് എന്നിവരും എൽ.പി രണ്ടാം വിഭാഗത്തിൽ പാർവൺ, സന്മയാ സന്തോഷ്, അജ്വത് ടി. കെ എന്നിവരും, ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. യു. പി വിഭാഗത്തിൽ നജ ഖദീജ, അക്ഷയ വി. ബി എന്നിവർ ഒന്നാം സ്ഥാനവും ലിയാന കെ. ജെ രണ്ടാം സ്ഥാനവും, അഫ്‌ല എം. എ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഔദ്യോഗികമായ മീറ്റിംഗ് സംഘടിപ്പിക്കപ്പെട്ടു. 200 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ പരിപാടി സ്കൂൾ ഗായകസംഘത്തിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. സ്കൂൾ ലീഡർ നജാ ഖദീജ സ്വാഗത പ്രസംഗവും, ഹെഡ്മിസ്ട്രസ് സി. ബിൻസി എസ്. എ. ബി.എസ് അധ്യക്ഷ പ്രസംഗവും, സി. ഷെറിൻ എസ്.എ.ബി.എസ്, വിദ്യാർത്ഥി

പ്രതിനിധികൾ ശരൺകുമാർ, ദൃശ്യ എന്നിവർ ആശംസാ പ്രസംഗവും നടത്തി. തുടർന്ന് യുവർ നൈബർ അസോസിയേഷൻ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ യോഗം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തുകൊണ്ട് വിദ്യാർത്ഥികൾ പ്രകൃതിയെ എങ്ങനെയാണ് സംരക്ഷിക്കേണ്ടത് എന്ന് വ്യക്തമാകുന്ന വിധം പ്രചോദനാത്മകമായ ക്ലാസ്സ് നയിച്ചു. ക്ലെയർ ജോസ് ദ്വാരകയുടെ നേതൃത്വത്തിൽ പ്രശസ്ത കവിയത്രി സുഗത കുമാരിയുടെ 'നാളേക്ക് വേണ്ടി എന്ന കവിതയുടെ ആലാപനം നിർവഹിച്ചു. വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് യുവർ നെയ്ബർ അസോസിയേഷൻ സെക്രട്ടറി ഫാ. ലാൽ സമ്മാനങ്ങൾ വിതരണം ചെയ്തു. മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി. എം. സി. പരിപാടികൾക്ക് കമന്ററിയും, സി. ആൻസി തോമസ് സി. എം. സി. നന്ദി അർപ്പിക്കുകയും ചെയ്തു. പരിസ്ഥിതി സംരക്ഷണാർത്ഥം സ്കൂളിലെ മുഴുവൻ ക്ലാസ് റൂമുകൾക്കും യുവർ നൈബർ അസോസിയേഷൻ ടീമംഗങ്ങൾ വേസ്റ്റ് ബാസ്ക്കറ്റുകൾ നൽകി സ്കൂളും പരിസരവും വൃത്തിയായി സംരക്ഷിക്കേണ്ട നല്ല സംസ്കാരത്തിന് പ്രചോദനമേകി.

ഡി. സി. എം. സ്കൂളിലെ ഊർജ്ജസ്വലരായ, സ്നേഹനിധികളായ വിദ്യാർഥികൾക്കും, ഹെഡ്മിസ്ട്രസ് സി. ബിൻസി എസ്.എ. ബി. എസ് നും സ്റ്റാഫ് അംഗങ്ങൾക്കും യുവർ നൈബർ അസോസിയേഷന്റെ അഭിനന്ദനങ്ങൾ.

**പ്രതിഭാ സംഗമം**

ഈ വർഷം മാനന്തവാടി രൂപതയിൽ ചാർട്ടേഡ് അക്കൗണ്ട് പരീക്ഷയിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ സംഗമം 2022 ജൂലൈ 31 ഞായറാഴ്ച 3 മണിക്ക് ഓൺലൈനായി ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. അജിൻ വി. തോമസ് നരിവാലമുണ്ട, ജോയൽ ജോയ് പാതിരിപ്പാടം, ആൽബിൻ എം, ഷാജി ചുങ്കക്കുന്ന്, അലീന വർഗീസ് തേനേരി, രാഗിൻ മരിയ ചാരിറ്റി, നമിത മോനിക്ക തലഞ്ഞി എന്നീ യുവ പ്രതിഭകളാണ് പങ്കുചേർന്നത്. അവർ തങ്ങളുടെ പഠന വിശേഷങ്ങളും ജോലി മേഖലയിലെ വിശേഷങ്ങളും സാധ്യതകളും ജെ. പി കമ്മ്യൂണിറ്റി അംഗങ്ങളോട് പങ്കുവെച്ചു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ നേതൃത്വം വഹിച്ച ഈ ഓൺലൈൻ സംഗമത്തിലൂടെ

ഒരേ മേഖലയിൽപ്പെട്ട പ്രതിഭകൾക്ക് ഒന്നിച്ചു ചേരുവാനുള്ള വലിയ സാധ്യതയാണ് തുറന്നു കിട്ടിയത്. മാനന്തവാടി രൂപതയിലെ CA അർഹത നേടിയ 6 യുവ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ.

**അഗ്നിപഥ്**

2022 ജൂലൈ 25-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം ഏഴുമണിക്ക് ഗൂഗിൾ മീറ്റ് വഴി അഗ്നിപഥ് (അഗ്നിവീർ നേവി) എന്ന വെബിനാർ യൂത്ത് മിനിസ്ട്രിയുടെയും യുവർ നൈബർ അസോസിയേഷന്റെയും ജെ.പി കമ്മ്യൂണിറ്റിയുടെയും ലൈഫ് ട്രെയിനിംങിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. മിലിട്ടറിയിൽ ഒരു ഉദ്യോഗം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് കരിയർ സംബന്ധമായ ശരിയായ അറിവുകൾ പ്രധാനം ചെയ്യുന്ന ഈ കരിയർ ഗൈഡൻസ് സെമിനാറിൽ റിട്ടേർഡ് കേണൽ ജയ്സൺ കെ. ജോസ് ആണ് റിസോഴ്സ് പേഴ്സണായി ക്ലാസ്സുകൾ നയിച്ചത്. NDA നാഷണൽ ഡിഫൻസ് അക്കാദമിയിലേക്കുള്ള പ്രവേശനം, അഗ്നി വീർനേവി തുടങ്ങിയ മേഖലകളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് ഈ പഠനം ഒരു മുതൽക്കൂട്ടായി തീർന്നു. 100 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ സെമിനാർ നിയ മരിയ ഷാജി കൊട്ടിയൂർ ആലപിച്ച പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. തുടർന്ന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാദർ ലാൽ ജേക്കബ് പൈനുംങ്കൽ സ്വാഗതവും വ്യക്തമായ നിർദ്ദേശങ്ങളും നൽകി. ക്ലാസുകൾക്ക് ശേഷം വിദ്യാർഥികളുടെ സംശയങ്ങൾക്ക് വ്യക്തമായ ഉത്തരവും നിർദ്ദേശവും നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളാണ് ഈ വെബ്നാറിന് നേതൃത്വം നൽകിയത്.

മിലിട്രി മേഖലയിലേക്ക് കടന്നു പോകാൻ ആഗ്രഹിക്കുന്ന അനേകം യുവജനങ്ങൾക്ക് ഈ വെബ്നാർ ഏറെ പ്രയോജനകരമായി. ജയ്സൺ സാറിന് യൂത്ത് മിനിസ്ട്രിയുടെ കൃതജ്ഞത നിറഞ്ഞ അഭിനന്ദനങ്ങൾ.

**ലൈഫ് ട്രെയിനിംങ്ങ്**

2022 ഓഗസ്റ്റ് 5 വെള്ളിയാഴ്ച ആറുമണിമുതൽ ഓഗസ്റ്റ് 6 ശനിയാഴ്ച മൂന്നു മണിവരെ 2021 ലൈഫ് ട്രെയിനിംങ് ബാച്ചുകാരുടെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 13 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ലൈഫ് ട്രെയിനിംങ്ങ് ജീവിതശൈലി, പഠന ശൈലികൾ, വ്യക്തിത്വ വികസന പരിശീലനങ്ങൾ, നൈപു

ണ്യങ്ങളിലുള്ള പരിശീലനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് നൽകി. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി. എം. സി എന്നിവർ പരിശീലനത്തിന് നേതൃത്വം വഹിച്ചു. 2018 ലൈഫ് വിദ്യാർത്ഥി കളായ ലിയ അരിഞ്ചേർമല, ആഷ്ലി കൊമ്മയാട്, ഇമ്മാനുവേൽ പയ്യമ്പള്ളി, ആൽബിൻ കേണിച്ചിറ എന്നിവർ ക്യാമ്പിന് സഹാ യിച്ചു. ക്യാമ്പിൽ പങ്കെടുത്തവർക്കും നിസ്വാർത്ഥ സേവനം നല്കി യവർക്കും അഭിനന്ദനങ്ങൾ.

**ലൈഫ് ട്രെയിനിംങ്ങ് 2019, 2020**

2022 ആഗസ്റ്റ് എട്ടാം തീയതി തിങ്കളാഴ്ച വൈകുന്നേരം അഞ്ചുമണി മുതൽ ഓഗസ്റ്റ് ഒൻപത് ചൊവ്വാഴ്ച വൈകുന്നേരം മൂന്നു മണി വരെ 2019, 2020 ബാച്ചുകളുടെ ലൈഫ് ട്രെയിനിംങ്ങ് ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടന്നു. 28 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കുചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച ക്യാമ്പിൽ ലൈഫ് ട്രെയിനിംങ് ജീവിതശൈലി, ജെ. എം. ജെ ലൈഫ് സ്റ്റൈൽ, ഇവ യെക്കുറിച്ചുള്ള വ്യക്തമായ പഠനവും ചർച്ചയും നടന്നു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ എന്നിവർ നേതൃത്വം വഹിച്ചു. കഴിഞ്ഞ രണ്ടു മാസ ങ്ങളിലായി പിറന്നാൾ ആഘോഷിച്ച എല്ലാവരെയും അഭിനന്ദിച്ചു കൊണ്ട് കേക്ക് മുറിച്ചു. ആഗസ്റ്റ് ഒൻപത് രാവിലെ 9:30 മുതൽ 2019 ബാച്ചിന് ബഹുമാനപ്പെട്ട ബെനഡിക്റ്റ് മോളോപറമ്പിൽ സാർ കെമിസ്ട്രി വിഷയത്തിലും, ചെന്നലോട് നിന്നും ജെസ്ലി ടീച്ചർ 2020 ബാച്ചിന് ഗണിത ശാസ്ത്രത്തിലും നല്ല പരിശീലനം നൽകി. രണ്ട് അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

***മരിച്ചാലും മറക്കില്ലട്ടോ***

പ്രാർത്ഥിക്കുന്ന വിശുദ്ധ എന്ന അപരനാമമുള്ള കേരള ത്തിലെ വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളിന് ഒരുക്കമായി ഓഗസ്റ്റ് ഒന്നു മുതൽ 29-ാം തീയതി വരെ മരിച്ചാലും 'മറക്കില്ലട്ടോ' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് പ്രസിദ്ധപ്പെ ടുത്തി. 2020 ലൈഫ് ബാച്ചിലെ മീഡിയ ലീഡർ ആൻ മരിയ മാത്യു ആണ് സ്റ്റാറ്റസ് വീഡിയോസിന് നേതൃത്വം നൽകുന്നത്. വിശുദ്ധ എവുപ്രാസ്യാമ്മയെ എല്ലാവരും അറിയുന്നതിനും അമ്മയോട് പ്രാർ ത്ഥിക്കുന്നതിനും ഇത് സഹായകമായി. ഇതിനു നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി.

**അമ്മ**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി 2022 ഓഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചാം തീയതി വരെ പരിശുദ്ധ അമ്മയോടുള്ള ആദരസൂചകമായി 'അമ്മ' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി സോഷ്യൽ മീഡിയ വഴി പ്രസിദ്ധപ്പെടുത്തി. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് വീഡിയോസ് വഴി അനേകർക്ക് പരിശുദ്ധ അമ്മയോടുള്ള സ്നേഹം വർദ്ധിപ്പിക്കുവാൻ കാരണമായി. നേതൃത്വം നൽകിയവർക്ക് അഭിനന്ദനങ്ങൾ.

**സ്വാതന്ത്ര്യദിന ക്വിസ്**

ഭാരതത്തിന്റെ 76-ാമത് സ്വാതന്ത്ര്യദിന ആഘോഷങ്ങളുടെ ഭാഗമായി ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ സ്വാതന്ത്ര്യദിന ക്വിസ് നടത്തി ഭാരതാംബയോടുള്ള സ്നേഹം പ്രകടമാക്കി. മരിയ റോസിലിൻ, ഏബൽ തോമസ്, അമൽ ജോർജ് ക്രിസ്റ്റീ എന്നിവർ ചേർന്ന് സംഘടിപ്പിച്ച ക്വിസ്സിൽ 100% മാർക്ക് നേടി ഒന്നാം സ്ഥാനത്ത് എത്തിയ ആൻ മരിയ എസ് വാഴവറ്റ, അൽഫിയാ ജയിംസ് നടവയൽ, ആൻ മരിയ മാത്യു കേണിച്ചിറ എന്നിവർക്ക് യുവർ നൈബർ അസോസിയേഷന്റെ അനുമോദനങ്ങൾ. കൂടാതെ സ്വാതന്ത്ര്യദിന പോസ്റ്ററുകൾ, വീഡിയോകൾ എന്നിവ തയ്യാറാക്കിയും പ്രസിദ്ധപ്പെടുത്തി.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

## 28-ാമത് അർദ്ധവാർഷിക സെനറ്റ്

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ പരമാധികാര സഭയും നയരൂപീകരണ സമിതിയുമായ രൂപത അർദ്ധവാർഷിക സെനറ്റ് നടവയൽ മേഖലയുടെ ആതിഥേയത്വത്തിൽ പനമരം സെന്റ് ജൂഡ്സ് ടൗൺ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. കെ. സി. വൈ. എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ അധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ സെനറ്റ് ഉദ്ഘാടനം ചെയ്തു. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുസരിച്ച് മുന്നേറുന്ന യുവജന പ്രസ്ഥാനം മലയോരജനതയ്ക്കും സമൂഹത്തിനും വേണ്ടി പ്രവർത്തിക്കുവാനും ലക്ഷ്യം നേടാനും തയ്യാറാണെന്നും ഈ മുന്നേറ്റം ഇനിയും തുടരേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണെന്നും, പ്രവർത്തന നിരതരായിരിക്കുന്ന യുവജനങ്ങൾ സഭയുടെ കരുത്താണെന്നും, ആർജ്ജവത്തോടെ മുന്നേറാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു. കെ.സി.വൈ.എം നടവയൽ മേഖലാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, ട്രഷറർ നിഖിൽ ചൂടിയാങ്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. മേഖലകളിൽ നിന്നായി 70 ഓളം ഭാരവാഹികൾ പങ്കെടുത്തു.

## കെ.സി.വൈ.എം ടാസ്ക് ഫോഴ്സ്

മഴക്കെടുതിമൂലം ദുരിതനുഭവിക്കുന്നവർക്ക് ആശ്വാസമായി അവരെ സഹായിക്കുക എന്നലക്ഷ്യത്തോടെ കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 ഓളം വോളണ്ടിയർമാർ അണിനിരക്കുന്ന ടാസ്ക് ഫോഴ്സ് ടീം രൂപീകരിച്ചു. ആവശ്യഘട്ടങ്ങളിൽ ഏതുനേരത്തും ബന്ധപ്പെടാനായി രൂപതയുടെ 13 മേഖലകളിൽ നിന്നായി 13 കോർഡിനേറ്റർമാർ, 2 രൂപതാതല കോർഡിനേറ്റർമാർ എന്നിവരാണ് ടാസ്ക് ഫോഴ്സിന് നേതൃത്വം നൽകുന്നത്.

**ആഗസ്റ്റ് പ്രവർത്തന മാസാചരണം**

ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം എന്ന പ്രവർത്തന മുദ്രാവാക്യവുമായി കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ മേഖല, യുണിറ്റ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക, പ്രസ്ഥാനത്തിന്റെ ചുവടുകൾ അടുത്തറിയുക എന്ന ലക്ഷ്യത്തോടെ ആഗസ്റ്റ് പ്രവർത്തനമാസത്തിന് തുടക്കം കുറിച്ചു. പ്രവർത്തനമാസത്തിലെ പ്രവർത്തനങ്ങളെ വിലയിരുത്തി ഓരോ മേഖലയിൽനിന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഒരു യൂണിറ്റിനെയും, 13 മേഖലകളിൽ നിന്ന് ഒരു മേഖലയെയും തിരഞ്ഞെടുത്ത് രൂപത തലത്തിൽ ആദരിക്കുന്നു. പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ 2022 സെപ്റ്റംബർ 20 ന് മുമ്പായി രൂപതാ ഓഫീസിൽ നേരിട്ടോ / പോസ്റ്റ് വഴിയോ എത്തിക്കേണ്ടതാണ്.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ പരമാധികാര സഭയും നയരൂപീകരണ സമിതിയുമായ സംസ്ഥാന സെനറ്റിന്റെ അർദ്ധവാർഷിക സമ്മേളനം 2022 ജൂലൈ 30, 31 തിയ്യതികളിൽ അമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. പ്രവർത്തനങ്ങളെ വിലയിരുത്താനും വിശകലനം ചെയ്യാനും, മുന്നോട്ടുള്ള വീഥികളെകുറിച്ച് ചർച്ച ചെയ്യാനുമായി നടത്തപ്പെട്ട അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടു. കെ.സി.വൈ.എം മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ, ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ, കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, സംസ്ഥാന സെനറ്റ് അംഗം കുമാരി ടെസിൻ തോമസ് വയലിൽ, സെക്രട്ടറി ശ്രീ. ലിബിൻ മേപ്പുറത്ത്, ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കയ്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി ആൻസ് സി.എം.സി എന്നിവർ പങ്കെടുത്തു.

**പേൾ കലാ - സാഹിത്യ മത്സരം**

Circular 09/2022 (സാഹിത്യമത്സരം) Circular 10/2022 (കലാമത്സരം) എന്നിവയെ അടിസ്ഥാനപ്പെടുത്തി 2022 വർഷത്തെ പേൾ സാഹിത്യ മത്സരം 2022 സെപ്റ്റംബർ 04 നും, കലാമത്സരം 2022 സെപ്റ്റംബർ 21 ന് ബത്തേരി അസംപ്ഷൻ സ്കൂളിലും വെച്ച് നടത്തപ്പെടുന്നു. മേഖലാ സമിതികൾ ആവശ്യമായ ക്രമീകര

ണങ്ങൾ നടത്തുകയും യൂണിറ്റുകളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതുമാണ്.

**പത്രപ്രസ്താവന**

**ആഫ്രിക്കൻ പന്നിപ്പനി :** വയനാട് ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ കർഷകർ അനുഭവിക്കുന്ന ആശങ്കകൾ ബന്ധപ്പെട്ട അധികൃതർ കാണാതെ പോകരുതെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത. ജില്ലയിൽ പന്നി കൃഷി ജീവിതമാർഗ്ഗമാക്കിയിരിക്കുന്ന കർഷകർക്ക് മുന്നിൽ വലിയൊരു പ്രതിസന്ധിയാണ് ഈ രോഗബാധ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യനിൽ രോഗം ബാധിക്കില്ലെങ്കിൽ പോലും രോഗവാഹകരാകാനുള്ള സാധ്യതയെ മുൻനിർത്തി ഫാമിലുള്ള പന്നികളെ കൊന്നൊടുക്കുന്നത് കർഷകരെ ഭീമമായ സാമ്പത്തികപരാധീനതയിലേക്ക് നയിക്കും. രോഗം ബാധിക്കാത്ത പന്നികളെ ഫാമുകളിൽ വെച്ച് കൂട്ടമായി കൊന്നൊടുക്കുന്ന നടപടി സംശയം ജനിപ്പിക്കുന്നതാണെന്നും, വ്യക്തമായ സാമ്പിൾ പരിശോധനയ്ക്ക് ശേഷം വേണ്ട നടപടികൾ സ്വീകരിക്കുകയും, ദുരിതം അനുഭവിക്കുന്ന കർഷകർക്ക് പ്രത്യേക സമാശ്വാസ പാക്കേജുകൾ അനുവദിക്കുകയും ചെയ്യണമെന്ന് കെ. സി. വൈ. എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ അഭിപ്രായപ്പെട്ടു. കാലതാമസം കൂടാതെ ഉടമകൾക്ക് പര്യാപ്തമായൊരു തുക നഷ്ടപരിഹാരമായി നൽകണമെന്നും ഇല്ലാത്തപക്ഷം മുൻ വർഷങ്ങളിൽ നടന്നതുപോലെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും കർഷകസമൂഹം എത്തുമെന്നും, ഈ വിഷയത്തിൽ സർക്കാർ സംവിധാനങ്ങൾ കൃത്യമായ നടപടികൾ സ്വീകരിക്കണമെന്നും കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു.

**മേഖലാ വാർത്തകൾ**

**കല്ലോടി**

കാൽവരി ഹില്ലിൽ തിരുസ്വരൂപങ്ങൾ സാമൂഹ്യ വിരുദ്ധർ തകർത്തതിൽ കെ.സി.വൈ.എം കല്ലോടിമേഖല സമിതി പ്രതിഷേധം രേഖപ്പെടുത്തുകയും, ശക്തമായി അപലപിക്കുകയും ചെയ്തു. അക്രമികളെ നിയമത്തിന് കീഴിൽ കൊണ്ടുവരണമെന്നും പോലീസ് സത്വരമായ നടപടികൾ കൈകൊള്ളണമെന്നും കെ. സി. വൈ.എം കല്ലോടി മേഖല സമിതി ആവശ്യപ്പെട്ടു. രണ്ടായപൂർ അതിരൂപതയിൽ ഡോണഗാർഹ് ഇടവകയിലെ തീർത്ഥാടന

കേന്ദ്രമായ കാൽവരി ഹില്ലിലെ 14 തിരുസ്വരൂപങ്ങളിൽ 11 എണ്ണവും അക്രമികൾ തകർത്തതിൽ അന്വേഷണം കാര്യക്ഷമമാക്കണ മെന്ന് മേഖല സമിതി കത്തിൽ ആവശ്യപ്പെട്ടു. മാനന്തവാടി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എ പോസിറ്റീവ് രക്തം അത്യാവശ്യമായി വന്ന സാഹചര്യത്തിൽ കല്ലോടിമേഖലാ പ്രസി ഡന്റ് ശ്രീ. ടിനു മങ്കൊമ്പിൽ ബ്ലഡ് ബാങ്കിൽ രക്തം നൽകി. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾദിനത്തിൽ ബഹുമാന പ്പെട്ട വൈദികർക്ക് ആശംസകൾ അറിയിച്ചു. പ്രവർത്തനമാസ ഉദ് ഘാടനവും മക്കിയാട് യൂണിറ്റിൽ വച്ചു നടത്തി. ഭാരതത്തിന്റെ എഴു പത്തിയാറാം സ്വാതന്ത്ര്യ ദിനത്തിന്റെയും, പരിശുദ്ധ കന്യകമാതാ വിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും മംഗളങ്ങൾ നേർന്നു.

**നീലഗിരി**

ജൂലൈ 3 – സെന്റ് തോമസ് ഡേ ആചരിച്ചു. നീലഗിരി മേഖല അർദ്ധവാർഷിക സെനറ്റ് ഓൺലൈൻ ആയി നടത്തി. തമിഴ്നാട് പോലീസ് കോൺസ്റ്റബിൾ പോസ്റ്റിലേക്ക് അപേക്ഷിക്കാനായി സഹായിക്കാൻ മേഖലയിൽ ഹെല്പ് ഡെസ്ക് ആരംഭിച്ചു. യുവ ജനദിന ആഘോഷം മേഖലയുടെ നേതൃത്വത്തിൽ കുന്നാലടി യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. കനത്ത മഴയെ തുടർന്ന് റാപിഡ് റെസ്പോൺസ് ടീം ആരംഭിച്ചു. മേഖല കോർഡിനേറ്റർ ആയി ബിനു മഠത്തിലിനെ തിരഞ്ഞെടുത്തു. നീലഗിരി മേഖലയുടെ പുതിയ ആനിമേറ്ററായ സിസ്റ്റർ സിജിക്ക് ആശംസകളേകി. രൂപതാ അർദ്ധവാർഷിക സെനറ്റിൽ മേഖല പ്രതിനിധികൾ പങ്കെടുത്തു റിപ്പോർട്ട് അവതരിപ്പിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ മേഖലയിലെ വിവിധ യൂണിറ്റുകളിൽ മനോഹരമായി ആഘോ ഷിച്ചു.

**മുള്ളൻകൊല്ലി**

മാനന്തവാടി രൂപത വികാരി ജനറാൾ റവ. ഫാ. പോൾ മുണ്ടോളിക്കലിന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചിച്ചു. സൗജന്യ പ്രമേഹ കൊളസ്ട്രോൾ ബ്ലഡ് പ്രഷർ നിർണയ ക്യാമ്പ് നടത്തി. മേഖല ട്രഷറർ ലാലു തോട്ടപ്പള്ളിക്കും, മേഖല സെക്ര ട്ടറി ജോസഫ് ജോർജിനും, ജന്മദിനം ആശംസിച്ചു. കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും MSc സൈക്കോളജി യിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും കരസ്ഥമാക്കിയ മരക്കടവ് ഇടവകാംഗമായ സാനിയ സണ്ണി മടിക്കാങ്കലിന് ആശംസകൾ അറിയിച്ചു. ACCA പരീക്ഷ വിജയിച്ച മേഖല വൈസ് പ്രസി

ഡന്റ് ഡയോണ എഴുമായിലിനു അഭിനന്ദനം അറിയിച്ചു. രൂപതാ അർദ്ധ വാർഷിക സെനെറ്റിൽ പങ്കെടുത്തു. മേഖല ആനിമേറ്റർ സിസ്റ്റർ ആൻസ് മരിയക്ക് ഫീസ്റ്റ് ദിനാശംസകൾ അറിയിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. പ്രവർത്തന മാസം ഉദ്ഘാടനം നടത്തി. വന്യമൃഗശല്യത്തിനെതിരെ നടപടികൾ സ്വീകരിക്കണം എന്നാവശ്യപെട്ടുകൊണ്ടുള്ള പത്രകുറിപ്പ് നല്കുകയും പ്രതിഷേധമറിയിക്കുകയും ചെയ്തു.

**ദ്വാരക**

ഫിലിം മേക്കിങ് വർക്ക് ഷോപ്പ് നടത്തി. യുവജന ദിനാഘോഷം നടത്തി യുവജനങ്ങളെ ആദരിച്ചു. ASAP കേരളയുമായി ചേർന്ന് കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. രൂപത അർദ്ധ വാർഷിക സെനെറ്റിൽ പങ്കെടുത്തു. മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**ചുങ്കക്കുന്ന്**

ബഫർ സോൺ വിഷയത്തിൽ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജനകീയപ്രതിഷേധ പ്രകടനത്തിൽ മേഖലയിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. അർദ്ധ വാർഷികസെനറ്റ് സമ്മേളനം നടത്തി. ഭരണകൂട ഭീകരതയുടെ ഇരയായ ഫാ. സ്റ്റാൻ സ്വാമിയുടെ ഒന്നാം വർഷ രക്തസാക്ഷിത്വ ദിനാചരണം നടത്തി.

**യൂണിറ്റ് വാർത്തകൾ**

**മണിമൂളി**

ദുക്റാനാ തിരുനാളിൽ യൂണിറ്റ് ഭാരവാഹികൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും, വിശുദ്ധന്റെ നാമധാരിയായ റവ. ഫാ. തോമസ് മണക്കുന്നേലച്ചന് നാമഹേതുക തിരുനാൾ ആശംസകൾ അറിയിക്കുകയും ചെയ്തു. മണിമൂളി മേഖലയുടെ നേതൃത്വത്തിൽ നടന്ന അർദ്ധവാർഷിക സെനറ്റിൽ പങ്കെടുത്തു. ലോഗോസ് ക്വിസിന് ഒരുക്കമായി യുവജനങ്ങൾ ബൈബിൾക്വിസ് നടത്തി. യുവജനങ്ങൾ കർമലമാതാവിന്റെ തിരുനാൾ ദിനത്തിൽ ജപമാല ചൊല്ലി മാതാവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു.

**യുവജനദിനാഘോഷം IGNITE 2K22**

യൂത്ത്മീറ്റിന്റെ വിജയത്തിനായി ആനിമേറ്റർ സിസ്റ്റർ പുഷ്പ എസ്. എച്ച് ന്റെ നേതൃത്വത്തിൽ ഭാരവാഹികൾ കരുണകൊന്ത

ചൊല്ലി പ്രാർത്ഥിച്ചു. യുവജന ദിനാഘോഷമായ IGNITE 2022 നടത്തി. മുൻകാല നേതാക്കളുടെ അനുഭവങ്ങളും അവരുടെ മാർഗ്ഗ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളർന്നുവരുന്ന യുവജന ങ്ങൾക്ക് പ്രചോദനമേകി. എൺപത്തഞ്ചോളം യുവജനങ്ങൾ പങ്കെ ടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം ഭക്തിസാ ന്ദ്രമായി യുവജനങ്ങൾ ആഘോഷിക്കുകയും നേർച്ച വിതരണ ത്തിൽ സഹായിക്കുകയും ചെയ്തു.

**കൊട്ടിയൂർ**

ഹയർ സെക്കന്ററി പരീക്ഷയിൽ ഉന്നത വിജയം നേടിയ ഇട വകയിലെ വിദ്യാർത്ഥികളെ ആദരിച്ചു.ദേവാലയവും പരിസരവും യുവജനങ്ങൾ വൃത്തിയാക്കി. യുവജന ദിനത്തോടനുബന്ധിച്ചു നീണ്ടുനോക്കി പാലം വൃത്തിയാക്കി. കേരള പാഠാവലി ഏഴാം ക്ലാസ്സിലെ പുസ്തകത്തിൽ നിന്ന് നവോത്ഥാനനായകനായ ചാവറ യച്ചനെ തമസ്കരിച്ചതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും, വിദ്യാ ഭ്യാസ മന്ത്രിക്കും നിവേദനം നൽകി. അർച്ചന ഹോസ്പിറ്റൽ, പെരുമ്പുന്നയുമായി ചേർന്ന് സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. പ്രവർത്തന മാസത്തിലെ പ്രവർത്തന മാർഗരേഖ തയ്യാറാക്കി. യുവജനദിനം ആഘോഷിച്ചു. നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സി. ആൻസിൻ SH ന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. ജൂലൈ 28 ന് വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

**റിപ്പൺ**

ജൂലൈ 17ന് ബത്തേരി ഡോൺ ബോസ്കോ ഫാദേഴ്സിന്റെ നേതൃത്വത്തിൽ Motivation Skill Training Programme നടത്തി. 10,11,12 class ലെ കുട്ടികളുടെ watsup കൂട്ടായ്മ സംഘടിപ്പിച്ചു. SSLC, +2 പരീക്ഷയിൽ Full A+ ലഭിച്ച കുട്ടികളെ ആദരിച്ചു. ദുക്റാന തിരിനാളിന് തോമസ് നാമധാരികളെ ആദരിച്ചു.

**വഞ്ഞോട്**

ദുക്റാന തിരുനാളിന് എല്ലാ യുവജനങ്ങളും വിശുദ്ധ കുർ ബാനയിൽ പങ്കെടുത്തു. യുവജനദിനത്തോട് അനുബന്ധിച്ച് പോരൂർ സ്നേഹാലയം സന്ദർശിക്കുകയും അമ്മമാരോടൊത്തു ഒരു ദിവസം ചിലവഴിക്കുകയും ചെയ്തു. നിത്യതയിലേക്ക് വിളിക്കപ്പെട്ട യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു തെക്കേപ്പെരയുടെ പിതാവിന് വഞ്ഞോട് യൂണിറ്റിന്റെ ആദരാജ്ഞലികൾ അറിയിച്ചു. യുവജനങ്ങൾ കപ്പേള

വ്യത്തിയാക്കുകയും, വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു.

**കല്ലോടി**

കല്ലോടി യൂണിറ്റിന്റെ നേതൃത്വത്തിൽ സാഹിത്യ ശിൽപ ശാല നടത്തി. Youth gathering സംഘടിപ്പിച്ചു. ശ്രീ സജിൻ ജോസ് സാർ ക്ലാസിന് നേതൃത്വം നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്കായി Quiz competition, ചിത്രരചന എന്നീ മത്സരങ്ങൾ നടത്തി. പ്രവർത്തനമാസത്തോട നുബന്ധിച്ച് Augfast എന്ന പേരിൽ പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ അമ്മമാർക്ക് 'അമ്മക്കൂട്' എന്ന പേരിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടുബന്ധിച്ച് കല്ലോടി ഇടവകയിലെ വൈദികരെ ആദരിക്കുകയും, കുട്ടികൾക്ക് ആശംസാ കാർഡ് സ്റ്റാറ്റസ് വീഡിയോസ് എന്നി മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ ഭക്ഷണം തയ്യാറാക്കി കൊടുത്തു.

**ജൂഡ്സ് മൗണ്ട്**

യൂണിറ്റ് പ്രവർത്തനമാസ ഉദ്ഘാടനവും യുവജന സംഗ മവും നടത്തി. എ.കെ.സി.സി രൂപതാ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ ക്ലാസുകൾ നയിച്ചു. കെ. സി. വൈ. എം മാനന്തവാടി രൂപതാ ഡയറക്റ്റർ ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ യുവജന ങ്ങൾക്കായി വിശുദ്ധകുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. സ്വാതന്ത്ര്യദിനവും, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ചു. വി. കുർബാനക്ക് ശേഷം യൂത്തിന്റെ നേതൃത്വത്തിൽ സംഘനൃത്തം നടത്തി. രാജ്യത്തെ അറിയാം എന്ന പേരിൽ യൂണിറ്റ് തല സ്വാതന്ത്ര്യ ദിന ക്വിസ് മത്സരം നടത്തി. മുപ്പതോളം അംഗങ്ങൾ പങ്കെടുത്തു.

**മഞ്ഞൂറ**

യുവജന ദിനത്തിൽ കാഴ്ചവെയ്പ്പ് നടത്തുകയും യുവ ജനങ്ങളെ ആദരിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കതോട്ടത്തിൽ യുവജനങ്ങൾക്കായി സെമിനാർ നടത്തി. യുവജനങ്ങൾക്ക് ബഫർസോണിനെക്കുറിച്ച് ബോധവത് ക്കരണം കൊടുക്കുകയും, ഡിബേറ്റ് നടത്തുകയും ചെയ്തു.

**കയ്യൂന്നി**

യുവജനദിനത്തോടനുബന്ധിച്ചു നടത്തിയ വിശുദ്ധ ബലി

യിൽ പങ്കുചേർന്ന യുവജനങ്ങളും കാഴ്ചസമർപ്പണം നടത്തി. ആഗസ്റ്റ് മാസ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. ഇടവകയിലെ ടിസി കുപ്പയിലിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാരശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്തു. ആഗോള വയോജന ദിനത്തിൽ ഇടവകയിലെ വൃദ്ധമാതാപിതാക്കളെ ആദരിച്ചു. വിശുദ്ധ അന്ന – യോവാക്കിം തിരുനാൾ ദിനത്തിൽ വിശുദ്ധ അന്ന നാമധാരികളെ ആദരിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായുള്ള ഒമ്പത് ദിവസത്തെ നൊവേനയിലും വിശുദ്ധ കുർബാനയിലും യുവജനങ്ങൾ പങ്കുചേർന്ന് പ്രാർത്ഥിച്ചു. ഇടവകയിലെ ക്യാൻസർ രോഗിയായ ഒരു സഹോദരന് 2000 രൂപ നൽകി സഹായിച്ചു

**നരിവാലമുണ്ട**

ഇടവക കുടുംബത്തിൽ നിന്നും 45 പൊതിച്ചോറ് ശേഖരിക്കുകയും ശാന്തി സദനിലെ അന്തേവാസികൾക്ക് കൈമാറുകയും ചെയ്തു. സാഹിത്യമത്സരങ്ങൾ എപ്രകാരം അഭിമുഖീകരിക്കണം എന്ന ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ആദ്യ പരിശ്രമത്തിൽ തന്നെ സി എ ക്വാളിഫൈ ചെയ്ത പ്രിയ സുഹൃത്തിന് സ്നേഹോപഹാരം നൽകുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. പ്രവർത്തന മാസം ഉദ്ഘാടനം ചെയ്തു. വഴിയോര യാചകർക്ക് ഒരുനേരത്തെ ഭക്ഷണം പങ്കുവച്ചു. ഇടവകയിലെ സ്പെഷ്യലി ഏബിൾഡ് ആയിട്ടുള്ള സുഹൃത്തിനോടൊപ്പം അൽപസമയം പങ്കുവെച്ചു. ദൈവസന്നിധിയിൽ ശുശ്രൂഷയ്ക്കായി അർപ്പിക്കപ്പെട്ട പ്രിയ സിസ്റ്റർമാരോടൊപ്പം അൽപനേരം പങ്കുവെച്ചു. വിയാനി ദിനത്തോടനുബന്ധിച്ച് പ്രിയ ബഹുമാനപ്പെട്ട വികാരിയച്ചനും ഇടവകയിലെ വൈദികർക്കും വിയാനി ദിനാശംസകൾ നേർന്നു. ഇടവക അതിർത്തിയിലെ നാല് കുരിശു പള്ളികളിലും പോയി മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചു. ഇടവകയിൽ കെ.സി.വൈ.എം. നട്ടു നനച്ചു വളർത്തിയ സ്ഥാപക നേതാക്കളുടെ സംഗമം സംഘടിപ്പിച്ചു. തലമുറകൾക്ക് കാവലായ ഇടവകയിലെ മുതിർന്ന ചാച്ചനോടും അമ്മയോടും ഒപ്പം അൽപനേരം പങ്കുവച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**തരിയോട്**

ഡോക്ടേഴ്സ് ഡേ അനുബന്ധിച്ച് ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ച് ഡോക്ടേഴ്സനെ ആശംസകൾ അറിയിക്കുകയും ഗിഫ്റ്റ് നൽകി ആദരിക്കുകയും ചെയ്തു. യുവജന ദിനാഘോഷം AGAPE

നടത്തി. വി. കുർബാന, കാഴ്ചവെപ്പ്, സമ്മാനവിതരണം അന്നേ ദിവസം നടന്നു. പൊതിച്ചോറ് നൽകി. വൃദ്ധ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിൽ പോയി വീട് ക്ലീൻ ചെയ്തു ഭക്ഷണം നൽകി. മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന രക്തദാന ക്യാമ്പിൽ 13 പേര് പങ്കെടുത്തു

**മരക്കടവ്**

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, വിശുദ്ധരുടെ തിരുനാളുകൾ ആചരിച്ചു. ബഫർസോണിനെതിരെ യുവജനങ്ങൾ സ്റ്റാറ്റസ് മാർച്ച് നടത്തുകയും വിജയിപ്പിക്കുകയും ചെയ്തു. ഹാപ്പി ഫാദേഴ്സ് ഡേ ആചരിച്ചു. കുറിപ്പുകൾ തയ്യാറാക്കി യുവജനങ്ങളെ ബോധവാന്മാരാക്കി. യുവജനങ്ങളുടെ സ്വർഗീയ മധ്യസ്ഥൻ തോമസ് മോറിന്റെ തിരുനാൾ ആചരിച്ചു. ബഫർ സോണിനെതിരെ ടൗൺ ചർച്ചിൽ വച്ച് നടന്ന യുവജന പ്രക്ഷോഭ റാലിയിൽ യുവജനങ്ങൾ പങ്കെടുത്തു. ബഫർ സോണിനെതിരെ പുൽപ്പള്ളിയിൽ വച്ച് നടത്തിയ പന്തംകൊളുത്തി പ്രതിഷേധത്തിന് യുവജനങ്ങൾ പങ്കെടുത്തു. ദുക്റാന തിരുനാളിനോടനുബന്ധിച്ച് തോമസ് നാമധാരികൾക്കും ആശംസകൾ നൽകി. വിശുദ്ധ മരിയ ഗോരെത്തിയുടെ തിരുന്നാൾ ആചരിച്ചു. യുവജനദിനത്തോടനുബന്ധിച്ച് എല്ലാ യുവജനങ്ങളും കുർബാനയിൽ സംബന്ധിക്കുകയും കാഴ്ചവെപ്പ് നടത്തുകയും ചെയ്തു. എം.എസ്സി സൈക്കോളജിയിൽ കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും കരസ്ഥമാക്കിയ സാനിയ മടിക്കാങ്കലിന് അഭിനന്ദനങ്ങൾ അറിയിച്ചു.

**പുതുശ്ശേരിക്കടവ്**

യുവജന ദിനാഘോഷം നടത്തി. യുവജനങ്ങൾ ദിവ്യബലിയിൽ കാഴ്ച്ച സമർപ്പണം നടത്തി. യുവജന സംഗമം നടത്തി ആശംസകൾ നേർന്നു. യുവജനങ്ങൾക്കായി സംഘടിപ്പിച്ച സെമിനാറിൽ റവ. ഫാ. തോമസ്സ് കച്ചിറയിൽ ക്ലാസ്സ് എടുത്തു. ബഫർ സോൺ പ്രഖ്യാപനം അനുഗ്രഹമോ ശാപമോ എന്ന വിഷയത്തെ ആസ്പദമാക്കി ഡിബേറ്റ് സംഘടിപ്പിച്ചു.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ആഗസ്റ്റ് മാസത്തെ ഓഫ്ലൈൻ വിവാഹ ഒരുക്ക കോഴ്സിൽ 83 പേർ സംബന്ധിച്ചു. സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് സെപ്റ്റംബർ 4, 5, 6, 7 തിയതികളിലും ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ഒക്ടോബർ 8,9,10,11 തിയതികളിലും ഒക്ടോബർ 29,30,31, നവംബർ 1 തിയതികളിലും ആണ് നടത്തപ്പെടുന്നത്.

**മാതൃവേദി**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ വികാരി അച്ചന്മാരെ സുകൃതങ്ങൾ എഴുതിയ ബൊക്കെ നൽകി ആദരിക്കുകയും, വിയാനി ഭവൻ സന്ദർശനം നടത്തുകയും ചെയ്തു. പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുകയും ഭാരതത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും, രൂപതാ പ്രസിഡന്റ് ശ്രീമതി ഫിലോ ചേലക്കൽ ഓൺലൈൻ സന്ദേശം നൽകുകയും, കുടുംബങ്ങളിൽ മാതാവിനെ അലങ്കരിച്ച് കുടുംബാംഗങ്ങൾ ഒന്നു ചേർന്ന് പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

ആഗസ്റ്റ് 27-ന് മാതൃവേദിയുടെ സഹ മധ്യസ്ഥയായ വി. മോനിക്കായുടെ തിരുനാൾ എല്ലാ യൂണിറ്റുകളിലും ആഘോഷിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കു വേണ്ടി മുള്ളൻകൊല്ലി മേഖല ചെയിൻ റോസറി നടത്തി പ്രാർത്ഥിച്ചു. ആഗസ്റ്റ് - 28 ഞായറാഴ്ച 2.30 pm ന് മേഖല തലത്തിൽ മത്സരങ്ങൾ നടത്തപ്പെട്ടു. മേഖലയിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന വ്യക്തികളുടെ രചനകൾ രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുക. മത്സരത്തിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും അഭിനന്ദനങ്ങൾ. നേതൃത്വ പരിശീലന ക്ലാസ്സ് നടക്കാത്ത മേഖലകൾ നടത്താൻ ശ്രദ്ധിക്കണേ.

ഭവന നിർമാണ ഫണ്ട് രൂപതാ ഓഫീസിൽ എത്തിക്കാൻ ഏതെങ്കിലും യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തി

ക്കാൻ ശ്രദ്ധിക്കുമല്ലോ.

ഭിന്നശേഷിക്കാരായ മക്കളുള്ള കുടുംബങ്ങളിൽ സന്ദർശനം നടത്തി പ്രാർത്ഥിക്കുകയും വേണ്ട സഹായങ്ങൾ നൽകുകയും, കാലവർഷക്കെടുതി മൂലം ദുരിതങ്ങൾ അനുഭവിക്കുന്നവരെ സന്ദർശിക്കുകയും സഹായങ്ങൾ എത്തിക്കുകയും ഫോൺ വിളിച്ച് അവരെ ആശ്വസിപ്പിക്കുകയും, ഇടവകയിലെ ഏറ്റവും കൂടുതൽ പ്രായമുള്ള മാതാപിതാക്കളെ ആദരിക്കുകയും കിടപ്പുരോഗികളെ സന്ദർശിച്ച് കുമ്പസാരത്തിനും കുർബാന സ്വീകരണത്തിനും ഒരുക്കുകയും ചെയ്തു

**പയ്യമ്പള്ളി**

മേഖലാ സംഗമം നടത്തി. ജൂബിലി വർഷത്തിൽ ഫൊറോന തലത്തിൽ മാതൃവേദിയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകതയും, പൊതു നിർദ്ദേശങ്ങളും വികാരി ഫാ. സുനിൽ വട്ടുക്കുന്നേൽ നൽകി. മേഖലാ തലത്തിൽ ബൈബിൾവാക്യം പഠന മത്സരം നടത്തി.

**നടവയൽ**

ദുക്റാന തിരുനാൾ ആചരിച്ചു. ലോഗോസിന് രജിസ്റ്റർ ചെയ്തു. ഭവന നിർമ്മാണ ഫണ്ട് ശാഖകളിൽ ശേഖരിച്ചു. കേണിച്ചിറ ശാഖയിൽ 60 പേർ രക്തം ദാനം ചെയ്തു. രൂപതാ ജൂബിലിയോടനുബന്ധിച്ച് പറളിക്കുന്ന് മാതൃവേദി നവീകരിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. ചുണ്ടക്കര ശാഖയിൽ ചക്ക കൊണ്ടുള്ള വിഭവങ്ങൾ ഉണ്ടാക്കാൻ പരിശീലനം നൽകി. രോഗീ സന്ദർശനം നടത്തി. രോഗീ സഹായമായി 17000/- രൂപ നൽകി.

**മാനന്തവാടി**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. കർമല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പ്രകൃതി വിഭവങ്ങൾ കൊണ്ടുള്ള ജപമാല നിർമാണ മത്സരം നടത്തി. വിവാഹത്തിന്റെ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെ ഇടവകളിൽ ആദരിച്ചു.

**പാലാങ്കര**

ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രൂപതാ ഭവന നിർമ്മാണ ഫണ്ടിലേക്ക് 9180/- രൂപ സ്വരൂപിച്ചു നൽകി. സെമിത്തേരി ക്ലീനിങ് നടത്തി. ലോഗോസ് ക്വിസ്സിൽ പങ്കെടുക്കാനുള്ളവരുടെ പേരുകൾ രജിസ്റ്റർ ചെയ്തു.

**ചുള്ളിയാന**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തി.

**അപ്പപ്പാറ**

നേതൃത്വ പരിശീലന ക്ലാസ് നടത്തി. ആനുകാലിക വിഷയങ്ങളേക്കുറിച്ച് ചർച്ച ചെയ്തു. രോഗി സന്ദർശനം നടത്തി. മേഖലാ തലത്തിൽ നടത്തിയ ബൈബിൾ വാക്യം മത്സരത്തിൽ പങ്കെടുത്തു.

**നടവയൽ**

ദുക്റാന തിരുനാൾ, കർമല മാതാവിന്റെ തിരുനാൾ, അന്നാ പുണ്യവതിയുടെ തിരുനാൾ, യുവജന ദിനം, വയോജന ദിനം, അൽഫോൻസയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സഹായമായി 1700/- രൂപയും 1000/- രൂപയുടെ ഭക്ഷണ കിറ്റും നൽകി. രൂപതാ ഭവന നിർമ്മാണ ഫണ്ടിലേക്ക് 10000/- രൂപ സമാഹരിച്ചു. ലോഗോസ് രജിസ്ട്രേഷൻ നടത്തി.

**മണ്‍വയൽ**

ദുക്റാന തിരുനാൾ, വി. അൽഫോൻസാ തിരുനാൾ, വിശുദ്ധരുടെ ഓർമ്മത്തിരുനാളുകൾ ആചരിച്ചു. ഫൊറോന കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ഒരു നിർധന രോഗിക്ക് സാമ്പത്തിക സഹായം, ശുശ്രൂഷ സഹായം എന്നിവ നല്കി. ലോഗോസ് ക്വിസ് രജിസ്റ്റർ ചെയ്തു. വൃദ്ധമാതാപിതാക്കന്മാരെ സന്ദർശിച്ചു. വിദ്യാഭ്യാസ സഹായം നല്കി.

**പ്രശാന്തിഗിരി**

അഖണ്ഡ ജപമാലയ്ക്ക് നേതൃത്വം നൽകി. ദുക്റാന തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ്, ജനറൽബോഡി സെമിനാർ എന്നിവ നടത്തി. ജപമാല നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു. വചന കവചം പറയലിൽ 8000 പ്രാവശ്യം വചനം ചൊല്ലി. ക്വിസ് മത്സരം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**തവിഞ്ഞാൽ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവാക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. ജപമാല നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു. വൃദ്ധമാതാപിതാക്കൻമാരെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി.

**കുഞ്ഞോം**

ദുക്റാന ആചരിച്ചു. സാന്ത മോനിക്ക മധ്യസ്ഥ പ്രാർത്ഥന ദിവസവും അയച്ചു കൊടുത്തു. തിരുഹൃദയ രൂപ അലങ്കാര മത്സരം നടത്തി. പ്രസംഗമത്സരം, വചനവൃക്ഷം നിർമ്മാണ മത്സരം എന്നിവ നടത്തി. സമ്മാനം നൽകി. ചികിത്സാസഹായമായി 1500/- രൂപ നൽകി

**വലിയ കൊല്ലി**

ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. ജപമാല നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തയാക്കി.

**യവനാർകുളം**

ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ജപമാല നിർമ്മാണ മത്സരത്തിൽ 3 പേർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഏലപ്പീടിക**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി.അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. സിമിത്തേരി വൃത്തിയാക്കി. പള്ളിയും പരിസരവും വൃത്തിയാക്കി. പാവപ്പെട്ട വ്യക്തികൾക്ക് വസ്ത്ര വിതരണം നടത്തി.

**മാനന്തവാടി ടൗൺ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ജപമാല നിർമാണത്തിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി.

**പോരൂർ**

അഖണ്ഡ ജപമാലയിൽ പങ്കെടുത്തു. ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വിവാഹത്തിന്റെ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെ ആദരിച്ചു. ജനറൽ ബോഡി, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ നടത്തി. രോഗീ സന്ദർശനം നടത്തി.

**പൂക്കോട്ടുംപാടം**

എക്സിക്യൂട്ടീവ് കൂടി. ദുക്റാന തിരുനാൾ, വി. അൽഫോൻസായുടെ തിരുനാൾ, പേരന്റ്സ് ഡേ, ലോകനിയമദിനം, കാർഗിൽ ദിനം എന്നിവ ആചരിച്ചു. ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്തു. എല്ലാ കുടുംബങ്ങളുടെയും ഫോട്ടോകൾ ചേർത്ത് ഡിജിറ്റൽ ആൽബം ഉണ്ടാക്കി. വൈദിക വിദ്യാർത്ഥികൾക്ക് പഠനസഹായമായി 2500/- രൂപയും രൂപതാ ഭവന നിർമ്മാണ പദ്ധതിയിലേക്ക് 1500/- രൂപയും നൽകി.

**പുതിയിടം**

ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഫണ്ട് ശേഖരണത്തിനായി മസാല പൊടികൾ വിറ്റു. ജപമാല നിർമ്മാണത്തിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**തലപ്പുഴ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. നേർച്ച പാച്ചോർ സ്പോൺസർ നൽകി.

**പേരിയ**

അഖണ്ഡ ജപമാലയിൽ പങ്കെടുത്തു. ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ജപമാല നിർമ്മാണ മൽസരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് യോഗം ചേർന്നു. വികാരിയച്ചന്റെ പിതാവിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്ത് അനുശോചനമറിയിച്ചു. പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു.

**ജൂഡ്സ് മൗണ്ട്**

എക്സിക്യൂട്ടീവ് യോഗം ചേർന്നു. ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, ഗ്രാൻഡ് പാരൻസ് ഡേ എന്നിവ ആചരിച്ചു. കാഴ്ചവെപ്പ്

നടത്തി. കുറിയുടെ നറുക്കെടുപ്പ് നടത്തി. വചനകവചം 2,34,410 വചനം ചൊല്ലി.

**ബത്തേരി അസംപ്ഷൻ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ,റോസാ മിസ്റ്റിക്ക മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി.

**നരിവാലമുണ്ട**

കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മ യുടെ തിരുനാൾ എന്നിവ ആചരിച്ചു. ചോക്കാട് ശാന്തിസദൻ അന്തേ വാസികൾക്ക് പൊതിച്ചോറ് നൽകി. ഒരു നിർധന വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായമായി 15000/- രൂപ നൽകി. SSLC , PLUS TWO & CA വിജയികളെ മൊമെന്റോ നൽകി ആദരിച്ചു. രോഗി സന്ദർശനം നടത്തി.

**മരക്കടവ്**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. നവോമി സന്ദർശനം നടത്തി. നേത്ര ചികിത്സയ്ക്കായി 1000/-രൂപ നൽകി. രൂപത ജൂബിലി ഭവന നിർമ്മാണ ഫണ്ടിലേക്ക് 3000/- രൂപയും, ഇട വക ജൂബിലി ഭവന നിർമ്മാണത്തിലേക്ക് 10000/-രൂപയും നൽകി.

**പട്ടാണിക്കുപ്പ്**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ , വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു പ്രായമായ വർ മാതാപിതാക്കളെ ആദരിച്ചു. ഒരു നിർധന കുടുംബത്തിന് രോഗീ സഹായമായി 1000 രൂപ നൽകി. ഓൾഡേജ് ഹോമിൽ ഒരു നേരത്തെ ഭക്ഷണം കൊടുത്തു.

**മഞ്ഞൂറ**

വി. തോമാശ്ലീഹായുടെ നാമധാരിയായ ബഹുമാനപ്പെട്ട വികാരിയച്ചനെ ആശംസകൾ അറിയിച്ച് സമ്മാനങ്ങൾ നൽകി. പ്രായം കൂടുതലുള്ള മാതാപിതാക്കളെ ആദരിച്ചു. വി. അൽഫോൻ സായുടെ തിരുനാൾ ആചരിച്ചു. നേർച്ച ഭക്ഷണം തയ്യാറാക്കി. രോഗി സഹായമായി 2000/-രൂപ നൽകി.

**വാളേരി**

ദുക്റാന തിരുനാൾ വി. അൽഫോൻസാമ്മയുടെ തിരുനാൾ, വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ എന്നിവ ആചരിച്ചു. 91-ാം സങ്കീർത്തന വീഡിയോ മത്സരം നടത്തി സമ്മാനം നൽകി. SSLC , + 2 പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. സാന്താ മോനിക്കാ പ്രാർത്ഥനയിൽ പങ്കെടുത്തു. വചന കവചം, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കൽപ്ര**

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ലോഗോസ് രജിസ്ട്രേഷൻ പൂർത്തിയാക്കി.

**വടപുറം**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. അന്ന നാമധാരികളെ ആദരിച്ചു. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. കാഴ്ച സമർപ്പണം നടത്തി. അൽഫോൻസാദിന ക്വിസ് മൽസരം നടത്തി സമ്മാനങ്ങൾ നല്കി. SSLC,+2 full A+ കിട്ടിയ കുട്ടികളെ ആദരിച്ചു.

**പുതിയിടംകുന്ന്**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചന കവചം - വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. ഭവന സന്ദർശനം നടത്തി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ദുക്റാന തിരുനാൾ ആചരിച്ചു.ലോഗോസ് ക്വിസ് പരിശീലനം നൽകുന്നു. നിലമ്പൂർ മണിമൂളി ഫൊറോനകളുടെ ആഭിമുഖ്യത്തിൽ നടത്തിയ വലിയ കുടുംബങ്ങളുടെ സംഗമത്തിൽ പങ്കെടുത്തു. നവോമി സംഗമം നടത്തി. ഫാമിലി ലോഗോസ് ക്വിസ് നടത്തി. രൂപതയുടെ ഭവന നിർമ്മാണ ഫണ്ടിലേക്ക് 5540 /-രൂപ നൽകി.

**ബോസ്പറ**

രൂപതയുടെ സുവർണ്ണ ജൂബിലിയോടാനുബന്ധിച്ച് ഭവന നിർമാണത്തിനായി സംഭാവന നൽകി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മരകാവ്**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. പ്രസംഗം മത്സരം നടത്തി. ഇടവകയിലെ മുതിർന്ന ദമ്പതികളെ ആദരിച്ചു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖല മീറ്റിംഗിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

വിവിധ നിയോഗങ്ങൾക്കായി ജപമാല, ആരാധന, കരുണക്കൊന്ത എന്നിവ നടത്തി. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

**തലഞ്ഞി**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ക്വിസ് മത്സരം നടത്തി. ഭാഗ്യക്കുറി സംഭാവന കൂപ്പൺ അച്ചടിച്ചു.

**പുതുശ്ശേരിക്കടവ്**

തുടി സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങളും സാമ്പത്തിക സഹായവും നൽകി. ദുക്റാന തിരുനാളിനോടനുബന്ധിച്ച് അരിഞ്ചേർമല ദേവാലയം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**പാറത്തോട്ടം**

മാനന്തവാടി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അന്നദാന ശുശ്രൂഷയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി. ജപമാല നിർമ്മാണം മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് , ജനറൽബോഡി എന്നിവ കൂടി.

**കയ്യൂന്നി**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം-അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ഒരു നിർധന വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായമായി 12500/- രൂപ നൽകി.രൂപതാ ഭവന നിർമ്മാണ ഫണ്ടിലേയ്ക്ക് 3000/- രൂപയും നൽകി.

**പനംഞ്ചിറ**

വി. അൽഫോൻസാമ്മയുടെ തിരുനാൾ, ഗ്രാന്റ് പേരന്റ്സ് ഡേ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി.

**താളിപ്പാടം**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, വി. ലൂയി മാർട്ടിൻ - സെലിഗ്വരി തിരുനാൾ, യുവജന ദിനം, എന്നിവ ആചരിച്ചു. വലിയ കുടുംബങ്ങളുടെ സ്നേഹസംഗമത്തിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു.വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു.

**കുറുമ്പാല**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം-അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വൃദ്ധമാതാപിതാക്കളെ ആദരിച്ചു.

**കളത്തുവയൽ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം- അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. അൽഫോൻസക്വിസ് മത്സരത്തിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി.

**കരിമാനി**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം-അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം, കോളനി സന്ദർശനം എന്നിവ നടത്തി. SSLC യ്ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥിയെ 1000/-രൂപ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു. കോളനി കുട്ടികൾക്കായ് വസ്ത്ര വിതരണം നടത്തി.

**മാർട്ടിൻ നഗർ**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം-അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, അന്താരാഷ്ട്ര മാതൃദിനം, പാരെന്റ്സ് ഡേ, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. ചികിത്സാ സഹായമായി 20000 /- രൂപ നൽകി. രൂപതാ ഭവനനിർമാണ പദ്ധതിയ്ക്ക് വേണ്ടി 8,000/- രൂപ നൽകി. ബോധവൽക്കരണ ക്ലാസ്, കോളാഷ് എന്നിവ നടത്തി. വിയാനി ഭവൻ സന്ദർശിച്ചു.

**ദ്വാരക**

ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ വി. യോവക്കിം - അന്ന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടത്തി.

**റിപ്പൺ**

ദുക്റാന തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. രൂപതാ ഭവന നിർമ്മാണ ഫണ്ടിലേയ്ക്ക് 500/- രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ഓഗസ്റ്റ് മാസത്തെ ഏകദിന കൺവെൻഷന് ഒരുക്കമായി ശുശ്രൂഷകർ അഞ്ചാം തീയ്യതി വെള്ളിയാഴ്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥനയും ആരാധനയും നടത്തി. ആറാം തീയതി ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺ വെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം സിയോൻ ഹാളിൽ നടന്നു. ബ്ര. ജോസഫ് വട്ടക്കുന്നേൽ ജപമാലയ്ക്കും സ്തുതിയാ രാധനക്കും നേതൃത്വം നൽകി. രൂപതയുടെ ചാൻസലർ ബഹു. ഫാ. അനൂപ് കാളിയാനിയിൽ ദിവ്യബലിയർപ്പിച്ചു, സുവിശേഷ സന്ദേശം നൽകി. ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട്, 'സ്വാ തന്ത്ര്യവും പരിശുദ്ധ അമ്മയും' എന്ന വിഷയം ആസ്പദമാക്കി വചനസന്ദേശം നൽകി, ആരാധനക്ക് നേതൃത്വം കൊടുത്തു. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഓഗസ്റ്റ് 12 ന്, രണ്ടാം വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ (എല്ലാ രണ്ടാം വെള്ളിയാഴ്ചയും) സിയോൻ ടീമിന്റെ നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തി.

ഓഗസ്റ്റ് 13ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിച്വൽ ഷെയ റിംങ്ങിന് ബ്ര. പൈലി പെലക്കുടി, ശ്രീമതി എൽസി കുളത്തിങ്കൽ, സി. ജാൻസി SABS, സി. ആൽഫിഷ്, സി. ക്രിസ്റ്റി മരിയ SABS എന്നിവർ നേതൃത്വം നൽകി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറ മ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ച കളിലും ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ പങ്കുവെച്ചു.

ഓഗസ്റ്റ് 18 മുതൽ 21 വരെ തീയതികളിൽ സിയോൻ ധ്യാന കേന്ദ്രത്തിൽ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം നടന്നു.

ഓഗസ്റ്റ് 26 ന് വൈകിട്ട് 7 മുതൽ രാത്രി 12 വരെ സിയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടന്നു. കോർഡിനേറ്റർ ബ്ര. ജോസ് മാളോല, ബ്ര. ബേബി കുപ്പയിൽ എന്നിവർ പ്രാർത്ഥനയ്ക്കു

നേതൃത്വം നൽകി. ഫാ. സോണി വാഴകാട്ട് വചനശുശ്രൂഷ നടത്തി. ഫാ. പ്രിൻസ് തെക്കേതിൽ വി. ബലിയർപ്പിച്ചു.

**NB:**

അടുത്ത ഏകദിന കൺവെൻഷൻ സെപ്റ്റംബർ 3 ന് രാവിലെ 9 മണിക്ക് ആരംഭിക്കുന്നു.

സെപ്റ്റംബർ മാസത്തെ താമസിച്ചുള്ള ധ്യാനം 25 ഞായറാഴ്ച്ചമുതൽ 28 ബുധനാഴ്ച വരെ തീയതികളിലായിരിക്കും. ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുക.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് spiritual sharing ന് സൗകര്യം ഉണ്ടായിരിക്കും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# സാമൂഹ്യ സേവനരംഗം (WSSS)

**വാർഷിക പൊതുയോഗം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2021–22 വർഷത്തെ വാർഷിക പൊതുയോഗം നടത്തി. മാനന്തവാടി രൂപതാ അദ്ധ്യക്ഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡണ്ടുമായ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ മുഖ്യ പ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക കണക്കുകളും പ്രോഗ്രാം ഓഫീസർ ജോസ് പി.എ ബഡ്ജറ്റ്, ഭാവി പ്രവർത്തനങ്ങൾ എന്നിവയും അവതരിപ്പിച്ചു. കൂടാതെ ബയോവിൻ പ്രവർത്തനങ്ങളെക്കറിച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലിയെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ഡയറക്ടർ റവ. ഫാ. ബിനോയ് കാശാംകുറ്റിയിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണ സമിതി അംഗങ്ങളായ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ബിജു ചുങ്കക്കുന്ന്, സിസിലി മാത്യു എന്നിവർ സംസാരിച്ചു.

**പരിശീലന പരിപാടികൾ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മട്ടിലയം നീർത്തട വികസന പദ്ധതിയുടെ ഭാഗമായി സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ഭക്ഷ്യ സംസ്ക്കരണം, കർഷക ഉല്പാദന സംഘങ്ങളുടെ രൂപീകരണം, ജൈവകൃഷി, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ നടത്തി. പരിശീലനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കോ ഓർഡിനേറ്റർമാരായ ദീപു ജോസഫ്, ബിജു കെ. ജെ, ഫീൽഡ് ആനിമേറ്റർമാരായ ഷീന

ആന്റണി, സുജ മാത്യു, ആലീസ് സിസിൽ, വില്ലേജ് വാട്ടർഷെഡ് കമ്മിറ്റി ഭാരവാഹികളായ പി. വെള്ളൻ, കെ. വേണുമാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പൊർലോം നീർത്തട വികസന പദ്ധതിയുടെ ഭാഗമായി സോപ്പ് നിർമ്മാണം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തി. പരിശീലനത്തിന് കോ ഓർഡിനേറ്റർ ദീപു ജോസഫ്, ഫീൽഡ് ആനിമേറ്റർ ഷീന ആന്റണി, വില്ലേജ് വാട്ടർ ഷെഡ് കമ്മിറ്റി ഭാരവാഹികളായ ബെന്നി എൻ.എസ്, വി.ടി അനിൽ കുമാർ എന്നിവർ നേതൃത്വം നൽകി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2022-2024 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ WSSS ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

**DDU-GKY**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU GKY പദ്ധതിയിൽ ഫിറ്റർ ഫാബ്രിക്കേഷൻ ബാച്ചിന്റെ OJT വിജയകരമായി പൂർത്തിയാക്കുകയും എല്ലാവരും ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 156 പേർ പഠന പരിശീലനം പൂർത്തിയാക്കിയ ഈ ബാച്ചിൽ 152 ഓളം പേർക്ക് ജോലി നൽകുവാനും സാധിച്ചു. ഇതിൽ 87 ആളുകൾ 3 മാസത്തിന് മുകളിലായി ജോലി ചെയ്തുവരുന്നു.

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം, കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസുകൾ എന്നിവയും നൽകി

പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000, 2000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്ന താണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. 2023 മാർച്ച് വരെയുള്ള എല്ലാ ബാച്ചുകളിലേക്കും അഡ്മിഷൻ പൂർത്തിയായി കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9526476596 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**SWS** (സോഷ്യൽ വെൽഫയർ സൊസൈറ്റി)

**SWS രൂപീകരണം**

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഇടവകകളിലേക്കു കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചുണ്ടക്കര, അമരക്കുനി, വലിയകൊല്ലി, ചുള്ളിയാന എന്നീ ഇടവകകളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റികൾ രൂപീകരിച്ചു.

ചുണ്ടക്കരയിൽ നടന്ന യോഗം WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ ആലീസ് സിസിൽ നേതൃത്വം നൽകി. അമരക്കുനിയിൽ വികാരി ഫാ. ജെയിംസ് മാങ്കോട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ WSSS അസോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ യൂണിറ്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് വരുമാന വർദ്ധക പ്രവർത്തനങ്ങളെക്കുറിച്ചും കുടുംബ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ക്ലാസെടുത്തു. കോ-ഓർഡിനേറ്റർ ഷീന ആന്റണി നേതൃത്വം നൽകി. വലിയകൊല്ലി ഇടവകയിൽ വികാരി ഫാ. ജിതിൻ പീച്ചാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. WSSSന്റെ നിലവിലുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. കോ-ഓർഡിനേറ്റർ ഷീന ആന്റണി SHG, JLG എന്നിവയുടെ രൂപീകരണവും പ്രവർത്തനങ്ങളും എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ച് സംസാരിച്ചു. ആനിമേറ്റർ സി. നിർമ്മല, ശ്രീ. സ്റ്റാനി എന്നിവർ നേതൃത്വം നൽകി.

## SWS മീറ്റിംഗ്

മഞ്ഞൂറ SWS മീറ്റിംഗ് യൂണിറ്റ് പ്രസിഡണ്ട് ജോസ് അഴീക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. WSSS അസോസ്സിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ Finance Management എന്ന വിഷയത്തിൽ ക്ലാസെടുത്തു. കോ-ഓർഡിനേറ്റർ ആലീസ് സിസിൽ, ആനിമേറ്റർ ഷില്ലി എന്നിവർ നേതൃത്വം നൽകി. ഒണ്ടയങ്ങാടിയിൽ യൂണിറ്റ് പ്രസിഡണ്ട് സ്മിത സജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ Nanjil College of Arts and Science, Trivandrum MSW വിദ്യാർത്ഥികളായ ശ്രുതിലക്ഷ്മി, അജിത എന്നിവർ ജീവിത പ്രശ്നങ്ങൾ എങ്ങനെ ധീരമായി നേരിടാം എന്ന വിഷയത്തിൽ ക്ലാസെടുത്തു.

തൃശിലേരിയിൽ യൂണിറ്റ് പ്രസിഡണ്ട് ഫിലോമിനയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി മിനിജ, കോർഡിനേറ്റർ ആലീസ് സിസിൽ എന്നിവർ ഭാവി പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ ചർച്ചക്ക് നേതൃത്വം നൽകി. എടയൂർക്കുന്ന് യൂണിറ്റ് പ്രസിഡണ്ട് മേഴ്സിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മഴക്കാല ആരോഗ്യ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ കോ-ഓർഡിനേറ്റർ ആലീസ് സിസിൽ ക്ലാസെടുത്തു. മരകാവ്, ഒഴുക്കന്മൂല, ശശിമല എന്നീ യൂണിറ്റുകളിൽ യഥാക്രമം മാലിനി, അജിത, ശ്രുതി ലക്ഷ്മി എന്നിവർ ജീവിതപ്രശ്നങ്ങളെ എങ്ങനെ ധീരമായി നേരിടാം എന്ന വിഷയത്തിൽ ക്ലാസ് നൽകി. തവിഞ്ഞാൽ യൂണിറ്റ് പ്രസിഡണ്ട് ജോയി മണക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ Hindusthan College of Arts and Science Coimbatore ലെ MSW വിദ്യാർത്ഥികളായ അതുൽ, ഡീറ്റസ് എന്നിവർ ബഫർസോൺ വിഷയാവതരണം നടത്തി. കോ-ഓർഡിനേറ്റർ ഷീന ആന്റണി നേതൃത്വം നൽകി. കല്ലോടി SWS ന്റെ നേതൃത്വത്തിൽ കുഴിമന്തി തയ്യാറാക്കുന്ന വിധം പരിശീലനം നടത്തി. ഷിജി ദ്വാരക, വത്സമ്മ തോമസ്, ജെസ്സി, ചാക്കോ ചെറുപ്ലാവിൽ എന്നിവർ നേതൃത്വം നൽകി. മുതിരേരിയിൽ SWS യോഗത്തിൽ പ്രസിഡണ്ട് ബിനോയി SWS ശാക്തീകരണത്തെക്കുറിച്ച് സംസാരിച്ചു. പോരൂർ SWS പ്രസിഡണ്ട് ബിന്ദു കൊച്ചുമാങ്കൂട്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വരുമാന വർദ്ധക പ്രവർത്തനങ്ങൾ SHG കളിൽ എന്ന വിഷയത്തിൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി ക്ലാസ്സെടുത്തു.

**സോപ്പ് ഉൽപ്പന്ന നിർമ്മാണ പരിശീലനം**

തലപ്പുഴ SWS ന്റെ നേതൃത്വത്തിലും ഒഴക്കോടി നാഷണൽ സ്കൂളിൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിലും തിരുവമ്പാടിയിൽ മാതൃവേദിയുടെ നേതൃത്വത്തിലും നടന്ന പരിശീലനത്തിന് കോ-ഓർഡിനേറ്റർ ഷീന ആന്റണിയും വിൻസന്റ്ഗിരി, ഒഴുക്കമ്മൂല, ഒണ്ടയങ്ങാടി എന്നിവിടങ്ങളിൽ കോ-ഓർഡിനേറ്റർ ആലീസ് സിസിലും പുൽപ്പള്ളിയിൽ പ്രവർത്തിക്കുന്ന അക്ഷയ, സൗഭാഗ്യ, ദൃശ്യ എന്നീ SHG കൾക്ക് കോ-ഓർഡിനേറ്റർ സുജ മാത്യുവും പരിശീലനം നൽകി.

**ആട് വിതരണം**

സ്വാശ്രയ സംഘത്തിലെ അംഗങ്ങൾക്ക് കൈതാങ്ങ് ആകുക എന്ന ലക്ഷ്യത്തോടെ SWS കളിലൂടെ നൽകി വരുന്ന ആടുകളുടെ വിതരണം തവിഞ്ഞാലിൽ ഐശ്വര്യ, വിമല ഗ്രൂപ്പുകൾക്കും പടമല, കുഞ്ഞോം എന്നിവിടങ്ങളിലും നടന്നു.

ആശാകിരണം പദ്ധതിയിലൂടെ ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് ആവശ്യക്കാർക്ക് നൽകുന്നതിന്റെ ഭാഗമായി തവിഞ്ഞാൽ, എടയൂർക്കുന്ന് എന്നിവിടങ്ങളിൽ നിന്നും വസ്ത്ര ശേഖരണം നടത്തി.

നബാർഡ് NGO, ആമിസ പ്രതിനിധികൾക്ക് വേണ്ടി നടത്തിയ യോഗത്തിൽ WSSS ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐശ്വര്യ കല്ലോടി, പ്രതീക്ഷ എടയൂർക്കുന്ന് എന്നീ SHG കൾ തങ്ങളുടെ വിജയകഥകൾ അവതരിപ്പിച്ചു. SHGകൾ നടപ്പിലാക്കി വരുന്ന സോപ്പുൽപന്ന നിർമ്മാണം, പച്ചമരുന്ന് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം എന്നിവയ്ക്ക് പുറമേ പച്ചക്കറികൃഷി, വാഴ, ഇഞ്ചി, കപ്പകൃഷി, പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിവയുടെ റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിച്ചു.

**വോളണ്ടിയേഴ്സ് ട്രെയിനിംഗ്**

**കാരിത്താസ് ഇന്ത്യ DRR (Disaster Rise Reduction)**

വോളണ്ടിയേഴ്സിന്റെ ടീം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ 25 അംഗങ്ങൾക്കായി നടത്തിയ പരിശീലനത്തിൽ നിന്നും 05 പേരെ കണ്ടെത്തി. എറണാകുളം ചിറായിൽ വച്ച് നടത്തിയ ദ്വിദിന പരിശീലനത്തിൽ ഒണ്ടയങ്ങാടിയിൽ നിന്നും ആൽബിൻ, ആന്റണി എന്നിവരും ചുള്ളിയാനയിൽ നിന്നും അലീന ടോമി,

ഡോണ മാനുവൽ എന്നിവരും കല്ലോടിയിൽ നിന്നും ഡെയ്സി യോടൊപ്പം കോ ഓർഡിനേറ്റർ ഷീന ആന്റണിയും പങ്കെടുത്തു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി മുന്നോട്ടു പോകുന്നു.

**ആനുകൂല്യം**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത രണ്ട് അംഗങ്ങൾക്ക് പ്രസവ ധനസഹായമായി 15000 രൂപ വീതം ലഭിച്ചു.

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനത്തിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ ജനങ്ങളിലേക്ക് പരമാവധി എത്തിക്കുന്നതിനായി ഇടവകതല പാരീഷ് കൗൺസിൽ യോഗ ങ്ങളിൽ ബോധവത്ക്കരണ ക്ലാസ് നടത്തിവരുന്നു.

കേരള ലേബർ മൂവ്മെന്റ് നടപ്പിലാക്കുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള പ്രൊജക്ടിൽ ഉൾപ്പെടുത്തി 25 കുട്ടികൾക്കുള്ള പരിശീലനം ആഗസ്റ്റ് 26 ന് ബത്തേരിയിൽ വച്ച് നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയായി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേരള ലേബർ മൂവ്മെന്റും ചേർന്ന് നടത്തുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയായ ജീവസ് ഇൻഷൂറൻസ് പദ്ധതി 5-ാം വർഷത്തിലേക്ക് കടന്നു.

ഈ സാമ്പത്തിക വർഷം 1250 കുടുംബങ്ങൾക്ക് പരിരക്ഷ ഉറപ്പാക്കി. ഇതുവരെ ലഭിച്ച ക്ലെയിം 73 എണ്ണത്തിൽ 29 എണ്ണം പാസ്സായി. 231916 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ മുഴുവൻ പഞ്ചായത്തുകളിലും , വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ജൂലൈ മാസത്തോടെ മുഴുവൻ കർഷക ഗ്രൂപ്പുകളിലും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**NPOP ഓഡിറ്റ് ക്രമീകരണങ്ങൾ**

14 ICS കളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ സോക്കയിൽ നിന്നുള്ള ഓഡിറ്റ് നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പൂർത്തീകരിച്ചു.

**കുരുമുളക് തൈ വിതരണം ചെയ്തു**

കർഷകർക്കായി പന്നിയൂർ 1 ഇനത്തിൽപെട്ട 60000 കൂടതൈകൾ വിതരണം ചെയ്തു. വോഫെയുടെ നഴ്സറിയിൽ GIZ പ്രോജക്ടിന്റെ ഭാഗമായി ഉത്പാദിപ്പിച്ച തൈകളാണ് വിതരണം ചെയ്തത്.

**കഫെ, വോഫെ വാർഷിക പൊതുയോഗങ്ങൾ നടന്നു**

കഫെയുടെ ഏഴാമത് വാർഷിക പൊതുയോഗവും വൊഫയുടെ പൊതുയോഗവും യഥാക്രമം ജൂലൈ 11, 15 തീയ്യതികളിലായി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന കഫെ വാർഷിക പൊതുയോഗം ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. നിതിൻ പാലക്കാട്ട് ഉദ്ഘാടനം നിർവഹിക്കുകയും, സംഘടനാ ഉപദേഷ്ടാവ് അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. സംഘടനയുടെ മുൻവർഷ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപ്പുവർഷ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിലിന്റെ കൃതജ്ഞതയോടെ യോഗം പിരിഞ്ഞു.

വോഫെ വാർഷിക പൊതുയോഗത്തിൽ , ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിക്കുകയും ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. നിതിൻ പാലക്കാട്ട് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. സെക്രട്ടറി ശ്രീ. ജോയ് പരിയാരം മുൻവർഷ റിപ്പോർട്ടുകളും നടപ്പുവർഷ പദ്ധതികളുടെ രൂപരേഖയും അവതരിപ്പിക്കുകയും, യോഗം ചർച്ചകൾക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു. യോഗത്തിൽ ശ്രീമതി മഹേശ്വരി സ്വാഗതം ആശംസിക്കുകയും, ശ്രീ.സുനിൽ പാലമറ്റം നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തി**

ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലായി ഇന്റേണൽ ഇൻസ്പെക്ഷൻനടന്നു വരുന്നു.

കർഷകർ നൽകിയ വിവരങ്ങൾ കൃത്യമാണോ എന്ന് അപഗ്രഥിക്കുകയും കൃഷിയിടത്തിൽ നിലവാരം പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുമാണ് ഇന്റേണൽ ഇൻസ്പെക്ഷനിലൂടെ ലക്ഷ്യമിടുന്നത്.

**ഫെയർട്രേഡ് ഓഡിറ്റ് നടന്നു**

ജൂലൈ മാസം 19 മുതൽ 23 വരെ വൊഫയുടെ ഫെയർട്രേഡ് ഓഡിറ്റ് നടന്നു. വൊഫയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫ്ളോസെർട്ടിൽ നിന്നും ഓഡിറ്റർ ശ്രീ. സൂരജ് പത്മനാഭൻ മുള്ളൻകൊല്ലി, പുൽപള്ളി, അമ്പലവയൽ, നെന്മേനി, എന്നീ പഞ്ചായത്തുകളിലെ കർഷകരെ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**കാലാവസ്ഥ വ്യതിയാന പഠനം വർക്ക്ഷോപ്പ്**

ജൂലൈ മാസം ഒൻപതാം തീയതി മീനങ്ങാടിയിൽ വച്ച് ചേർന്ന നെറ്റ്വർക്ക് ഓഫ് ഏഷ്യ പസഫിക്കിന്റെ നേതൃത്വത്തിൽ നടന്ന കാലാവസ്ഥ വ്യതിയാന പഠനം വർക്ക്ഷോപ്പിൽ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, ശ്രീ. ജോൺസൻ അഴീക്കൽ, ശ്രീമതി സോണിയ, ഫാ. നിതിൻ പാലക്കാട്ട് എന്നിവർ പങ്കെടുത്തു.

**NAAP GSC യോഗത്തിൽ പങ്കെടുത്തു**

ജൂലൈ മാസം 13 ന് കോയമ്പത്തൂരിൽ വച്ച് നാപ് സംഘടിപ്പിച്ച GSC യോഗത്തിൽ വോഫെയെ പ്രതിനിധീകരിച്ച് ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, ഫാ. നിതിൻ പാലക്കാട്ട് എന്നിവർ പങ്കെടുത്തു.

**മാർക്കറ്റിങ്**

ജൂലൈ മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂൺ മാസം, 2584 കിലോ ഞാലിപ്പൂവൻ വാഴക്കുല 35 രൂപ നിരക്കിലും, 12650 കിലോ കാപ്പി 98 രൂപ നിരക്കിലും, 2987.1 കിലോ കുരുമുളക് 530 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂലൈ മാസത്തിലും ഇഞ്ചി, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഹരിത മുദ്ര പുരസ്കാരം**

കാർഷികമേഖലയുടെയും കർഷകരുടേയും വികസനത്തിനു വേണ്ടി അവതരിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക പ്രോഗ്രാമുകൾക്ക് സംസ്ഥാന കൃഷി വകുപ്പ് നല്കുന്ന ഹരിത മുദ്ര പുരസ്കാരം റേഡിയോ മാറ്റൊലിക്ക് വേണ്ടി സ്മിത ജോൺസൺ ഏറ്റുവാങ്ങി. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന കർഷകദിനാചരണ പരിപാടിയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദാണ് പുരസ്കാരം വിതരണം ചെയ്തത്. റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്ന കാർഷികാധിഷ്ഠിത പരിപാടിയായ ഞാറ്റുവേല പരിപാടിയാണ് പുരസ്കാരത്തിന് അർഹമായത്. കൃഷിയുമായി ബന്ധപ്പെട്ട ആനുകാലിക വിഷയങ്ങൾ, കമ്പോള വില നിലവാരം, സമകാലികസംഭവങ്ങൾ ചിത്രീകരണരൂപത്തിലവതരിപ്പിക്കുന്ന ചായക്കട, കാലാവസ്ഥ എന്നിവയടങ്ങിയ പരിപാടിയാണ് ഞാറ്റുവേല. 2022 ൽ രണ്ടാമത്തെ പുരസ്കാരമാണ് റേഡിയോ മാറ്റൊലിയെ തേടിയെത്തുന്നത്. 2019 ൽ ഹരിതമുദ്ര പുരസ്കാരം മാറ്റൊലിക്ക് ലഭിച്ചിരുന്നു.

**ആസാദി കാ അമൃത് മഹോത്സവം**

**ദേശനായകർ**

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ദേശനായകർ എന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**സ്വാതന്ത്ര്യാമൃതം**

സ്വാതന്ത്ര്യാമൃതം എന്ന പേരിൽ സ്വാതന്ത്ര്യദിന പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**സ്വാതന്ത്ര്യദിന ക്വിസ്**

സ്വാതന്ത്ര്യദിന ക്വിസ് മത്സരം സംഘടിപ്പിച്ചു. 15 ദിവസം നീണ്ടുനിന്ന ചോദ്യോത്തര പരിപാടിയിൽ നൂറോളം ശ്രോതാക്കൾ പങ്കെടുത്തു. 15 ദിവസവും ശരിയുത്തരമയച്ചവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സത്യജിത്ത് കെ. എസ് തൃശ്ശിലേരി, രജനി വി. കെ കരിങ്ങാരി, ശ്രീഷ്മ സി.ആർ കരിങ്ങാരി എന്നിവർ യഥാക്രമം

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. 1500,1000,750 എന്നിങ്ങനെയാണ് സമ്മാനതുക.

**മാറ്റൊലിക്കൂട്ടം-സഹായനിധി**

റേഡിയോ മാറ്റൊലി ശ്രോതാക്കളുടെ കൂട്ടായ്മയായ മാറ്റൊലിക്കൂട്ടം അംഗങ്ങൾ അവരുടെ തന്നെ നേതൃത്വത്തിൽ സമാഹരിച്ച തുക മാറ്റൊലി ശ്രോതാവായ കാരക്കാമല സ്വദേശി അമ്മു അശോകന്റെ മകൻ കൃഷ്ണദേവിന് ചികിത്സയ്ക്കായി കൈമാറി. ആഗസ്റ്റ് 10 ന് മാറ്റൊലിയിൽ കാനറാ ബാങ്ക് എ.ജി.എം വി.സി. സത്യപാൽ, ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ എന്നിവരുടെ സാന്നിധ്യത്തിൽ ആണ് ചടങ്ങ് സംഘടിപ്പിച്ചത്. മാറ്റൊലിക്കൂട്ടം അംഗങ്ങൾ, എക്സ്പെർട്ട് വോളണ്ടിയേഴ്സ്, സ്റ്റാഫ് അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ലോക മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് 8 ന് ആരോഗ്യാമൃതം എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. 2 മണിമുതൽ 3 മണി വരെ സംഘടിപ്പിച്ച പരിപാടിയിൽ മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ പീഡിയാട്രീഷ്യൻ ഡോ. സിസ്റ്റർ ജെസ്സിൻ സി.എം.സി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ഡിജിറ്റൽ ബാങ്കിംഗ് അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ആഗസ്റ്റ് 13 ന് 2 മണിമുതൽ 3 മണി വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**സന്ദർശനം**

കാനറാ ബാങ്ക് എ.ജി.എം വി.സി.സത്യപാൽ, ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ എന്നിവർ ആഗസ്റ്റ് 10 ന് മാറ്റൊലി സന്ദർശിച്ചു.

കണ്ണൂർ മട്ടന്നൂരിൽ ആരംഭിക്കുന്ന റേഡിയോ മലബാർ 89.6 എഫ്.എം ന്റെ ടീം അംഗങ്ങൾ റേഡിയോയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുന്നതിന് ജൂലായ് 21 ന് മാറ്റൊലി സന്ദർശിച്ചു.

സ്പൈസസ് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ജോജി മാത്യു ജൂലായ് 21 ന് മാറ്റൊലി സന്ദർശിക്കുകയും പ്രോഗ്രാം റെക്കോർഡു ചെയ്യുകയും ചെയ്തു.

ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ ലിസിയാമ്മ സാമുവൽ ആഗസ്ററ് 15 ന് വരികയും അഭിമുഖത്തിൽ പങ്കെടുക്കുകയും ചെയ്തു. ഡോ. ഡിനു ആൻ ഡൊമിനിക് ആഗസ്ററ് 16 ന് പ്രോഗ്രാം റെക്കോർഡിംഗിനു വന്നു.

**പങ്കാളിത്തം**

ജൂലായ് 24, 25 തിയ്യതികളിൽ ഡൽഹിയിൽ വെച്ചു നടന്ന റേഡിയോ ഫെസ്റ്റിവലിൽ ഫാ. ബിജോ കറുകപ്പിള്ളി, ഫാ. ബിവാൾഡിൻ എന്നിവർ പങ്കെടുത്തു.

ആഗസ്ററ് 13 ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ചുനടന്ന വാർഷിക ഗവേർണിംഗ് ബോഡി യോഗത്തിൽ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു. ജില്ലാ ജയിലിൽ നടത്തിയ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടിയിൽ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**സ്വീകരണം**

വയനാട് ഡിജിറ്റലിലേക്ക് എന്ന പരിപാടിയുടെ ഭാഗമായി ലീഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടെ അവതരിപ്പിച്ച തെരുവുനാടകത്തിലെ അഭിനേതാക്കൾക്ക് ജൂലായ് 29 ന് മാറ്റൊലിയിൽ സ്വീകരണം നൽകി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# ജീസസ് ഫ്രട്ടേണിറ്റി വാർത്തകൾ

രണ്ടുവർഷത്തെ കോവിഡ് പ്രതിസന്ധികൾക്ക് ശേഷം ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾ വീണ്ടും പുനരാരംഭിച്ചു.

12.8.2022 ന് സ്റ്റേറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട മാർട്ടിൻ തട്ടിൽ അച്ചനും കോഴിക്കോട് സോണൽ ഡയറക്ടർ ഫാദർ സായി പാറൻകുളങ്ങരയും, സെക്രട്ടറി സിസ്റ്റർ. ഫിലോ. S. A. B. S ഉം (താമരശ്ശേരി ) മാനന്തവാടി രൂപതാ ഡയറക്ടർ ടോമി പുത്തൻപുരയ്ക്കൽ അച്ചനും മാനന്തവാടി വൈത്തിരി ജയിലുകളിൽ സന്ദർശനം നടത്തുന്ന സിസ്റ്റേഴ്സ് സിസ്റ്റർ ലില്ലി എസ് എച്ച്. സിസ്റ്റർ മെർലിൻ S. H, ജസ്ന F C C എന്നിവരും ചേർന്ന് മാനന്തവാടി, വൈത്തിരി ജയിലുകൾ സന്ദർശിക്കുകയും ഫ്രട്ടെണിറ്റിയുടെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ജയിൽ സൂപ്രണ്ടുമാരുമായി സംസാരിക്കുകയും ചെയ്തു. 15.8.2022 ന് ദ്വാരക മേഖല കെ.സി. വൈ.എം നേതൃത്വത്തിൽ മാനന്തവാടി ജില്ലാ ജയിൽ സന്ദർശിക്കുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട ബിജോ കറുകപ്പള്ളി അച്ചനും ആനിമേറ്റർ സിസ്റ്റർ രഞ്ജിത എഫ് സി സി യും നേതൃത്വം നൽകി.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**

ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കു കീഴിൽ വരുന്ന വിവിധ യൂണിറ്റുകളുടെ പ്രവർത്തന വിലയിരുത്തൽ മീറ്റിംഗ് 13.08. 2022 ശനിയാഴ്ച NDS ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിലിന്റെ നേതൃത്വത്തിൽ NDS ഓഫീസിൽ വച്ച് നടന്നു. മീറ്റിങ്ങിന് NDS ഡയറക്ടർ അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ അനൂപ് കൊല്ലം കുന്നേൽ NDS ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ പ്രോജക്റ്റ് കോർഡിനേറ്റർ സുബിൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു. NDS ന്റെ വിവിധ യൂണിറ്റുകളിൽ നിന്നും വന്ന ഭാരവാഹികൾ തങ്ങളുടെ യൂണിറ്റുകളുടെ കഴിഞ്ഞ രണ്ടുമാസത്തെ പ്രവർത്തന റിപ്പോർട്ട് കണക്കുകളും വായിച്ചു അവതരിപ്പിച്ചു. തുടർന്ന് ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ തുടർന്നുവരുന്ന ദിവസങ്ങളിൽ തമിഴ്നാട് നബാർഡിന്റെ ധനസഹായത്തോടെ നടത്തപ്പെടുന്ന ആടുവളർത്തൽ സംരംഭകത്വം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന പത്തുദിവസത്തെ തുടർ പരിശീലനം, പ്രോഗ്രാം ഷെഡ്യൂളുകൾ എന്നിവയെപ്പറ്റി വിവരിച്ചു. അതോടൊപ്പം ട്രെയിനിങ്ങിന് വരുന്ന ഗുണഭോക്താക്കൾക്ക് ലോൺ സൗകര്യവും മറ്റും ചെയ്തു കൊടുക്കുന്നതിന് വിവിധ ബാങ്കുകളിൽ നിന്നും ക്രെഡിറ്റ് ലിങ്കേജ് സൗകര്യവും മറ്റും ഡയറക്ടർ വിശദീകരിച്ച് സംസാരിച്ചു.

**LEDP ആടുവളർത്തൽ PRE- - Training**

നബാർഡ് തമിഴ്നാടിന്റെ ധനസഹായത്തോടെ നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചെയ്യുന്ന നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കിലുള്ള പിന്നോക്കം നിൽക്കുന്ന സ്വയം സഹായ സംഘങ്ങളിൽ ഉള്ള വനിതകൾക്ക് ആടുവളർത്തലും, സംരംഭകത്വവും, വിപണനവും എന്ന വിഷയത്തിൽ പത്ത് ദിവസത്തെ തുടർപരിശീലന പരിപാടിക്കു മുന്നോടിയായി NDS ട്രെയിനർ ജൂഡ് മാർട്ടിൻ NDS ന് കീഴിലുള്ള വിവിധയൂണിറ്റുകളിൽ യൂണിറ്റ് ഭാരവാഹികൾക്ക് മേൽപ്പറഞ്ഞ ട്രെയിനിങ്ങിന് വേണ്ട നിർദ്ദേശങ്ങളും മറ്റും നൽകുകയുണ്ടായി. ബെക്കി, കുന്നലാടി, കൽപ്ര, കയ്യൂന്നി, പനംചിറ, ധർമഗിരി, ബോസ്പാറ, അരുൾനിലയം, ആറാട്ടുപാറ, മൺവയൽ, വിമലഗിരി എന്നീ യൂണിറ്റുകളിൽ നിന്നും യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**CAT സർട്ടിഫിക്കറ്റ് വിതരണം**

നബാർഡ് തമിഴ്നാടും, NDS ഉം സംയുക്തമായി നടപ്പിലാക്കിയ CAT പഠനയാത്രയുടെ ഭാഗമായി വിജയകരമായി ട്രെയിനിങ് പൂർത്തിയാക്കിയ 25 അവക്കാഡോ കർഷകർക്ക് നബാർഡ് തമിഴ്നാട് CAT ട്രെയിനിങ് പ്രോഗ്രാം കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ചടങ്ങിനു നബാർഡ് AGM ശ്രീ. തിരുമല റാവു അധ്യക്ഷത വഹിച്ചു. NDS ഡയറക്ടർ ഫാദർ ബിനോയ് കെ. സെബാസ്റ്റ്യൻ, ഗൂഡല്ലൂർ ഹോർട്ടികൾച്ചർ ഓഫീസർ കുമാരി കൗസല്യ, ഹോർട്ടികൾച്ചർ, ആത്മ, ഗൂഡല്ലൂർ ഓഫീസർ കുമാരി. സിന്ധു, ഇസാഫ് ബാങ്ക് മാനേജർ ശ്രീമതി ദിവ്യ, എന്നിവർ പങ്കെടുത്ത ചടങ്ങിൽ ട്രെയിനിങ് പൂർത്തിയാക്കിയ 25 ഓളം കർഷകർ നബാർഡ് AGMൽ നിന്നും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റി.

**സ്റ്റുഡൻസ് ബ്ലോക്ക് placement Training**

ഭാരതിയാർ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള നീലഗിരി ജില്ലയിലെ ഗൂഡല്ലൂരിലുള്ള ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ മൂന്നാം വർഷ ബി. എസ്. ഡബ്ല്യു സ്റ്റുഡൻസ് തങ്ങളുടെ ബ്ലോക് പ്ലേസ്മെന്റ് ട്രെയിനിങ്മായി ബന്ധപ്പെട്ടു NDS ഓഫീസിൽ എത്തിച്ചേർന്നു. ഈ ട്രെയിനിങിന്റെ ഭാഗമായി 5 വിദ്യാർഥിനികൾക്ക് 22 ദിവസത്തെ ബ്ലോക്ക് പ്ലേസ്മെന്റ് സൗകര്യം NDS നൽകി

വരുന്നു. NDSന്റെ 10 യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ടുകൾ തയാറാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ വിദ്യാർഥിനികളെ NDS ന്റെ തുടർന്നുവരുന്ന പരിശീലന പരിപാടികളിൽ VOLUNTEERS ആയി ഉൾപ്പെടുത്തി ഫീൽഡ് വർക്കിന് നിർദ്ദേശിച്ചു.

ഭാരതിയാർ യൂണിവേഴ്സിറ്റി കോയമ്പത്തൂർ ക്യാംപസിൽ ഉള്ള MSW വിദ്യാർത്ഥികളായ സുമ ജോസഫ്, ഫാദർ ജെറി ജോസഫ് എന്നിവർ 22 ദിവസത്തെ ഫീൽഡ് ട്രെയിനിങ് പൂർത്തിയാക്കുകയും യൂണിറ്റുകൾ സന്ദർശിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**ദേശീയ ജീവൻ മിഷൻ**

ദേശീയ ജീവൻ മിഷൻ ISA പ്രവർത്തനങ്ങൾ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിജയകരമായി നടന്നു വരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടി തലത്തിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ വിജയകരമായി പൂർത്തീകരിച്ചു. നിലവിൽ നടത്തേണ്ടുന്ന ജല ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ടുള്ള ഫീൽഡ് ടെസ്റ്റ് കിറ്റുകളുടെ അഭാവത്താൽ ഫീൽഡ് ടെസ്റ്റ് കിറ്റ് കിട്ടുന്ന മുറയ്ക്ക് ഈ പ്രോഗ്രാമുകൾ നടത്തുമെന്ന് അറിയിക്കുന്നു. ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 10 വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബ്ബുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ആമുഖം**

ഫലം ആസ്വദിക്കുമ്പോൾ വേരിനെ മറക്കരുത് എന്നാണ് ചൈനീസ് പഴമൊഴി. കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി മുന്നോട്ട് വയ്ക്കുന്ന ആശയം ആണ് ഇത്. കാലഘട്ടത്തെ ഒരു സമയം കൊണ്ട് നടന്ന കത്തോലിക്കാ ദൈവജനം സമുദായ സംഘടനയായി വളരേണ്ട കാലം ഇനിയും അവസാനിച്ചിട്ടില്ല. ഒന്നിച്ച് വളരുകയും ഒന്നിച്ച് മുന്നേറുകയും ആണ് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി അംഗങ്ങൾ ഇന്ന് ചെയ്യേണ്ടതും, കാണിക്കേണ്ടതും. ഇതിനായുള്ള അലയടികൾ ഇടവകകൾ ഏറ്റെടുക്കുന്നു എന്നതിൽ അഭിമാനം കൊള്ളുന്നു. എല്ലാ കത്തോലിക്കരും സംഘടിക്കുക, സമ്മേളിക്കുക. പരസ്പരം ഊന്ന് വടികൾ ആകാം.

**ജയ് കത്തോലിക്കാ കോൺഗ്രസ്സ്**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ പുൽപ്പള്ളിൽ ആയിരങ്ങളെ അണിനിരത്തി ബഫർ സോൺ വിഷയത്തിൽ പ്രതിക്ഷേധം സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ, മേഖല ഡയറക്ടർ ഫാ. ജയിംസ് പുത്തൻപറമ്പിൽ, ഫാ. ജോസ് തേക്കനാടി, ഫാ. ജോർജ് മൈലാടൂർ മറ്റു ഇടവക വികാരിമാർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നും കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ അണിനിരന്ന റാലിയുടെ കൺവീനർ മേഖല പ്രസിഡന്റ് ശ്രീ. തോമസ് പാഴൂക്കാല ആയിരുന്നു. മാനന്തവാടി, ബത്തേരി മേഖലകളിൽ നടന്ന ബഫർ സോൺ പ്രതിക്ഷേധ പരിപാടിയിൽ കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സജീവമായി സാന്നിധ്യം അറിയിച്ചു.

കത്തോലിക്ക കോൺഗ്രസ് സെക്രട്ടറിയേറ്റ് ധർണ്ണയിൽ സർക്കാരിനെതിരെ പ്രതിഷേധമിരമ്പി. മാനന്തവാടി രൂപതാ സമിതി പ്രതിക്ഷേധത്തിൽ പങ്കെടുത്തു.

ബഫർ സോൺ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ

ഇരട്ടത്താപ്പിലും, വന്യമൃഗ ആക്രമണ വിഷയത്തിൽ സർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾക്കെതിരെയും പ്രതിഷേധിച്ച് കത്തോലിക്ക കോൺഗ്രസ് കേന്ദ്ര സമിതി തിരുവനന്തപുരത്തു സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് ധർണ്ണയിൽ കനത്ത പ്രതിഷേധമിരമ്പി.

2019 ഒക്ടോബറിലെ മന്ത്രിസഭാ തീരുമാനം പ്രതീകാത്മകമായി കത്തിച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം ധർണ്ണ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ജനവാസ മേഖലയിലും, കൃഷിയിടങ്ങളിലും ബഫർ സോൺ നടപ്പിലായാൽ, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള സർക്കാരിന് ആയിരിക്കുമെന്നും, അതിനാൽ മന്ത്രിസഭ തീരുമാനം ഉടനടി റദ്ദ് ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വന്യമൃഗ ആക്രമണംമൂലം നിരവധി ജീവനുകൾ പൊലിഞ്ഞിട്ടും, ആയിരക്കണക്കിന് ഏക്കർ കൃഷി സ്ഥലങ്ങൾ നശിക്കപ്പെട്ടിട്ടും, സംസ്ഥാന സർക്കാർ അലംഭാവം കാട്ടുന്നത് അപലപനീയമാണ്. നവോത്ഥാന നായകരുടെ നിരയിൽ നിന്നും ചാവറയച്ചനെ തമസ്കരിക്കുന്നത് ഗൂഢാലോചനയാണെന്നും, അംഗീകരിക്കാനാവില്ലെന്നും ഉടൻ തിരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ബഫർ സോൺ വിരുദ്ധ സമരങ്ങളും, പ്രതിഷേധങ്ങളും നേരത്തെ എല്ലാ രൂപതകളിലും, ജില്ലകളിലും നടന്നു കഴിഞ്ഞു. കേരളത്തിലെ 13 രൂപതകളിൽ നിന്നായി കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളും, പ്രതിനിധികളുമായി ആയിരങ്ങൾ സമരാവേശത്താൽ മുദ്രാവാക്യങ്ങളും, പ്ലക്കാർഡുകളുമായി സെക്രട്ടറിയേറ്റ് ധർണ്ണയിൽ അണിചേർന്നു.

മന്ത്രിസഭാ തീരുമാനം റദ്ദ് ചെയ്യാതെ പ്രമേയം പാസ്സാക്കിയത് കൊണ്ട് ഒരു പ്രയോജനവുമില്ല. ഇത് സുപ്രീം കോടതിയിൽ അംഗീകരിക്കപ്പെടുകയുമില്ല. യാഥാർഥ്യം ഇതായിരിക്കെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പരസ്പരം പഴിചാരി കൈ കഴുകുന്നത് കർഷക ദ്രോഹമാണ്. കർഷകരെ മറന്നു കൊണ്ട് ഒരു സർക്കാരിനും നിലനിൽപ്പില്ല.

വിദേശ വ്യവസായികൾക്ക് കാർബൺ ന്യൂട്രാലിറ്റി ഉറപ്പാക്കുന്നതിനായി കേരളത്തിന്റെ കർഷക ഭൂമിയും, വനഭൂമിയും ദീർഘകാല അന്തർദേശീയ കരാറിൽപെടുത്തി സാധാരണക്കാരെ കുടിയൊഴിപ്പിക്കാനുള്ള നീക്കം നടപടി അംഗീകരിക്കില്ല.

വന്യമൃഗങ്ങൾ കർഷകരുടെ കൃഷിയും, ജീവനും നിരന്തര

മായ് കവർന്നെടുക്കുന്ന സാഹചര്യത്തിലും, ഭരണ നേതൃത്വ ങ്ങളും, ഭരണകൂടങ്ങളും നിത്യോപയോഗ സാധനങ്ങൾക്കെല്ലാം ദിനംപ്രതി നികുതി വർദ്ധിപ്പിച്ച് കേരളത്തെ പ്രക്ഷോഭത്തിലേക്ക് ക്ഷണിച്ച് വരുത്തുകയാണ്.

കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുവാനുള്ള അനുവാദവും അവകാശവും നിയമ നിർമ്മാണത്തിലൂടെ ഉറപ്പാക്കണം. കർഷകരുടെയും സാധാരണ ജനങ്ങളുടെയും മനുഷ്യാവകാശങ്ങളും, മൗലീകാവകാശങ്ങളും നിഷേധിക്കുന്ന കിരാത വനനിയമങ്ങൾ മാറ്റണം എന്ന് ധർണ്ണയിലൂടെ ആവശ്യപ്പെട്ടു.

സെക്രട്ടറിയേറ്റ് ധർണ്ണക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, സണ്ണി ജോസഫ് എം. എൽ. എ അഡ്വ. സെബാസ്റ്റ്യൻ കുളത്തിങ്കൽ തുടങ്ങിയവർ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപതാ പ്രതിനിധി സമ്മേളനം, ഗ്ലോബൽ സമിതി സന്ദർശനം എന്നിവ ജൂലൈ മാസം 28 ന് സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് സജീവമായ മാനന്തവാടി രൂപതയിലെ വിവിധ ഇടവകകൾ, മേഖലകൾ, രൂപതാ ഗ്ലോബൽ സമിതി എന്നിവയിൽ നിന്ന് 130 ഓളം പ്രതിനിധികൾ പങ്കെടുത്തു. മീറ്റിങ്ങിൽ മാനന്തവാടി രൂപതാ അധ്യക്ഷൻ വെരി. റവ. ഫാ. പോൾ മുണ്ടോളിക്കൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. സാജു കൊല്ലപ്പള്ളി അധ്യക്ഷം വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. ബിജു പറയനിലം മുഖ്യ പ്രഭാഷണം നടത്തി. വിമൻ കൗൺസിൽ ഉദ്ഘാടനം ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവിൽ നിർവഹിച്ചു. യൂത്ത് കൗൺസിൽ ഫോറം ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ നിർവ്വഹിച്ചു. രൂപതയിൽ നിന്നുള്ള ഗ്ലോബൽസമിതി അംഗങ്ങൾ അഡ്വ. ഗ്ലാഡിസ്, മേഖല പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, പ്രവർത്തകർ എന്നിവർ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രതിനിധികളായ ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, ബെന്നി ആന്റണി എന്നിവർ വിഷയാവതരണം നടത്തി.

**AKCC കൽപ്പറ്റ ഫൊറോന പ്രവർത്തക കൺവെൻഷൻ നടന്നു**

**കൽപ്പറ്റ :** AKCC കൽപ്പറ്റ ഫൊറോന പ്രവർത്തക കൺവെൻഷൻ 24/7/2022 ഞായറാഴ്ച്ച കൽപ്പറ്റ ഡി പോൾ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോന ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർ

തോട്ടം  അദ്ധ്യക്ഷത വഹിച്ചു. കൽപ്പറ്റ ഫൊറോന വികാരി റവ. ഫാ. ജോഷി പെരിയപുറം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. മുൻ വൈത്തിരി പഞ്ചായത്ത് പ്രസിഡണ്ടും വൈത്തിരി ഇടവകാംഗവുമായ ശ്രീ. കുര്യൻ റ്റി. ജെ സ്വാഗതം ആശംസിച്ചു. ജോൺസൺ തൊഴുത്തുങ്കൽ AKCC രൂപതാ പ്രസിഡണ്ട്  ഡോ. സാജു കൊല്ലപ്പള്ളി എന്നിവർ ക്ലാസുകൾ നയിച്ചു. രൂപതാ സമിതി അംഗങ്ങളായ ശ്രീ. ജെയിംസ് മരകാവ് ശ്രീ. ജോയി മീനങ്ങാടി എന്നിവർ ആശംസകൾ നേർന്നു. പൊതുചർച്ചയിൽ AKCC യുടെ  ആവശ്യകത, യൂണിറ്റ് രൂപീകരണം എന്നിവയെപ്പറ്റി ചർച്ച നടത്തി. ഓഗസ്റ്റ് 15 ന് മുമ്പ് ഇടവക യൂണിറ്റ് കൺവെൻഷനുകൾ നടത്താനും യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു.

സെപ്റ്റംബർ 15ന് മുമ്പ് ഫൊറോന കമ്മറ്റി രൂപീകരിക്കാനും തീരുമാനിച്ചു. യൂണിറ്റ് രൂപീകരണം, ഫൊറോന കമ്മറ്റി രൂപീകരണം എന്നിവക്ക് നേതൃത്വം നൽകാൻ ഫൊറോന വികാരി രക്ഷാധികാരിയും ഫൊറോന ഡയറക്ടർ ചെയർമാനും കൽപ്പറ്റ ഇടവകയിലെ ശ്രീ. ഷിബു പാവേലിക്കുന്നേൽ കൺവീനറും ശ്രീ. കുര്യൻ TJ(വൈത്തിരി)  ശ്രീ. ജോൺസൺ (റിപ്പൺ) ശ്രീ. ജോസഫ് (തെനേരി) എന്നിവർ അംഗങ്ങളുമായി അഡ്ഹോക്ക് കമ്മറ്റി രൂപീകരിച്ചു. 12 ഇടവകകളിൽ നിന്നായി 34 പ്രതിനിധികൾ പങ്കെടുത്തു.

സമുദായ മുന്നേറ്റത്തിന്റെ ഭാഗമായി കല്ലുവയൽ ഇടവക യൂണിറ്റ് ശാക്തീകരണവുമായി കല്ലുവയൽ ഇടവകയിൽ ജൂലൈ മാസം 31 ന് യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളുടെ സംഗമം നടന്നു.  കല്ലുവയൽ സെന്റ് മേരീസ് ഇടവക വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ അധ്യക്ഷം വഹിച്ച യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധികളായി എല്ലാ യൂണിറ്റ് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, കൈക്കാരൻമാർ തുടങ്ങിയ 25 പ്രതിനിധികൾ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി യോഗം മൂന്ന് തവണയായി ഓൺലൈൻ കൂട്ടായ്മയായും, രണ്ട് തവണ പാസ്റ്ററൽ സെന്ററിലും ആയി ജൂൺ, ജൂലൈ മാസങ്ങളിൽ സമ്മേളിച്ചു. എല്ലാ മാസത്തെയും പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തു. വിവിധ മേഖലകളിൽ ഇടവക തിരിഞ്ഞു സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ശക്തിപ്പെടുത്താൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

## Mary Matha Arts & Science College

**July - August 2022**

- IV Semester Degree Examination commenced on $11^{th}$ August 2022.
- PG admission began on 1st August 2022.
- Independence Day : Celebrated nations 76th Independence Day on $15^{th}$ August 2022. As part of ‘Azadi Ka Amrit Mahotsav’, our college participated in the Kerala Government’s Freedom Wall Programme from 13th -$15^{th}$ August 2022.
- Department of Zoology: Celebrated $200^{th}$ birthday of Gregor Mendal (Father of Genetics) on $20^{th}$ July 2022.In association with IQAC and Incubation cell Department of Zoology organized a webinar on Ornamental Fish Farming as a Source of Income on $30^{th}$ July 2022. Judine John Chacko, Assistant Fisheries Extension Officer was the resource person.
- Department of English: $204^{th}$ Birthday of Emily Bronte was celebrated on 29thJuly 2022. The movie Wuthering Heights was screened and a quiz competition was conducted.
- Department of Physical Education : Organized Inter- Department Mud Football tournament on $19^{th}$ and 20thJuly 2022.
- Department of Commerce: Organized a seminar on Chalo India Startup Drive on $29^{th}$ July 2022.
- Department of Computer Science: In association with IQAC, Department of Computer Science organized a webinar on UGC – NET / JRF Orientation on $21^{st}$ July 2022. Dr. Benson CC, Assistant Professor and Head of Department of Computer Application, Mar Dionysius College was the resource person. Also organized an online five day national workshop on web designing and development – WEB – STEPS from $1^{st}$ to $5^{th}$ August 2022. Mr. Prince Kurian, Master trainer Edunet Foundation was the resource person.

- Women Cell: Women Cell in association with Women Protection Office Wayanad organized a seminar on Preventing Cyber Crime on 21st July 2022. Mr. Joice John, ASI Cyber Police Station, Kalpetta , was the resource person. Vaidyarathnam Oushadashala organized a seminar on Awareness on Health and Hygiene of Women on 27th July 2022. Dr. Sruthi E J, Ayurvedic Gynecologist, Vaidyarathnam Oushadashala Kambalakkadu was the resource person.
- Department of Mathematics: 'Pi Approximation day' was celebrated on 22nd July 2022. Pi Hunt Programme was conducted.
- Department of Chemistry: Organized an Inter Department Poster making and Quiz competition on 4th August 2022 as part of Hiroshima and Nakasaki day.
- Department of Social Science: Organized Inter Department Essay writing and Collage making competition on 11th August as part of Hiroshima Day. Organized Inter Department Independence day Quiz competition – ASPIRANTA on 12th August 2022.
- NSS : Organized a leadership orientation seminar - 'Servant Leadership' on 23rd July 2022. Mr. Sebastian P J, Teacher St. Mary's School Thariode was the resource person. In collaboration with Excise Department organized an anti – Drug awareness programme ,'Akalam Akattam' on 30th July 2022. Mr. Vijeshkumar P. and Mr. Jaimon E. S were the resource persons.
- NCC : Celebrated Kargil Vijay Divas on 26th July 2022.
- Dr. Maria Martin Joseph: Participated in the 'Innovation Ensuring Quality in Institution of Higher Education Located in Rural Areas' on 13th and 14th July 2022. Sponsored by NAAC and organized by Sree Chanakya Education Society's Indira Gandhi College of Engineering and Management.
- Dr. Sanu V F: Published a paper titled 'Vampyrophrya pelagica (Chatton and Lwoff 1930), an apostome ciliate infectious on calanoid copepod from the Northeastern Arabian Sea' in

the Journal of Basic and Applied Zoology (Springer Open Publication). Discovered a new species of Tortanus (Atortus) Ohtsuka,1992 (Copepoda, Calanoida, Tortanidae) from Great Nicobar Island, North-eastern Indian Ocean and Published paper in the international Taxonomy Journal Nauplis.

**Dr Maria Martin Joseph**

Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

നമ്മുടെ രാജ്യം സ്വതന്ത്രമായിട്ട് എഴുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. ഓരോ ഭാരതീയനും അഭിമാനപൂർവം തന്റെ രാജ്യത്തിന്റെ എഴുപത്തിയാറാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ മറക്കാതിരിക്കാം നമുക്കായി ജീവത്യാഗം ചെയ്ത് മൺമറഞ്ഞുപോയവരെ, അവർ നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ കൈത്തിരി അണയാതെ തലമുറകളിലേക്ക് പകർന്നേകുവാൻ വിദ്യാർത്ഥി സമൂഹത്തിന് കഴിയട്ടെ. സ്വാതന്ത്ര്യമെന്നാൽ എന്റെ ഇച്ഛക്കനുസരിച്ചു മാത്രം ജീവിക്കുക എന്നതിനേക്കാൾ അപരന്റെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ട് ജിവിക്കുക എന്നയർത്ഥത്തിൽ ഉൾക്കൊള്ളാൻ കഴിയണം. ഇത്തരമൊരു ചിന്ത എല്ലാ ഭാരതീയന്റെയും മനസ്സിൽ ഊട്ടിയുറപ്പിക്കാൻ ഈ സ്വാതന്ത്ര്യദിനം സാധ്യമാക്കട്ടെ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1. സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ബഷീർ ദിനം, ലോക ജനസംഖ്യാദിനം എന്നിവ വ്യത്യസ്തങ്ങളായ പരിപാടികളോടെ ആചരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും നടന്നു.

**2. ദേവമാതാ എ. എൽ. പി സ്കൂൾ ആലാറ്റിൽ**

ദീപിക - നമ്മുടെ മാതൃഭാഷ പദ്ധതിക്ക് തുടക്കമായി. നല്ല പാഠം, സീഡ് എന്നിവയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ വിതരണം ചെയ്തു, ചാന്ദ്രദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. വിദ്യാലയത്തിന് അഭിമാനമായി കബ്ബ് വിഭാഗം വിദ്യാർത്ഥി ഗോൾഡൻ ആരോ പുരസ്കാരം കരസ്ഥമാക്കി.

**3. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാർത്ഥികളിൽ വായനയുടെ വിത്തുവിതയ്ക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്തങ്ങളായ പരിപാടികളുമായി വായനദിനത്തിൽ തുടക്കം കുറിച്ച വായനമാസാചരണത്തിന്റെ സമാപനവും വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിദ്യാലയത്തിലെ വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനവും സമുചിതമായി ആചരിച്ചു. ചാന്ദ്രദിനത്തിൽ ചന്ദ്രമനുഷ്യനുമായി സംവാദം,

രാത്രിയിലെ ആകാശം ചിത്രരചന, പതിപ്പ് നിർമാണം, ക്വിസ് മത്സരം എന്നീ പ്രവർത്തനങ്ങൾ നടന്നു. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് നാഷണൽ അസോസിയേഷൻ നൽകുന്ന ദേശീയ അവാർഡായ ഗോൾഡൻ ആരോ പുരസ്കാരത്തിന് വിദ്യാലയ ത്തിലെ എട്ട് വിദ്യാർത്ഥികൾ അർഹരായി. മലയാള മനോരമ നല്ല പാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിലേക്കാവശ്യ മായ ഡിഷ് വാഷ് ലിക്വിഡ്, ടോയ്‌ലറ്റ് ക്ളീനർ എന്നിവ നിർമിച്ചു. ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങളുടെ ഭാഗമായി ഇനി യൊരുയുദ്ധം വേണ്ടേവേണ്ടെന്ന ആഹ്വാനവുമായി സഡാക്കോ കൊക്കുകളുമായി വിദ്യാർത്ഥികൾ അണിനിരന്നു. നമ്മുടെ രാജ്യ ത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ എഴുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി വിദ്യാലയത്തില മുഴുവൻ വിദ്യാർ ത്ഥികളുടെയും വീടുകളിൽ ദേശീയ പതാക ഉയർത്തി.

**യു. പി. വിഭാഗം**

**1. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് സ്കൂളിലേക്ക് ആവശ്യമായ പച്ചക്കറി ശേഖരണ പരിപാടി അക്ഷയ പാത്രം പദ്ധതി ആരംഭിച്ചു. വിപുലമായ പരിപാടികളോടെ ലഹരി വിരുദ്ധ വാരാചരണം സംഘടിപ്പിച്ചു. ചന്ദ്രമനുഷ്യനുമായി അഭി മുഖം, പതിപ്പ് നിർമാണം, ക്വിസ്സ് മത്സരം, കൊളാഷ് നിർമാണം തുടങ്ങിയ വ്യത്യസ്തമായ പരിപാടികളോടെ ചാന്ദ്രദിനം ആഘോഷിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമു ഖ്യത്തിൽ സാഹിത്യശില്പശാല സംഘടിപ്പിച്ചു. 2021-22 അധ്യ യന വർഷം SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ പൂർവ്വവിദ്യാർത്ഥികളെ ആദരിച്ചു. വിദ്യാലയ ത്തിൽ കബ് സുൾബുൾ യൂണിറ്റുകൾ ആരംഭിച്ചു.

**2. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

കുട്ടികളുടെ പത്രപാരായണത്തെ പ്രോത്സാഹിപ്പിക്കുന്ന തിനും ക്വിസ് മത്സരങ്ങളിൽ വിജയികളാകുന്നതിനുമുള്ള പരിശീ ലനം നൽകുന്നതിനുമായി ഒരു ദിനം ഒരു ചോദ്യം എന്ന പേരിൽ പത്രവാർത്തകളെ അടിസ്ഥാനമാക്കി Daily Quiz പരിപാടി സജീവമായി സംഘടിപ്പിക്കുന്നു. ചാന്ദ്രദിന പരിപാടികൾ കുട്ടി കളിൽ ശാസ്ത്രാവബോധം ജനിപ്പിക്കുന്നതായിരുന്നു. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ആസ്പിരേഷൻ പരിപാടികൾ പ്രത്യേക സമയം കണ്ടെത്തി നടപ്പിലാക്കി വരുന്നു. ലോക വയോജനചൂഷണ വിരുദ്ധ ദിനത്തിന്റെ ഭവനം സന്ദർശി ക്കുകയും പ്രായമായ സിസ്റ്റേഴ്സിനെ ആദരിക്കുകയും ചെയ്തു.

തികച്ചും ജനാധിപത്യപരമായ രീതിയിൽ സ്കൂൾ ലീഡർ തിര ഞ്ഞെടുപ്പ് നടത്തി.

**3. സെന്റ് മേരീസ് യു. പി സ്കൂൾ തരിയോട്**

2021- 22 ജില്ലാതല സ്വഛ വിദ്യാലയ പുരസ്ക്കാരമെന്ന നേട്ടം വിദ്യാലയത്തെ തേടിയെത്തി. രാജ്യത്ത് മൊത്തമായും സംസ്ഥാന ജില്ലാതലങ്ങളിലും നടത്തിയ നാലു മേഖലകളിലും ജില്ലാതല ത്തിൽ വിദ്യാലയമാണ് അവാർഡിന് അർഹമായത്. നല്ലപാഠം ക്ലബ്ബിന്റെയും ഹെൽത്ത് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കൗമാര ആരോഗ്യ വിദ്യാഭ്യാസത്തെ കുറിച്ച് സെമിനാർ നടത്തി. എന്റെ നാടും എന്റെ വിദ്യാലയവും പ്ലാസ്റ്റിക് വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിന് സമീപത്തുള്ള കടകളിൽ ക്ലബ്ബ് അംഗങ്ങൾ വീടുകളിൽ നിന്ന് നിർമിച്ചു കൊണ്ട് വന്ന തുണി സഞ്ചികൾ വിതരണം ചെയ്തു .

**4. സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

ജൂലൈ 21 ചാന്ദ്രദിനത്തോടനുബന്ധിച്ചു വിദ്യാലയത്തിൽ ക്വിസ് മത്സരം, ചിത്രരചന, ചന്ദ്രനുമായി ബന്ധപ്പെട്ട ഗാനങ്ങളുടെ ശേഖരണം, റോക്കറ്റ് നിർമാണം, ഇന്ത്യൻ ചാന്ദ്ര ഗവേഷണ ദൗത്യ വുമായി ബന്ധപ്പെട്ട പതിപ്പ് നിർമാണം എന്നീ മത്സരങ്ങൾ സംഘടി പ്പിക്കുകയും വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യു കയും ചെയ്തു. കൗമാരപ്രായത്തിലുള്ള കുട്ടികളുടെ ശരിയായ ശാരീരിക മാനസിക വളർച്ചയെ സഹായിക്കാനുതകുന്ന ഹെൽത്ത് ക്ലാസ് നടത്തപ്പെട്ടു. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ക്ലബ്ബ്കളുടെയും ഉദ്ഘാടനവും വായനമാസാചരണ സമാപനവും സമുചിതമായി കൊണ്ടാടി. കുട്ടികളുടെ പഠനമികവ് വിലയിരുത്തു ന്നതിനും സ്വാതന്ത്ര്യദിനാഘോഷം, ഓണപരീക്ഷ, ഓണാഘോഷം തുടങ്ങിയവയെക്കുറിച്ചുള്ള ആലോചനകൾക്കായി പി.ടി.എ എക്സിക്യൂട്ടീവ് യോഗം നടത്തി. വിവര സാങ്കേതിക രംഗത്തെ കൂടുതൽ അറിവുകൾ പകരുന്നതിനായി ഡിജിറ്റൽ മീഡിയയും വിവര സാക്ഷരതയും എന്ന വിഷയത്തിൽ സത്യമേവജയതേ എന്ന കമ്പ്യൂട്ടർ പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകപ്പെട്ടു. സ്കൂൾതല ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ മേള വിജയകരമായി പൂർത്തിയാക്കി. ഹിരോഷിമ നാഗസാക്കി ക്വിറ്റ് ഇന്ത്യ ദിനങ്ങളുമായി ബന്ധപ്പെട്ട് സന്ദേശം നൽകുകയും സഡാക്കോ പക്ഷികളെ നിർമിക്കുകയും ചെയ്തു.

**5. അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

മലയാളം ക്ലബിന്റെ നേതൃത്വത്തിൽ ബഷീർ അനുസ്മരണ ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ബഷീർ കൃതികൾ പരിചയപ്പെടുത്തി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി മാനിക്കുനി കോളനിയിലെ മുത്തശ്ശി മുത്തച്ഛന്മാരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും അവരോടൊപ്പം സമയം ചില വഴിക്കുകയും ചെയ്തു. വിസ്മയക്കാഴ്ചകളൊരുക്കി ചാന്ദ്രദിനം ആഘോഷിച്ചു. റോക്കറ്റുകളുടെയും ഉപഗ്രഹങ്ങളുടെയും മാതൃക നിർമാണം, പതിപ്പ് നിർമാണം, പോസ്റ്റർ രചന, വീഡിയോ പ്രദർശനം ചാന്ദ്രയാത്ര വിവരണം, ക്വിസ് എന്നിങ്ങനെ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിപാടികൾ നടത്തി. പി ടി എ ജനറൽ ബോഡി സമ്മേളിക്കുകയും 2022-23 വർഷത്തെ പി ടി എ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. കുട്ടികളിൽ ജനാധിപത്യ മൂല്യവും പൗരബോധവും വളർത്തിയെടുക്കുന്നതിനായി ഇലക്ഷന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയിക്കൊണ്ട് സ്കൂൾ പാർലമെന്റിനു രൂപം നൽകി. സ്കൂളിലെ നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ അപൂർവ രോഗത്തിന് ചികിത്സ തേടുന്ന അഹല്യ കൃഷ്ണ എന്ന ഒൻപതു വയസ്സുകാരിക്ക് കുട്ടികൾ 84332 രൂപ സമാഹരിച്ചു നൽകി. ചോക്ലേറ്റ് ഫണ്ട് ശേഖരണം എല്ലാ വെള്ളിയാഴ്ചയും നടത്തി വരുന്നു. ഗാന്ധിയൻ ചിന്തകളുടെ ഈ കാലഘട്ടത്തിലെ പ്രസക്തിയെക്കുറിച്ചു ഡയറ്റ് മുൻ പ്രിൻസിപ്പൽ ക്ലാസ്സെടുത്തു. അക്കാദമിക് മാസ്റ്റർ പ്ലാൻ അയനം എന്ന പേരിൽ പ്രസിദ്ധീകരിച്ചു. അറബിക് ടാലന്റ് ടെസ്റ്റിൽ ബത്തേരി ഉപജില്ലയിൽ വിദ്യാലയത്തിലെ നാലാം ക്ലാസ് വിദ്യാർത്ഥി ഒന്നാം സ്ഥാനം നേടി. അറബി പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ പാഠപുസ്തക പരിശീലനം നടത്തി. കാർഗിൽ യുദ്ധത്തിന്റെ വിജയകരമായ പരിസമാപ്തി ഓർമിപ്പിച്ചുകൊണ്ട് ദീപം തെളിച്ചു ജവാൻ സ്മൃതി നടത്തി. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത പൂക്കളമത്സരം നടത്തി.

**6. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

വിദ്യാർത്ഥികൾക്കായി ജൂലൈ 19, 20, 21 തീയതികളിൽ യുണിറ്റ് ടെസ്റ്റ് നടത്തി.ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് സ്നേഹ ഭവനം പദ്ധതിയിൽ പങ്കുചേർന്നുകൊണ്ട് 12900 രൂപ സമാഹരിച്ചു ജില്ലാ ടീമിന് കൈമാറി. ചാന്ദ്രദിനം, ഹിരോഷിമദിനം, നാഗസാക്കി ദിനം, ബഷീർ അനുസ്മരണ ദിനം, ലോകപ്രകൃതി സംരക്ഷണ ദിനം, കിറ്റ് ഇന്ത്യദിനം തുടങ്ങിയ ദിനാചരണങ്ങൾ

സമുചിതമായി ആചരിച്ചു. സ്കൂൾതല ശാസ്ത്രമേള ഗണിത പൂക്കള മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു. നന്മ ബാലയരങ്ങ് ജില്ലാതല ഓൺലൈൻ കലോത്സവത്തിൽ ഭരതനാട്യം, കവിതാപാരായണം എന്നിവയിൽ ഒന്നാം സ്ഥാനവും നാടോടി നൃത്തത്തിൽ രണ്ടാം സ്ഥാനവും വിദ്യാലയത്തെ തേടിയെത്തി. ഭാരതത്തിന്റെ എഴുപത്തിയഞ്ചാം വാർഷികദിനത്തോടനുബന്ധിച്ചു ക്വിസ്, ദേശഭക്തിഗാന മത്സരം, പ്രസംഗ മത്സരം, പതാക നിർമാണമത്സരം, ചുമർ പത്രിക നിർമാണ മത്സരം, പതിപ്പ് നിർമാണം തുടങ്ങിയവ സംഘടിപ്പിച്ചു.

**7. എ. യു. പി സ്കൂൾ ദ്വാരക**

വിദ്യാരംഗം സാഹിത്യവേദിയുടെ നേതൃത്വത്തിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം നടത്തി. വിദ്യാലയത്തിലെ സ്പോർട്ട്സ് കൗൺസിലും നല്ലപാഠം യൂണിറ്റും സംയുക്തമായി തായ്ക്യാൻഡോ പരിശീലനം ആരംഭിച്ചു. ജനാധിപത്യ തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും പാലിച്ചുകൊണ്ട് 2022-23 അധ്യയന വർഷത്തെ സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് നടത്തി. ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ചാന്ദ്രദിനം വിപുലമായി ആഘോഷിച്ചു. വിഡിയോ പ്രദർശനം, മുൺവാക്ക്, കൊളാഷ് നിർമാണം, പോസ്റ്റർ രചന, ക്ലാസ്സ്തലത്തിൽ പ്ലാനറ്റോറിയം നിർമാണം എന്നീ മത്സരങ്ങൾ നടത്തി. ചന്ദ്രനും ചന്ദ്രികയും എന്നീ പ്രോഗ്രാമിലൂടെ ഓരോ ദിവസവും ഓരോ സിനിമാഗാനങ്ങൾ കുട്ടികൾക്കായി സംപ്രേഷണം ചെയ്തു. ഇന്ത്യയുടെ പതിനഞ്ചാം രാഷ്ട്രപതിയായി ദ്രൗപതി മുർമു സത്യപ്രതിജ്ഞ ചെയ്യുന്ന ചടങ്ങ് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും തത്സമയം വീക്ഷിച്ചു. ഏ.പി.ജെ അബ്ദുൽ കലാമിന്റെ ഏഴാം ചരമവാർഷികത്തിൽ എഴ് തിരികൾ തെളിച്ച് പ്രണാമമർപ്പിച്ചു. അദ്ദേഹത്തിന്റെ ആപ്തവാക്യങ്ങൾ, ആത്മകഥയായ അഗ്നിച്ചിറകുകൾ എന്നിവ പ്രദർശിപ്പിച്ചു. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് ദേശീയതലത്തിൽ നടത്തിവരുന്ന ഗോൾഡൻ ആരോ അവാർഡിന് ആറ് വിദ്യാർത്ഥികൾ അർഹമായി. സംസ്കൃതനം വിപുലമായി ആചരിച്ചു. സംസ്കൃത സുഭാഷിതങ്ങൾ, സംസ്കൃത മാസിക വാക്യങ്ങൾ എന്നിവയുടെ പ്രദർശനം നടന്നു. കുട്ടികളുടെ യാത്ര സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ട്രാഫിക് ക്ലബ് രൂപീകരിച്ചു. ട്രാഫിക് ബോധവത്കരണത്തിന്റെ ഭാഗമായി റോഡ് നിയമങ്ങൾ എന്ന വീഡിയോ പ്രദർശിപ്പിച്ചു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം വിപുലമായി ആചരിച്ചു. 15 വയസ്സ് പൂർത്തിയാക്കിയ പ്രാദേശിക പൂർവ വിദ്യാർത്ഥിയെ ആദരിച്ചു.

വിവിധ മത്സര വിജയികൾ ചതുർത്ഥ ചരൺ ഹീരക് പംഖ്, ഗോൾഡൻ ആരോ എന്നീ പുരസ്കാരങ്ങൾ നേടിയവരെ ചടങ്ങിൽ അനുമോദിച്ചു. വിദ്യാർത്ഥികൾ 76 എന്ന സംഖ്യാരൂപത്തിൽ അണിനിരന്നു. 1857 ലെ സ്വാതന്ത്ര്യ സമരം മുതൽ 1942 ലെ ക്വിറ്റ് ഇന്ത്യ വരെയുള്ള സ്വാതന്ത്ര്യ സമരത്തിലെ നാഴിക കല്ലുകളായ ചരിത്ര സംഭവങ്ങളുടെ ചിത്രപ്രദർശനം ശ്രദ്ധേയമായിരുന്നു.

**8. സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

2022-23 അധ്യയനവർഷത്തെ പി ടി എ ജനറൽ ബോഡി യോഗം സംഘടിപ്പിക്കുകയും പുതിയ ഭാരവാഹികളെ കണ്ടെത്തുകയും ചെയ്തു. ബഷീർ ദിനത്തിൽ ക്വിസ് ബഷീർ കഥാപാത്ര അവതരണം, സാഹിത്യ സൃഷ്ടികളുടെ അവലോകനം എന്നിവ നടത്തി. ചാന്ദ്രദിനത്തിൽ റോക്കറ്റ് മാതൃക നിർമാണ മത്സരം, ക്വിസ് ബഹിരാകാശ യാത്രികരെക്കുറിച്ചു കുറിപ്പെഴുതൽ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.

**9. അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാലയത്തിൽ പൂർവവിദ്യാർഥി പ്രതിഭകൾക്കുള്ള ആദരം സംഘടിപ്പിച്ചു. ജമ്മുകാശ്മീരിൽ വെച്ച് നടന്ന ഇന്റർസ്റ്റേറ്റ് റോവിങ് ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ കരസ്ഥമാക്കിയവരെ അനുമോദിച്ചു. SSLC പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു. മലാല യൂസഫ് സായിയുടെ ജന്മദിനത്തിൽ വിദ്യാലയത്തിലെ പെൺകുട്ടികൾക്ക് വർണക്കൂട്ട് എന്ന പേരിൽ ഒരു കബ്ബ് രൂപീകരിച്ച വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം നടത്തപ്പെട്ടു. ചാന്ദ്രദിനാഘോഷം വ്യത്യസ്തങ്ങളായ പരിപാടികളോടെ ആഘോഷിച്ചു. ഹിരോഷിമ നാഗസാക്കി ദിനങ്ങളുടെ ഭാഗമായി വീഡിയോ പ്രദർശനം, സഡാക്കോ കൊക്ക് നിർമാണം, യുദ്ധവിരുദ്ധ പോസ്റ്റർ നിർമാണം, യുദ്ധത്തിനെതിരെ കൈയൊപ്പ് എന്നീ പരിപാടികൾ സംഘടിപ്പിച്ചു. സംസ്കൃതദിനാഘോഷത്തിന് വിവിധ പരിപാടികൾ നടത്തി. ബാഡ്ജ് നിർമാണം പ്രഭാഷണം, കഥാകഥനം, സുഭാഷിത വ്യാഖ്യാനം, വഞ്ചിപ്പാട്ട് പോസ്റ്റർ രചന എന്നിവ സംഘടിപ്പിച്ചു.

**10. സെന്റ് ജോസഫ് യു. പി സ്കൂൾ കല്ലോടി**

വായനവാരത്തിൽ ക്വിസ് മത്സരം, പുസ്തക ആസ്വാദനം, പുസ്തകപ്രദർശനം. പോസ്റ്റർ രചന, പ്രസംഗം എന്നീ മത്സരങ്ങളും ക്ലാസ് ലൈബ്രറിയുടെ ഉദ്ഘാടനവും നടത്തി. ലഹരിവിരുദ്ധ വാരാചരണത്തിൽ ലഹരിക്കെതിരെ റാലി ഫ്ളാഷ് മോബ് എന്നിവ സംഘടിപ്പിച്ചു. ബഷീർ ദിനം, ജനസംഖ്യാദിനം, മലാല

ദിനം, ചാന്ദ്രദിനം എന്നിവ സമുചിതമായി ആചരിച്ചു. ഇലക്ട്രോണിക് വോട്ടിങ് സംവിധാനത്തിലൂടെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. സംസ്കൃത ദിനത്തിൽ സംസ്കൃത കലാപരിപാടികൾ നടത്തി. പോസ്റ്റർ നിർമാണം, ചൊല്ലുകൾ എന്നിവ തയ്യാറാക്കി. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പായസം വിതരണം ചെയ്തു. വിദ്യാലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷവും വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനവും നടന്നു.

**ഹൈസ്കൂൾ വിഭാഗം**

**സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ജൂലൈ മാസത്തിൽ വിദ്യാലയത്തിന് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. തൈക്കോണ്ട, നൃത്തപരിശീലനം എന്നിവ ആരംഭിച്ചു. ചാന്ദ്രദിനത്തിൽ റോക്കറ്റ് നിർമാണം, റോക്കറ്റ് വിക്ഷേപണം, ചാന്ദ്രദിന സന്ദേശം, പതിപ്പ് നിർമാണം എന്നിവ നടത്തി. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തിപരിചയ ഐ. ടി മേള സംഘടിപ്പിച്ചു. പനമരം ബ്ലോക്ക് നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി പുൽപ്പള്ളി ബിസിനസ് ക്ലബ്ബ്, മലനാട് ചാനൽ എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായി. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ക്വിസ് മത്സരം. പ്രസംഗം പോസ്റ്റർ രചന കൊളാഷ്, സ്വാന്ത്ര്യദിനറാലി എന്നിവ നടത്തി.

അറിവ് പകർന്നേകുന്നതിനൊപ്പം സഹജീവികളോട് കരുണയും ആർദ്രതയുമുണർത്തുന്ന നല്ല വ്യക്തിത്വങ്ങളാകാനുള്ള പാഠങ്ങളും പകർന്നേകിക്കൊണ്ട് സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനും മാതൃകയാകാനുമുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്കായി നൽകുന്ന അധ്യാപക അനധ്യാപകരെയും നന്മപ്രവർത്തികൾക്ക് പുറം തിരിഞ്ഞു നിൽക്കാതെ അവയെ ഏറ്റെടുത്തു പ്രവർത്തിക്കുന്ന വിദ്യാർത്ഥികളെയും അഭിമാനത്തോടെ ഓർക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

**ഫാ. സിജോ ഇളംകുന്നപ്പുഴ**

കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***September 2022***

*1 Thursday.........................Kannur North Kerala Bishops'Meeting*

*3 Saturday..........................Visitors' Day*

*4 Sunday - 9 Friday...........Engaged*

*10 Saturday........................Pastoral Council*

*11 Sunday - 16 Friday........Priests'  Retreat*

*17 Saturday........................Engaged*

*18 Sunday - 23 Friday........Priests' Retreat*

*21 Wednesday.....................Valavayal Blessing of CMC Convent*

*24 Saturday........................Kelakam: Baptism*

*26 Monday..........................Ambayathode:*

*Blessing of renovated school building*

*27 Tuesday..........................Kunnoth:Good Shepherd Seminary*

*28 Wednesday.....................Kallody:*

*Blessing of new HS School building*

**October 2022**

*1 Saturday...........................Dwaraka: Jesus Youth Convention*

*3 Monday...........................Visitors' Day*

*5 Wednesday......................Visitors' Day*

*10 Monday - 31 Monday....Bangkok  FABC General Body Meeting*